بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡم   نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ   وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡد

وَلَقَدۡ نَصَرَ کُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

വാല്യം 3

# ബദർ

വീക്കിലി ഖാദിയാൻ

The weekly BADAR Qadian Malayalam

ലക്കം 20

വാർഷിക വരിസംഖ്യ 500 രൂപ

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2018 മെയ് 17/ഹി:ശം:1397 ഹിജ്റത്ത് 17/ഹി:ഖ:1439 റമളാൻ 01


## അല്ലാഹുവിന്റെ വചനം

شَهۡرُ رَمَضَانَ الَّذِیۡۤ اُنۡزِلَ فِیۡهِ الۡقُرۡاٰنُ هُدًی لِّلنَّاسِ وَبَیِّنٰتٍ مِّنَ الۡهُدٰی وَالۡفُرۡقَانِ ۚ فَمَنۡ شَهِدَ مِنۡكُمُ الشَّهۡرَ فَلۡیَصُمۡهُ ؕ (سورۃ البقرہ:186)

സമസ്ത മനുഷ്യർക്കും സന്മാർഗ ദായകവും മാർഗദർശനത്തിന്റേയും സത്യാസത്യവിവേചനത്തിന്റേയും സ്പഷ്ടമായ തെളിവുകൾ ഉൾക്കൊള്ളുന്നതുമായ ഖുർആൻ അവതരിപ്പിക്കപ്പെട്ട മാസമാണ് റമളാൻ. അതുകൊണ്ട് നിങ്ങളിലാരെങ്കിലും ഈ മാസത്തിന് സാക്ഷ്യം വഹിച്ചാൽ അയാൾ അതിൽ വ്രതമനുഷ്ഠിക്കട്ടെ. (2:186)

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ് സയ്യിദുനാ അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹ് അല്ലാഹുവിന്റെ അനുഗ്രഹത്താൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സ്നേഹിതന്മാർ അമീറുൽ മുഅ്മിനീന്റെ പൂർണാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ദീർഘായുസ്സിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേകകാവലും ഉണ്ടാകുന്നതിനും ദുആ ചെയ്യുക. അല്ലാഹു എപ്പോഴും അമീറുൽ മുഅ്മിനീന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ

**ജീവിതത്തിന്റെ ഈ ദിവസം എന്തായാലും കഴിഞ്ഞുപോകും. കന്നുകാലികളുടെ ജീവിതം പോലെയാണ് ഭൂരിഭാഗവും കഴിച്ചുകൂട്ടുന്നത്. എന്നാൽ, അല്ലാഹുവിനോടുള്ള സ്നേഹത്തിലും കൂറിലും കഴിഞ്ഞുപോകുന്ന ദിനമാണ് അനുഗൃഹീതം.**

**അബ്ദുല്ലത്വീഫിന്റെ മാതൃക എപ്പോഴും മുന്നിൽവെക്കുക, എങ്ങനെയാണ് അദ്ദേഹത്തിൽനിന്ന് സത്യവാന്മാരുടേയും കൂറുപുലർത്തുന്നവരുടേയും ലക്ഷണങ്ങൾ വെളിപെട്ടത്. ഈ മാതൃക നിങ്ങൾക്കുവേണ്ടി അല്ലാഹുവാണ് സമർപ്പിച്ചിട്ടുള്ളത്.**

**ഭൂമിയും ആകാശവും ബാഹ്യമായ കർമങ്ങൾകൊണ്ട് നിറച്ചാലും പക്ഷേ, കർമങ്ങളോട് കൂറുപുലർത്തുന്നില്ലെങ്കിൽ അതിന് ഒരു വിലയുമില്ല. മനുഷ്യൻ സത്യസന്ധനും കൂറുപുലർത്തുന്നവനുമാകാത്തിടത്തോളം അവന്റെ നമസ്കാരവും അവനെ നരകത്തിലേക്ക് കൊണ്ടുപോകുന്നതായിരിക്കുമെന്ന് അല്ലാഹുവിന്റെ ഗ്രന്ഥത്തിൽനിന്ന് സ്ഥാപിതമാണ്.**

**അപരിചിതരായ ആളുകൾ നിങ്ങളെ കാണുമ്പോൾ അവർ നിങ്ങളെ മനസ്സിലാക്കുന്നുണ്ട്. നിങ്ങളുടെ സൽസ്വഭാവങ്ങൾ, ശീലങ്ങൾ, സ്ഥൈര്യം, ദൈവിക കല്പനകളുടെ പാലനം തുടങ്ങിയവ എങ്ങനെയാണെന്ന് നോക്കുന്നു.**

# സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങൾ

കല്ലെറിഞ്ഞ് ശഹീദാക്കുന്ന ദിവസം അബ്ദുല്ലത്ത്വീഫിന് എത്രമാത്രം പ്രയാസകരമായിരുന്നു. അദ്ദേഹത്തെ ഒരു മൈതാനത്ത് കല്ലെറിഞ്ഞു ശഹീദാക്കുന്നതിന് കൊണ്ടുവന്നു. ഒരു വൻജനക്കൂട്ടം ആ 'തമാശ' കാണുന്നുണ്ടായിരുന്നു. എന്നാൽ, ആ ദിവസത്തിന്റെ സ്ഥാനം എത്രകണ്ട് നിലയും വിലയും ഉൾക്കൊള്ളുന്നതായിരുന്നു. അദ്ദേഹത്തിന്റെ അവശേഷിച്ച മുഴുവൻ ജീവിതവും ഒരു ഭാഗത്തും ആ ദിവസം മറുഭാഗത്തും വെക്കുകയാണെങ്കിൽ ആ ദിവസമായിരിക്കും നിലയിലും വിലയിലും ഭാരമുള്ളത്. ജീവിതത്തിന്റെ ഈ ദിവസം എന്തായാലും കഴിഞ്ഞുപോകും. കന്നുകാലികളുടെ ജീവിതം പോലെയാണ് ഭൂരിഭാഗവും കഴിച്ചുകൂട്ടുന്നത്. എന്നാൽ, അല്ലാഹുവിനോടുള്ള സ്നേഹത്തിലും കൂറിലും കഴിഞ്ഞുപോകുന്ന ദിനമാണ് അനുഗൃഹീതം. ഒരു വ്യക്തിയുടെ കൈയിൽ മൃദുലവും നല്ലതുമായ ഭക്ഷണങ്ങളും സൗന്ദര്യവതികളായ ഭാര്യമാരും നല്ലനല്ല യാത്രാവാഹനങ്ങളും ഉണ്ടെന്ന് സങ്കല്പിക്കുക. ധാരാളം ജോലിക്കാരും എപ്പോഴും സേവനത്തിനായി സന്നദ്ധരാണ്. എന്നാൽ, ആ എല്ലാ കാര്യങ്ങളുടേയും അന്ത്യം എന്താണ്? ഈ ആനന്ദങ്ങളും സൗഖ്യങ്ങളും എന്നെന്നേക്കുമുള്ളതാണോ? ഒരിക്കലുമല്ല. അവസാനം അവയുടെ അന്ത്യം നാശമാണ്. പൗരുഷത്തോടെയുള്ള ജീവിതം, ആ ജീവിതത്തിൽ മലക്കുകളും അത്ഭുതം കൂറുന്നതായിരിക്കും. അയാൾ എങ്ങനെയുള്ള സ്ഥാനത്താണ് നില്ക്കുന്നതെന്നാൽ, അയാളുടെ സ്ഥൈരത, ആത്മാർഥതയും കൂറും അത്ഭുതപ്പെടുത്തുന്നതായിരിക്കും. അല്ലാഹു പൗരുഷമില്ലാത്തവനെ ഇഷ്ടപ്പെടുന്നില്ല. ഭൂമിയും ആകാശവും ബാഹ്യമായ കർമങ്ങൾകൊണ്ട് നിറച്ചാലും പക്ഷേ, കർമങ്ങളോട് കൂറുപുലർത്തുന്നില്ലെങ്കിൽ അതിന് ഒരു വിലയുമില്ല. മനുഷ്യൻ സത്യസന്ധനും കൂറുപുലർത്തുന്നവനുമാകാത്തിടത്തോളം അവന്റെ നമസ്കാരവും അവനെ നരകത്തിലേക്ക് കൊണ്ടുപോകുന്നതായിരിക്കുമെന്ന് അല്ലാഹുവിന്റെ ഗ്രന്ഥത്തിൽനിന്ന് സ്ഥാപിതമാണ്. പൂർണമായും കൂറുപുലർത്തുന്നവനും ആത്മാർഥനുമാകാതെ, പ്രദർശനപരതയുടെ വേര് ഉള്ളിൽനിന്ന് പുറത്തുപോകുകയില്ല. എന്നാൽ, തികഞ്ഞ കൂറുള്ളവനാകുമ്പോൾ, ആ നേരത്ത് ആത്മാർഥതയും സത്യസന്ധതയും വരുന്നു. കപടതയുടേയും ഭീരുത്വത്തിന്റേയും ആദ്യമുണ്ടായിരുന്ന വിഷലിപ്തമായ ബീജം അകന്നുപോകുന്നു.

ഇപ്പോൾ സമയം ഇടുങ്ങിയതാണ്. ഒരു യുവാവും തനിക്ക് 18, 19 വയസ്സേയുള്ളൂ ഇനിയും ഒരുപാടു സമയം ബാക്കിയുണ്ടെന്ന് വിശ്വസിച്ചിരിക്കരുതെന്ന് ഞാൻ ആവർത്തിച്ചാവർത്തിച്ച് ഉപദേശിക്കുകയാണ്. ആരോഗ്യവാൻ തന്റെ ആരോഗ്യത്തിലും അരോഗത്തിലും അഭിമാനംകൊള്ളരുത്. ഇപ്രകാരം തന്നെ നല്ല അവസ്ഥയിലുള്ള ഒരാളും തന്റെ സൗന്ദര്യത്തിലും വിശ്വസിക്കരുത്. കാലം മാറ്റത്തിലാണുള്ളത്. ഇത് അവസാനകാലമാണ്. അല്ലാഹു സത്യവാനേയും അസത്യവാനേയും പരീക്ഷിക്കാനാഗ്രഹിക്കുന്നു. ഇപ്പോൾ സത്യസന്ധതയും കൂറും കാണിക്കേണ്ട സമയമാണ്; അവസാനമായി ഒരു അവസരം നല്കപ്പെട്ടിരിക്കുകയാണ്. ഈ സമയം പിന്നീട് കൈയിൽ കിട്ടുകയില്ല. എല്ലാ നബിമാരുടേയും പ്രവചനങ്ങൾ ഇവിടെവന്ന് അവസാനിക്കുന്ന നേരമാണിത്. അതുകൊണ്ട് സത്യസന്ധത കാണിക്കുന്നതിനും സേവിക്കുന്നതിനുമുള്ള അവസാന അവസരമാണ് മനുഷ്യകുലത്തിന് നല്കപ്പെട്ടിരിക്കുന്നത്. ഇതിനുശേഷം ഒരു അവസരവുമുണ്ടാകുകയില്ല. ഈ അവസരം നഷ്ടപ്പെടുത്തിക്കളയുന്നവൻ വലിയ ഭാഗ്യഹീനനാണ്.

കേവലം നാവുകൊണ്ട് ബയ്അത്ത് പ്രതിജ്ഞ ഏറ്റുചൊല്ലുന്നതിൽ കാര്യമൊന്നുമില്ല. പ്രത്യുത നിങ്ങൾ പരിശ്രമിക്കുക. അല്ലാഹുവിനോടു ദുആ ഇരക്കുക; അവൻ നിങ്ങളെ സത്യവാന്മാരാക്കുന്നതിന്. അതിൽ മടിയോടും അലസതയോടുംകൂടി പ്രവർത്തിക്കരുത്. മറിച്ച് സന്നദ്ധരായിരിക്കുക. ഞാൻ സമർപ്പിച്ച അധ്യാപനമനുസരിച്ച് കർമം ചെയ്യാൻ ശ്രമിക്കുക. ഞാൻ അവതരിപ്പിച്ച വഴിയിലൂടെ നടക്കുക. അബ്ദുല്ലത്വീഫിന്റെ മാതൃക എപ്പോഴും മുന്നിൽവെക്കുക, എങ്ങനെയാണ് അദ്ദേഹത്തിൽനിന്ന് സത്യവാന്മാരുടേയും കൂറുപുലർത്തുന്നവരുടേയും ലക്ഷണങ്ങൾ വെളിപെട്ടത്. ഈ മാതൃക നിങ്ങൾക്കുവേണ്ടി അല്ലാഹുവാണ് സമർപ്പിച്ചിട്ടുള്ളത്. എപ്പോഴും ഇവിടെ വന്നുകണ്ടുകൊണ്ടിരിക്കുക. ഈ ലോകം കുറച്ചു ദിവസത്തേക്കുള്ളതാണ്. ഒരു നാൾ വരേണ്ടതുണ്ട്; അന്ന് നാമും ഉണ്ടാകുകയില്ല. നിങ്ങളും മറ്റുള്ളവരും ഉണ്ടാകുകയില്ല. ഈ എല്ലാ വനങ്ങളും ശൂന്യമായിപ്പോകും. നബി (സ) തിരുമേനിയുടെ നിര്യാണത്തിനുശേഷം മദീനയുടെ അവസ്ഥ എന്തായിപ്പോയിരുന്നു. എല്ലാ ഓരോ അവസ്ഥയിലും മാറ്റമുണ്ടായി. അതിനാൽ ആ മാറ്റത്തെ മുന്നിൽവെക്കുക. അന്ത്യസമയം എപ്പോഴും ഓർക്കുക. വരുംതലമുറകൾ നിങ്ങളുടെ മുഖം നോക്കുന്നതായിരിക്കും. ആ മാതൃക നോക്കുന്നതായിരിക്കും. പൂർണമായനിലയിൽ ഈ അധ്യാപനമനുസരിച്ച് നിങ്ങളെ ആക്കുന്നില്ലെങ്കിൽ നിങ്ങൾ വരുംതലമുറയെ നശിപ്പിക്കുന്നതായിരിക്കും.

മനുഷ്യന്റെ പ്രകൃതിയിൽ മാതൃകാപൂജയുണ്ട്. അവൻ മാതൃകയിൽനിന്ന് വളരെ പെട്ടെന്ന് പാഠം പഠിക്കുന്നു. ഒരു മദ്യപാനി മദ്യപിക്കരുതെന്നും ഒരു വ്യഭിചാരി വ്യഭിചരിക്കരുതെന്നും ഒരു മോഷ്ടാവ് മോഷ്ടിക്കരുതെന്നും മറ്റുള്ളവരെ ഉപദേശിച്ചാൽ എന്ത് പ്രയോജനമുണ്ടാകാനാണ്? പ്രത്യുത, സ്വയം ചെയ്യുകയും മറ്റുള്ളവരെ വിലക്കുകയും ചെയ്യുന്ന അയാൾ വലിയ ദുഷ്ടനാണെന്നായിരിക്കും അവർ പറയുക. ആരാണോ സ്വയം ഒരു തിന്മയിൽ അകപെട്ട് അത് ചെയ്യരുതെന്ന് മറ്റുള്ളവർ ഉപദേശിക്കുന്നത്, അവൻ മറ്റുള്ളവരെ വഴികേടിലാക്കുകയാണ് ചെയ്യുന്നത്. മറ്റുള്ളവരെ ഉപദേശിക്കുകയും സ്വയം ചെയ്യാതിരിക്കുകയും ചെയ്യുന്നവൻ വിശ്വാസവഞ്ചകനാണ്; അവൻ സ്വന്തം സംഭവങ്ങളെ ഉപേക്ഷിക്കുന്നു. അത്തരം ഉപദേശകരെകൊണ്ട് ലോകത്തിന് വൻ നഷ്ടമാണുണ്ടായിട്ടുള്ളത്. ഒരു മൗലവിയെകുറിച്ച് പറയുന്നു. അയാൾ ഒരു മസ്ജിദിന്റെ പേരുപറഞ്ഞ് ഒരുലക്ഷം രൂപ സമാഹരിച്ചു. അയാൾ ഒരിടത്ത് ഉപദേശപ്രസംഗം നടത്തുകയായിരുന്നു; അയാളുടെ പ്രസംഗത്തിൽ ആകർഷിതയായി ഒരു സ്ത്രീ തന്റെ ഒരു പാദസരം അഴിച്ച് ചന്ദ കൊടുത്തു. അപ്പോൾ ആ മൗലവി ചോദിച്ചു. അല്ലയോ സ്ത്രീയേ! നിന്റെ രണ്ടാമത്തെ കാല് നരകത്തിൽ പോകുന്നത് നീ ഇഷ്ടപ്പെടുമോ? അവർ രണ്ടാമത്തെ പാദസരവും ഊരിക്കൊടുത്തു. മൗലവിയുടെ ഭാര്യയും ആ സദസിലുണ്ടായിരുന്നു. അവരെ അത് വല്ലാതെ സ്വാധീനിച്ചു. മൗലവി വീട്ടിൽ വന്നപ്പോൾ തന്റെ ഭാര്യ കരയുന്നതാണ് കണ്ടത്. അവർ തന്റെ എല്ലാ ആഭരണങ്ങളും മസ്ജിദിനുവേണ്ടി ചെലവഴിക്കുക എന്നു പറഞ്ഞ് കൊടുത്തു. മൗലവി സാഹിബ് ചോദിച്ചു. നീ എന്തിനാണ് കരയുന്നത്. ഇത് വെറും ചന്ദ പിരിക്കുന്നതിനുള്ള പദ്ധതിയാണ്. മറ്റൊന്നുമല്ല. ചുരുക്കത്തിൽ അത്തരം മാതൃകകൾ കൊണ്ട് ലോകത്തിന് വലിയ നഷ്ടമാണുണ്ടായിട്ടുള്ളത്. നമ്മുടെ ജമാഅത്ത് അതിൽനിന്നെല്ലാം വിട്ടുനില്ക്കേണ്ടതാണ്. നിങ്ങൾ അങ്ങനെയാകരുത്. എല്ലാത്തരം വികാരാവേശങ്ങളിൽനിന്നും രക്ഷപ്പെടേണ്ടതാണ്. അപരിചിതരായ ആളുകൾ നിങ്ങളെ കാണുമ്പോൾ അവർ നിങ്ങളെ മനസ്സിലാക്കുന്നുണ്ട്. നിങ്ങളുടെ സൽസ്വഭാവങ്ങൾ, ശീലങ്ങൾ, സ്ഥൈര്യം, ദൈവിക കല്പനകളുടെ പാലനം തുടങ്ങിയവ എങ്ങനെയാണെന്ന് നോക്കുന്നു. അത് നല്ലതല്ലെങ്കിൽ നിങ്ങൾ മുഖേന അവർ വഞ്ചിക്കപ്പെടും. അതിനാൽ ഇക്കാര്യങ്ങൾ ഓർമ്മവെക്കുക. (മൽഫൂദാത്ത്, വാല്യം 3 പേജ് 518–519. 2003 എഡിഷൻ)


പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്രാൻ ബദർ ബോർഡ്,ഖാദിയാൻ

# 2017 യൂ കെ ജൽസ സാലാനയുടെ അവസരത്തിൽ സയ്യിദുനാ ഹദ്റത്ത് അമീറുൽമുഅ്മിനീൻ അയ്യദഹുല്ലായുടെ തിരക്കുകൾ

**അഹ്മദിയ്യാ ജമാഅത്ത് മനുഷ്യകുലത്തിന് ഒരു മാതൃകയാണ്.**

**ഹുദൂറിന്റെ മഹത്ത്വം കണക്കുകൂട്ടാൻ പറ്റുകയില്ല.**
**ഹുദൂറുമായി കാണുമ്പോൾ ഒരു ആത്മീയശക്തി പ്രദാനം ചെയ്യപ്പെടുന്നു.**

● അഹ്മദിയ്യത്ത് തന്നെയാണ് ഇസ്‌ലാമിന്റെ യഥാർഥചിത്രം. സർവ്വ ലോകവും അദ്ദേഹത്തെ സ്വീകരിക്കുമെന്നും ഒടുവിൽ അദ്ദേഹം വിജയിക്കുമെന്നും എനിക്കുറപ്പുണ്ട്. ഇവിടെ എനിക്ക് ഇസ്‌ലാമിന്റെ യഥാർഥചിത്രം കാണാൻ കഴിഞ്ഞു. ഇസ്‌ലാമിന്റെ യഥാർഥ മുഖം കാണേണ്ടത് ഓരോ മുസ്‌ലിമിന്റേയും നിർബന്ധ കടമയാണ്. ജനങ്ങളെ അഭിമുഖീകരിക്കുന്ന അഹ്മദിയ്യാ ജമാഅത്തിന്റെ ഇമാമിനെ കാണുമ്പോൾ മനസ്സിൽ ഓടിയെത്തുന്ന ഏകകാര്യം ഒന്നുമാത്രമാണ്;ഈവ്യക്തിത്വം എല്ലാവരോടും സ്നേഹം, ആരോടുമില്ല വെറുപ്പ് എന്ന ആപ്തവാക്യത്തിന്റെ യഥാർഥവും കർമപരവുമായ രൂപമാണ്. **(അൽ ഹസൻ ബീ കുമാരാ സാഹിബ്, കസ്റ്റംസ് ആഫീസർ സിയറാ ലിയോൺ)**

● അഹ്മദിയ്യാ ജമാഅത്ത് എല്ലാതരം വർഗ്ഗപരമായ വിദ്വേഷത്തിൽനിന്ന് പരിശുദ്ധമാണ്. ഞാനാദ്യമായി ഖലീഫത്തുൽ മസീഹിനെ ദർശിച്ച നിമിഷം എനിക്ക് ബോധ്യമായി ഈ വ്യക്തി യഥാർഥ സമാധാനത്തിന്റെ പ്രതീകമാണെന്നും സമാധനത്തിന്റെ സംസ്ഥാപനത്തിൽ നിരതനാണെന്നും.വീണ്ടും വീണ്ടും ഈ ജൽസയിൽ പങ്കെടുക്കാൻ ഞാൻ ആഗ്രഹിക്കുന്നു.**(സാഫാ മൂൻഗാ മൂ സാഹിബ് പാരാ മൗണ്ട് ചീഫ്, സിയറാ ലിയോൺ)**

● വളരെ മുമ്പേ എനിക്ക് ജൽസ സാലാനയിൽ പങ്കെടുക്കേണ്ടതായിരുന്നു.ജൽസയുടെ അന്തരീക്ഷത്തിൽ കൃത്യമായ ചിട്ടകളും സൽസ്വഭാവങ്ങളും എല്ലാറ്റിനുമുപരിയായി ദൃശ്യമാകുന്നു.എല്ലാ ഓരോ വ്യക്തിയും ഒരുവിധ വർഗ്ഗീയ വ്യത്യാസങ്ങളും പുലർത്താതെ പരസ്പരം സലാം പറയുന്നു.ഖലീഫത്തുൽ മസീഹിനെ കാണുമ്പോൾ തോന്നുന്നത് ഉന്നതനായ ദൈവം അദ്ദേഹത്തിന് പ്രത്യേകമായ കഴിവു നൽകിയിരിക്കുന്നുവെന്നാണ്.മണിക്കൂറുകളോളം പ്രസംഗങ്ങൾ നിർവ്വഹിച്ചതിന് ശേഷവും അദ്ദേഹത്തിന്റെ മുഖത്ത് ദൃശ്യമാകുന്ന പുഞ്ചിരി വിസ്മയിപ്പിക്കുന്നതാണ്.**(വാറാ വാറാ യഗാലാ സാഹിബ് കടാലാ സാഹിബ്,പാരാമൗണ്ട് ചീഫ്,സിയറാ ലിയോൺ)**

● അഹ്മദിയ്യത്ത് തന്നെയാണ് ഇസ്‌ലാമിന്റെ യഥാർഥ രൂപം. ഇന്ന് ഇസ്‌ലാമിന്റെ നാമം നാനാ ഭാഗത്തും തീവ്രവാദത്തോട് ചേർത്ത് പറയപ്പെടുന്നു.എന്നാൽ, അഹ്മദി ഈ മനോഭാവം തെറ്റാണെന്ന് സ്ഥാപിച്ചുകൊണ്ടിരിക്കുന്നു. ജൽസയുടെ ഏർപ്പാടുകൾ മികച്ചതായിരുന്നു.ചെറിയ ചെറിയ കുട്ടികൾ പോലും ജനങ്ങൾക്ക് സേവനം ചെയ്യുന്നതിൽ നിരതരായിരുന്നു. ഈ കാഴ്ച ആത്മാവിനെ ആനന്ദി പ്പിക്കുന്നതായിരുന്നു.അഹ്മദിയ്യാ ജമാഅത്തിന്റെ സത്യതയ്ക്കുള്ള തെളിവിന് ഈയൊരു കാഴ്ച മാത്രം മതിയാകുന്നതാണ്. **(അലി കാലൂകോ സാഹിബ്, മെമ്പർ ഓഫ് പാർല്യമെണ്ട് സിയറാലിയോൺ)**

● ജമാഅത്ത് ഒരുവിധ പ്രശ്നവും സൃഷ്ടിക്കാറില്ല. ഒരു കുഴപ്പങ്ങളും ഉണ്ടാക്കാറില്ല. സ്നേഹ സാഹോദര്യങ്ങളോടെ ജീവിച്ചു വരുന്നു. അധ്യാപനങ്ങൾ നൽകുന്നതും അതുതന്നെയാണ് .മറ്റുള്ളവർക്കു എളുപ്പം സൃഷ്ടിക്കുന്നു. ഈ ഒരു മതത്തേയും ജമാഅത്തിനേയും മാത്രമാണ് ഉന്നതനായ ദൈവം സഹായിക്കുന്നതെന്നാണ് എനിക്ക് തോന്നുന്നത്. സർവ്വ ലോകവും അദ്ദേഹത്തെ സ്വീകരിക്കുകയും ഒടുവിൽ അദ്ദേഹംതന്നെ വിജയിക്കുകയും ചെയ്യുന്നതാണ്. **(റാകോൺടോൺഡ്റാസാകാ അർസെന സാഹിബ്,മുൻ പോലീസ് കാര്യ വകുപ്പ് മന്ത്രി,മഡഗാസ്കർ)**

**യൂ കെ ജൽസസാലാനയിൽ പങ്കെടുത്ത അതിഥികളുടെ ഹുദൂറുമായി കൂടിക്കാഴ്ച.**
**തുടർന്ന് വിശ്വാസം ദൃഢീകരിക്കുന്ന അവരുടെ അനുഭവ വിവരണം**

(റിപ്പോർട്ട്: അബ്ദുൽമാജിദ് ത്വാഹിർ, അഡീഷണൽ വക്കീലുത്തബ്ശീർ ലണ്ടൻ)

പരിഭാഷ:മൗലവി അമീൻ മുഹമ്മദ്, മാത്ര

(തുടർച്ച).....

മൈക്രോനേഷ്യയിൽനിന്നുവന്ന അതിഥി, സ്റ്റേറ്റ് സെനറ്റർ റോൺസൺ (**Ronson**) സാഹിബുമായി അവിടെത്തെ ജമാഅത്തിന്റെ രജിസ്ട്രേഷനെ സംബന്ധിച്ച് ചർച്ചയുണ്ടായി. ഹുദൂർ പറഞ്ഞു: "താങ്കൾ ജമാഅത്തിന്റെ രജിസ്ട്രേഷനെ സംബന്ധിച്ച് മുൻപാർലമെന്റംഗവും സെനറ്ററും എന്ന നിലയിൽ പ്രവർത്തിക്കുക." അദ്ദേഹം ജൽസസാലാനയെ കുറിച്ച് തന്റെ അഭിപ്രായം പ്രകടിപ്പിച്ചുകൊണ്ടുപറഞ്ഞു: ഇത്രയധികമാളുകൾ സന്നദ്ധസേവനത്തിൽ ഏർപ്പെട്ടിരിക്കുകയായിരുന്നു. അവരിൽ വലിയവരും ചെറിയവരും എല്ലാവരും സന്തോഷത്തോടും സ്നേഹത്തോടുംകൂടി ജോലി ചെയ്യുന്നുണ്ടായിരുന്നു. ഇതുവരെ മുസ്‌ലിം ആയിട്ടില്ലാത്തഞങ്ങളോടും ഇത്രമാത്രം നല്ലരീതിയിലുള്ള പെരുമാറ്റവും പ്രധാനപ്പെട്ടതായിരുന്നു. ആഗോളബയ്അത്തിന്റെ ദൃശ്യവും വളരെ ആത്മീയമയമായിരുന്നു. ഞാൻ ക്രിസ്ത്യാനിയായിരുന്നിട്ടും, അതിൽ പങ്കെടുത്തു. അതിൽ എനിക്ക് അങ്ങേയറ്റം ആനന്ദനിർഭരമായ ആത്മീയാനുഭൂതിയുണ്ടായി.

● കിരിബാറ്റി മുൻമേയറും കിരിബാറ്റിയിലെ മുൻവിദ്യാഭ്യാസ മന്ത്രിയും, കിരിബാറ്റിയുടെ മുൻലേബർ മന്ത്രിയും മുൻപാർലമെന്റംഗവുമായിരുന്ന അതിഥി Taraoi Tabiria സാഹിബ് ജൽസയെ കുറിച്ച് പറഞ്ഞു: ഒരു ദിവസം ലോകം മുഴുവനുമുള്ളവർ ഈ ജമാഅത്തിൽ ചേരുമെന്നുള്ളതിൽ ഒരു സംശയവുമില്ല. കാരണം മുഴുവൻ ലോകവും അന്വേഷിച്ചുകൊണ്ടിരിക്കുന്ന സമാധാനം ഈ ജൽസയിൽ വ്യക്തമായും കാണാൻ സാധിക്കുന്നു. വിവിധ രാജ്യങ്ങൾ ഈ രീതിയിൽ സംഘടിക്കുന്നുവെന്നതാണ് സമാധാനത്തിനുള്ള സാക്ഷി. ഇക്കാരണത്താൽ ലോകം എത്രയുംവേഗം ഈ ജമാഅത്തിൽ പ്രവേശിക്കുമെന്ന് എനിക്ക് ദൃഢവിശ്വാസമുണ്ട്. ഞാൻ ജൽസയിലെത്തിയപ്പോൾ വൃത്തിയുടെ കാര്യത്തിൽ ജമാഅത്തിന്റെ നിലവാരം വളരെ ഉയർന്നുനില്ക്കുന്നതായി കണ്ടു. ഭൗതികമായി ഉയർന്ന ഉദ്യോഗം വഹിക്കുന്നവരും സമ്പന്നരുമായ ആളുകളായിരുന്നിട്ടും കുളിമുറി വൃത്തിയാക്കുന്നതിനുവേണ്ടി, ആ ജോലി തങ്ങൾക്ക് ഏറ്റവും പ്രിയപ്പെട്ടതാണെന്ന നിലയിൽ ചെയ്യുന്ന ഇക്കൂട്ടർ ഏതുതരത്തിലുള്ള ആളുകളാണെന്ന് കണ്ട് ഞാൻ അത്ഭുതപ്പെട്ടു.

●കിരിബാറ്റി ജമാഅത്തിലെ മുബല്ലിഗ് ഇദ്ദേഹത്തെ കുറിച്ച് പറഞ്ഞു. ബഹുമാന്യ Taraoi Tabiria സാഹിബ് ഈ ജൽസാവേളയിൽത്തന്നെ അഹ്മദിയ്യത്ത് സ്വീകരിക്കാൻ ഭാഗ്യം സിദ്ധിച്ച വ്യക്തിയാണ്. തിരിച്ചുപോയപ്പോൾ താൻ മുസ്‌ലിം ആയതിൽ എത്രമാത്രം സന്തോഷിച്ചുവെന്നാൽ തന്റെ മുഴുവൻ കുടുംബത്തിനും തബ്ലീഗ് ചെയ്യാൻ തുടങ്ങി. എത്രത്തോളമെന്നാൽ, ജോലി ആവശ്യാർഥം അദ്ദേഹത്തിന് മറ്റു ദ്വീപുകളിൽ പോകേണ്ടിവന്നപ്പോൾ അവിടേയും തബ്ലീഗിൽ മുഴുകി. എവിടെ പോകുകയാണെ

(ശേഷം പേജ് 9ൽ)




**"അല്ലാഹുവിന് പങ്കുകാരെ ചേർക്കൽ കൊടുംപാപമാകുന്നു." (ബുഖാരി)**

**ജൽസസാലാന ഖാദിയാൻ 2018**
**എല്ലാ ജമാഅത്തംഗങ്ങൾക്കും**
**ആശംസകളോടെ......**

**എം. അബ്ദുൽ വഹാബ് (Business)**
അങ്ങാടിക്കട ബ്രാന്റ്, ടൗൺ മസ്ജിദിനു സമീപം,
പത്തനാപുരം– 689 695. Phone: 9744653179.

# ഖുത്ബ ജുമുഅ

**മുസ്‌ലിംലോകം ഇപ്പോൾ ഏറ്റവുമധികം കുഴപ്പങ്ങളുടെ നേർക്കാഴ്ചയായിക്കൊണ്ടിരിക്കുന്നത്.അവരുടെ ആത്മീയവും ഭൗതികവുമായ നേതാക്കൾ അവരെ അന്ധകാരങ്ങളിലേക്ക് തള്ളിയിട്ടുകൊണ്ടരിക്കുകയാണ്. ഒരേ രാജ്യത്തുവസിക്കുന്നവർ പരസ്പരം ഒരാൾ മറ്റൊരാളുടെ രക്തത്തിന് ദാഹിച്ചു കൊണ്ടിരിക്കുന്നു. ഇക്കാര്യം പ്രയോജനപ്പെടുത്തിക്കൊണ്ട് അമുസ്‌ലിം ശക്തികൾ, മുസ്‌ലിംകക്ഷികളെ തമ്മിലടിപ്പിക്കുന്നതിനും തങ്ങളുടെ നേട്ടങ്ങൾ കരസ്ഥമാക്കുന്നതിനും യുദ്ധ സാധനോപകരണങ്ങളും സൈനിക സഹായവും നല്കിക്കൊണ്ടിരിക്കുന്നു. ഇത് വളരെ വലിയൊരു ദുരന്തമാണ്. ഈ അവസ്ഥ നമ്മെ നമുക്കുവേണ്ടിയും പൊതുമുസ്‌ലിംകൾക്കുവേണ്ടിയും ദുആ ചെയ്യുന്നതിന് പ്രേരിപ്പിക്കുന്നതോടൊപ്പം നമ്മെ നമ്മുടെ കർമപരവും ആത്മീയപരവുമായ അവസ്ഥകളെ ഹദ്‌റത്ത് മസീഹ് മൗഊദ്(അ)നമ്മെ കാണാനാഗ്രഹിക്കുന്നതുപോലെ ആക്കിത്തീർക്കേണ്ട ആവശ്യവുമുണ്ട്.**

**ഹദ്‌റത്ത് മസീഹ് മൗഊദ്(അ)തന്റെ ജമാഅത്തിനോടു അവരുടെ അവസ്ഥ നന്നാക്കിത്തീർക്കാൻ ഉപദേശിച്ചിരിക്കുന്നു. അത്തരം ചില നിർദേശങ്ങളുടെ ചർച്ച.**

**അല്ലാഹുവിന്റെ കല്പനകളെ പൂർണമായും അനുസരിക്കുകയും അവന്റെ തൃപ്തി കരസ്ഥമാക്കുകയും ചെയ്യുക എന്നത് എളുപ്പമുള്ള കാര്യമല്ലെന്ന് ഹദ്‌റത്ത് മസീഹ് മൗഊദ്(അ)വ്യക്തമാക്കിയിരിക്കുന്നു. അതിനുവേണ്ടി പൂർണമായും ശ്രമിക്കേണ്ടതാണ്. അപ്പോൾ അഹ്മദിയായതിന്റെ ഉദ്ദേശ്യവും സഫലമാകും.**

**വിശുദ്ധഖുർആനിൽ ആലോചിക്കാനും ചിന്തിക്കാനും ഹദ്‌റത്ത് മസീഹ് മൗഊദ്(അ) ആദ്യം ഉപദേശിച്ചിരുന്നതുപോലെ അവിടത്തെ ഗ്രന്ഥങ്ങൾ വായിക്കാനും ദീനീപരമായ അറിവ് വർധിപ്പിക്കാനും നമ്മൾ ശ്രദ്ധിക്കേണ്ടതാണ്. ഖിലാഫത്തുമായി ബന്ധപ്പെട്ടിരിക്കാനും ശ്രമിക്കേണ്ടതാണ്. അല്ലാഹു അതിനുവേണ്ടി എം.ടി.എയുടെ അനുഗ്രഹം നല്കിയിരിക്കുന്നു. അതുമുഖേന ബന്ധം നിലനിറുത്തേണ്ടതാണ്. ഖലീഫത്തുൽ മസീഹിന്റെ എല്ലാ പരിപാടികളും പ്രയോജനപ്പെടുത്തേണ്ടതാണ്. ഈ ബന്ധത്തെ പ്രത്യേക ശ്രദ്ധയോടുകൂടി നിലനിറുത്തിയിട്ടുള്ളവർ ധാരാളം പേരുണ്ട്. അവർ എം.ടി.എ കേൾക്കുന്നു. എം.ടി.എ യുമായി അവർക്ക് ബന്ധമുണ്ട്. അവരുടെ വിശ്വാസത്തിൽ അഭിവൃദ്ധിയുണ്ടായിട്ടുണ്ടെന്ന് പറഞ്ഞ് അവരുടെ കത്തുകളും എനിക്കു ലഭിക്കാറുണ്ട്. ഇത് വളരെ വലിയൊരു മാർഗമാണ്. ഇതിൽനിന്ന് എല്ലാ അഹ്മദിയും ഫലമെടുക്കേണ്ടതാണ്.**

**ഹദ്‌റത്ത് മസീഹ് മൗഊദ്(അ) തന്റെ ഗ്രന്ഥമായ കശ്തിയെ നൂഹ് ആവർത്തിച്ച് വായിക്കാൻ ഉപദേശിച്ചു. അതിനാൽ ജമാഅത്തുകളിൽ അതു വായിക്കുന്നതിനും കേൾപ്പിക്കുന്നതിനും ഏർപ്പാടുണ്ടായിരിക്കേണ്ടതാണ്. എം.ടി.എയിലും വായിക്കുന്നതിനുള്ള ഏർപ്പാടു ചെയ്യേണ്ടതാണ്. ഓരോരുത്തരും അത് തങ്ങളുടെ ജീവിതത്തിന്റെ ഭാഗമാക്കേണ്ടതാണ്. സ്വയം വായിക്കുകയും വേണം. അതനുസരിച്ച് പ്രവർത്തിക്കാൻ ശ്രമിക്കുകയും വേണം.**

**ഈ ദിനങ്ങളിൽ പ്രത്യേകമായ നിലയിൽ പാക്കിസ്താനിലെ അവസ്ഥകളെ സംബന്ധിച്ചും ദുആ ചെയ്യുക. പാക്കിസ്താനികളും സ്വയം തങ്ങൾക്കുവേണ്ടി ഒരുപാട് ദുആ ചെയ്യേണ്ടതാണ്. അല്ലാഹു അവരേയും എല്ലാ ഉപദ്രവങ്ങളിൽനിന്നും സംരക്ഷിക്കുമാറാകട്ടെ. പൊതുവെ രാജ്യത്തിന്റെ ഉള്ളിലുണ്ടായിട്ടുള്ള കലഹങ്ങളുടെ ഉപദ്രവങ്ങളിൽനിന്ന് രാജ്യത്തേയും രക്ഷിക്കുമാറാകട്ടെ. ലോകത്തിനുവേണ്ടിയും ദുആ ചെയ്യുക. വളരെ വേഗം ഇവരിപ്പോൾ യുദ്ധത്തിലേക്ക് നീങ്ങുകയാണ്.**

**ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്‌റത്ത് മിർസാ മസ്‌റൂർ അഹ്മദ് അയ്യദഹുല്ലാഹുത്തആല ബിനസ്‌രിൽ അസീസ്**

**ഖുത്ബ ജുമുഅ 13-04-2018/13 ശഹാദത്ത് 1397**
**മസ്ജിദ് ബിശാറത്ത് പേദ്രോബാദ്(സ്പെയിൻ)**

أَشْهَدُ أَنْ لَّا إِلٰهَ إِلَّا اللّٰهُ وَحْدَهُ لَا شَرِيْكَ لَهُ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهُ وَرَسُوْلُهُ

أَمَّا بَعْدُ فَأَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ - بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ -

اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ - اَلرَّحْمٰنِ الرَّحِيْمِ - مٰلِكِ يَوْمِ الدِّيْنِ - إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِيْنُ -

اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ - صِرَاطَ الَّذِيْنَ أَنْعَمْتَ عَلَيْهِمْ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ -

ഇക്കാലഘട്ടത്തിൽ ലോകത്ത് നാലുഭാഗത്തും കുഴപ്പങ്ങളും കലഹങ്ങളുമാണ്. ചിലയിടത്ത് മതത്തിന്റെ പേരിലാണ് കലഹമെങ്കിൽ ചിലയിടത്ത് ഭൗതികശക്തികൾ തങ്ങളുടെ ഔന്നത്യം സ്ഥാപിക്കുന്നതിനുവേണ്ടിയുള്ള കലഹമാണ്. ചിലയിടത്ത് ദാരിദ്ര്യവും സമ്പന്നതയും തമ്മിലുള്ള മത്സരം കാരണത്താൽ കുഴപ്പങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്നു. ചിലയിടത്ത് രാഷ്ട്രീയ സംഘടനകളുടെ ഭരണപരമായ അധികാരം സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള കുഴപ്പങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. ചിലയിടത്ത് വീടുകളിൽ ചെറിയ ചെറിയ കാര്യങ്ങളിൽ കലഹവും കുഴപ്പവുമാണെങ്കിൽ ചിലയിടത്ത് പരസ്പരമുള്ള കടമ നിറവേറ്റാത്ത കാരണത്താൽ അടിപിടിയും വഴക്കും കലഹവും കുഴപ്പവും ഉണ്ടായിക്കൊണ്ടിരിക്കുന്നു. ചിലയിടത്ത് വംശീയാധിപത്യം സ്ഥാപിക്കുന്നതിന് കുഴപ്പമുണ്ടാക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നു. ചിലയിടത്ത് തങ്ങളുടെ അവകാശം എടുക്കുന്നതിന് തെറ്റായ രീതി കൈക്കൊണ്ട് ഫിത്നയും ഫസാദുമുണ്ടാക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നു. ചുരുക്കത്തിൽ ഏതുവശത്തൂടെ നോക്കിയാലും ലോകം കലഹത്തിലും കുഴപ്പത്തിലും വലയം ചെയ്യപ്പെട്ടിരിക്കുകയാണ്. ദരിദ്രർ അതിൽനിന്ന് സുരക്ഷിതരല്ല. വികസിതരാഷ്ട്രങ്ങളും അതിൽനിന്ന് സുരക്ഷിതരല്ല. വികസ്വരരാഷ്ട്രങ്ങളും അതിൽനിന്ന് സുരക്ഷിതരല്ല. ഇക്കാലത്ത് താൻ വലിയ പുരോഗതി നേടിയവനാണെന്ന് മനസ്സിലാക്കിക്കൊണ്ടിരിക്കുന്ന മനുഷ്യൻ, ഇത് അറിവിന്റേയും ബുദ്ധിയുടേയും വെളിച്ചത്തിന്റേയും കാലമാണെന്ന് മനസ്സിലാക്കുന്ന മനുഷ്യൻ യഥാർഥത്തിൽ അന്ധകാരങ്ങളിൽ മുങ്ങിക്കിടക്കുകയാണ്. ദൈവത്തെ മറന്നുകൊണ്ട്, ഭൗതികനേട്ടം അന്വേഷിച്ചും അതിനെത്തന്നെ തന്റെ ആരാധ്യനും രക്ഷിതാവുമായി മനസ്സിലാക്കിക്കൊണ്ടും നാശത്തിന്റെ അഗാധ ഗർത്തത്തിലേക്ക് നീങ്ങിക്കൊണ്ടിരിക്കുകയാണ്; അല്ല അതിന്റെ അടുത്തെത്തിക്കഴിഞ്ഞിരിക്കുകയാണ്. അത്തരം പരിതഃസ്ഥിതികളിൽ അമുസ്‌ലിം ലോകം ഭൗതികതയുടെ കണ്ണഞ്ചിപ്പിക്കലിൽ മുങ്ങിത്താഴുന്നത് ഒരുപരിധിവരെ മനസ്സിലാക്കാൻ കഴിയുന്നതാണ്. കാരണം അവരുടെ മതത്തിൽ വിള്ളലുകൾ ഉണ്ടായികഴിഞ്ഞിരിക്കുന്നു. അവരെ അല്ലാഹുവിലേക്ക് നയിക്കാൻ അവരുടെ മതം സമ്പൂർണവും തികവുറ്റതുമായ പരിഹാരം സമർപ്പിക്കുന്നില്ല. പക്ഷേ, മുസ്‌ലിംകളുടെ അവസ്ഥ കാണുമ്പോൾ അത്ഭുതം തോന്നുന്നു. അവരുടെ കൈയിൽ എല്ലാം അടങ്ങിയതും സമ്പൂർണവുമായ ഒരു ഗ്രന്ഥം അതിന്റെ യഥാർഥ രൂപത്തിൽ നിലവിലുണ്ട്. ഉലമാഇന്റെ പരസ്പരമുള്ള ഭിന്നിപ്പുകൾ കാരണത്താൽ, വിശുദ്ധ ഖുർആനിന്റെ വ്യാഖ്യാനങ്ങളിലും ഇസ്‌ലാംമതത്തിലും അവർ ഉണ്ടാക്കിവച്ചിട്ടുള്ള ഭിന്നിപ്പുകളും തെറ്റായ കാര്യങ്ങളുമെല്ലാം അകറ്റേണ്ടിയിരുന്ന ഇക്കാലഘട്ടത്തിലെ ഇമാമിനേയും തന്റെ വാഗ്ദാനങ്ങളനുസരിച്ച് അല്ലാഹു അയച്ചിരിക്കുന്നു. പക്ഷേ, അല്ലാഹു അയച്ച ഈ മഹാത്മാവ് പറഞ്ഞിട്ടുള്ള കാര്യങ്ങൾ കേൾക്കുന്നതിനും ഭിന്നിപ്പുകളും കുഴപ്പങ്ങളും അവസാനിപ്പിക്കുന്ന കാര്യത്തിലേക്ക് വരുന്നതിനും പകരം മുസ്‌ലിംകളിൽ ഭൂരിപക്ഷവും മതത്തിന്റെ പേരിൽ കുഴപ്പങ്ങളുണ്ടാക്കുന്ന ഉലമാഇന്റെ പിന്നാലെ നടക്കുകയാണ്. അവരുടെ പിന്നാലെ നടന്നുകൊണ്ട് അല്ലാഹു അയച്ച ആൾ പറയുന്ന കാര്യങ്ങൾ കേൾക്കാൻ അവർ തയ്യാറല്ല.

അല്ലാഹു ലോകത്തിലെ കുഴപ്പങ്ങൾ അവസാനിപ്പിക്കുന്നതിനും പരസ്പരം സ്നേഹവും സാഹോദര്യവും ഉണ്ടാക്കുന്നതിനും അല്ലാഹുവിനെ തിരിച്ചറിയുന്നതിനുംവേണ്ടി ഒരു വ്യവസ്ഥിതി ചെയ്തിരിക്കുന്നു. പക്ഷേ, മുസ്‌ലിംകൾ ഈ ഭാഗത്ത് ശ്രദ്ധിക്കാൻ തയ്യാറല്ല. ഇക്കാരണത്താലാണ് മുസ്‌ലിംലോകം ഇപ്പോൾ ഏറ്റവുമധികം കുഴപ്പങ്ങളുടെ നേർക്കാഴ്ചയായിക്കൊണ്ടിരിക്കുന്നത്. അവരുടെ ആത്മീയവും ഭൗതികവുമായ നേതാക്കൾ അവരെ അന്ധകാരങ്ങളിലേക്ക് തള്ളിയിട്ടുകൊണ്ടിരിക്കുകയാണ്. ഒരേ രാജ്യത്തുവസിക്കുന്നവർ പരസ്പരം ഒരാൾ മറ്റൊരാളുടെ രക്തത്തിന് ദാഹിച്ചുകൊണ്ടിരിക്കുന്നു. ഇക്കാര്യം പ്രയോജനപ്പെടുത്തിക്കൊണ്ട് അമുസ്‌ലിം ശക്തികൾ, മുസ്‌ലിംകക്ഷികളെ തമ്മിലടിപ്പിക്കുന്നതിനും തങ്ങളുടെ നേട്ടങ്ങൾ കരസ്ഥമാക്കുന്നതിനും യുദ്ധ സാധനോപകരണങ്ങളും സൈനിക സഹായവും നല്കിക്കൊണ്ടിരിക്കുന്നു. ഇത് വളരെ വലിയൊരു ദുരന്തമാണ്. ഈ അവസ്ഥ നമ്മെ നമുക്കുവേണ്ടിയും പൊതുമുസ്‌ലിംകൾക്കുവേണ്ടിയും ദുആ ചെയ്യുന്നതിന് പ്രേരിപ്പിക്കുന്നതോടൊപ്പം നമ്മെ നമ്മുടെ കർമപരവും ആത്മീയപരവുമായ അവസ്ഥകളെ

ഹദ്റത്ത് മസീഹ് മൗഊദ്(അ)നമ്മെ കാണാനാഗ്രഹിക്കുന്നതുപോലെ ആക്കിത്തീർക്കേണ്ട ആവശ്യവുമുണ്ട്. കാരണം നമ്മുടെ കർമപരമായ അവസ്ഥകൾ ഹദ്റത്ത് മസീഹ് മൗഊദ് (അ) നോക്കിക്കാണാനാഗ്രഹിക്കുന്നതുപോലെയല്ലെങ്കിൽ നമ്മളും നിരന്തരം ഫിത്നയിലും ഫസാദിലും ഈ സംഘത്തിലും ആയിപ്പോകാൻ സാധ്യതയുണ്ട്.

ഹദ്റത്ത് മസീഹ് മൗഊദ്(അ) നിരന്തരവും ആവർത്തിച്ചാവർത്തിച്ചും തന്റെ ജമാഅത്തിലെ അംഗങ്ങളെ, അവരുടെ അവസ്ഥകൾ ബയ്അത്തിനുശേഷം എങ്ങനെ ആയിരിക്കണമെന്നും അതിന് അവർ എന്തുമാർഗം സ്വീകരിക്കണമെന്നും അല്ലെങ്കിൽ എന്തു ചെയ്യണമെന്നും ഉപദേശിച്ചിട്ടുണ്ട്. ഇക്കാര്യത്തിലേക്ക് നമ്മുടെ ശ്രദ്ധ ക്ഷണിക്കുന്ന ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ചില ഉദ്ധരണികൾ ഇപ്പോൾ ഞാൻ സമർപ്പിക്കുന്നതാണ്. അതുകൊണ്ട് നാം അത് ശ്രദ്ധയോടുകൂടി കേൾക്കേണ്ടതാണ്. മുമ്പേ പല പ്രാവശ്യം കേട്ടുകഴിഞ്ഞിട്ടുള്ളതാണ്, അല്ലെങ്കിൽ വായിച്ചിട്ടുള്ളതാണ് എന്ന് മനസ്സിലാക്കരുത്. വായിച്ചതും കേട്ടതും മറന്നുപോകാറുമുണ്ട്. ഏതൊരു നൈരന്തര്യത്തോടും വിവിധരീതിയിലും ഹദ്റത്ത് മസീഹ് മൗഊദ്(അ) ആവർത്തിച്ചാവർത്തിച്ച് ജമാഅത്തിനോടു തങ്ങളുടെ അവസ്ഥകൾ ഉന്നതമാക്കുന്നതിനുവേണ്ടി ഉപദേശിച്ചിട്ടുള്ളത് കാണുമ്പോൾ ആ മഹാത്മാവിന് തന്റെ ജമാഅത്തിനെക്കുറിച്ച്, ആ ഉദ്ദേശ്യം തന്റെ ജമാഅത്ത് മറന്നുപോകുമോ എന്നും ബയ്അത്തിനുശേഷം വീണ്ടും അവരിൽ ചീത്ത സ്വഭാവം ഉണ്ടാകുമോ എന്നും വീണ്ടും അവർ അന്ധകാരങ്ങളിലേക്ക് നീങ്ങാൻ തുടങ്ങുമോ എന്നുമുള്ള ചിന്ത എത്രത്തോളം ഉണ്ടായിരുന്നുവെന്ന് മനസ്സിലാകുന്നു.

ഹദ്റത്ത് മസീഹ് മൗഊദ്(അ) ഒരു സ്ഥലത്ത് പറയുന്നു: "നാലുഭാഗത്തും വഴികേടിന്റെയും അശ്രദ്ധയുടെയും മാർഗഭ്രംശത്തിന്റേയും കാറ്റു വീശിയടിച്ചുകൊണ്ടിരിക്കുന്ന കോലാഹലം നിറഞ്ഞ ഇക്കാലഘട്ടത്തിൽ ദൈവഭയം (തഖ്‌വ) കൈക്കൊള്ളുക എന്നത് നമ്മുടെ ജമാഅത്തിന് നിർബന്ധമാണ്. ലോകത്തിന്റെ അവസ്ഥയെന്താണ്? അല്ലാഹുവിന്റെ കല്പനകളെ മാനിക്കുന്നില്ല. കടമകളും വസിയ്യത്തുകളും വകവെക്കുന്നില്ല. തങ്ങളുടെ കടമയെന്താണെന്നോ അതെങ്ങനെ നിറവേറ്റണമെന്നോ അറിയുന്നില്ല. അവർക്ക് ഉപദേശിക്കപ്പെട്ടിട്ടുള്ളതോ അവർ സ്വയം വസിയ്യത്ത് ചെയ്യുന്നതോ അവരോടു വസിയ്യത്ത് ചെയ്യപ്പെട്ടിട്ടുള്ളതോ ആയ കാര്യങ്ങൾ ഗൗനിക്കുന്നതുമില്ല. ദുൻയാവിലും അതിന്റെ പണികളിലും അതിരുകടന്ന് ലയിച്ചിരിക്കുകയാണ്. ഭൗതികമായ എന്തെങ്കിലും ചെറിയ നഷ്ടമുണ്ടാകുമെന്ന് കണ്ടാൽ ദീനിന്റെ ഭാഗം ഉപേക്ഷിച്ചുകളയുന്നു. അല്ലാഹുവിനോടുള്ള കടമ പാഴാക്കിക്കളയുന്നു. ഈ എല്ലാ കാര്യങ്ങളും കേസുകളിലും അനന്തരാവകാശസ്വത്തുവിതരണഘട്ടത്തിലും കാണപ്പെടുന്നു. അത്യാഗ്രഹത്തോടെ പരസ്പരം പെരുമാറുന്നു. ശാരീരികേച്ഛയോടുള്ള പോരാട്ടത്തിൽ വളരെ ബലഹീനരായിരിക്കുന്നു. നിസാരകാര്യമുണ്ടായാൽ ശാരീരികേച്ഛകൾ അതിജയിക്കുന്നു. അല്ലാഹു അവരെ ബലഹീനരാക്കിവെക്കുവോളം, പാപം ചെയ്യാൻ മുതിരുകയില്ല." ബലഹീനരായതുകൊണ്ടാണ് പാപം ചെയ്യാത്തത്. പിടിക്കപ്പെടുകയും ശിക്ഷ കിട്ടുകയും ചെയ്യുമോ എന്ന് ഭയപ്പെടുന്നു. "എന്നാൽ, അല്പം ബലഹീനത അകലുകയും പാപം ചെയ്യാനുള്ള അവസരം കിട്ടുകയും ചെയ്യുമ്പോൾ ക്ഷണത്തിൽ അതിന് ഇരയായിത്തീരുന്നു." ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു: "ഇക്കാലത്ത് ഏതു സ്ഥലത്ത് അന്വേഷിച്ചാലും അറിയാൻ കഴിയുന്നത് സത്യസന്ധമായ ഭക്തി ഉയർന്നുപോയിരിക്കുന്നുവെന്നും സത്യസന്ധമായ വിശ്വാസം ഒട്ടുമില്ലെന്നുമാണ്. പക്ഷേ, അവരുടെ സത്യസന്ധമായ ഭക്തിയുടേയും വിശ്വാസത്തിന്റേയും ബീജം ഒരിക്കലും നഷ്ടപ്പെട്ടുപോകരുതെന്ന് അല്ലാഹു ആഗ്രഹിച്ചു. കൃഷിയിടത്തിൽ ധാന്യമുണ്ടാകുന്നത് തികച്ചും നശിക്കാൻ പോകുകയാണെന്ന് കാണുമ്പോൾ അവൻ മറ്റു വിളവ് ഉണ്ടാക്കിത്തരുന്നു. ഇവിടെ പറഞ്ഞതിന്റെ ഉദ്ദേശ്യം ഒരു തലമുറ നശിക്കുകയോ അല്ലെങ്കിൽ കുറച്ചാളുകൾ നശിക്കുകയോ അല്ലെങ്കിൽ ഒരു ജനത നശിക്കുകയോ ചെയ്യുമ്പോൾ മറ്റു ആളുകളെ അല്ലെങ്കിൽ ജനതകളെ സൃഷ്ടിക്കുന്നു അല്ലെങ്കിൽ സൃഷ്ടിച്ചുതരുന്നു എന്നാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ)പറഞ്ഞു: '*ഇന്നാ നഹ്നു നസ്സൽനദ്ദിക്റ വ ഇന്നാ ലഹൂ ലഹാഫിളൂൻ*(15:10). നാം തന്നെയാണ് ഈ ഗ്രന്ഥത്തെ ഇറക്കിയത്. നാം തന്നെ ഇതിനെ സംരക്ഷിക്കുമെന്ന് അല്ലാഹു പറഞ്ഞതുപോലെ അതേ നവമായ ഖുർആൻ നിലവിലുണ്ട്. അവിടന്ന് പറഞ്ഞു:"ഹദീഥുകളുടെ ധാരാളം ഭാഗങ്ങളുമുണ്ട്. അനുഗ്രഹങ്ങളുമുണ്ട്. എന്നാൽ, മനസ്സുകളിൽ ഈമാനും കർമപരമായ അവസ്ഥയും ഒട്ടുംതന്നെ ഇല്ലാതായിരിക്കുന്നു. ഇക്കാര്യങ്ങൾ വീണ്ടും ഉണ്ടാക്കുന്നതിനുവേണ്ടിയാണ് അല്ലാഹു എന്നെ നിയോഗിച്ചയച്ചിട്ടുള്ളത്. മൈതാനം കാലിയായി കിടക്കുന്നത് അല്ലാഹു കണ്ടപ്പോൾ അത് അങ്ങനെ കിടക്കുന്നത് അല്ലാഹുവിന്റെ ഉലൂഹിയ്യത്ത്(ദൈവത്വം) ഒരിക്കലും ഇഷ്ടപ്പെട്ടില്ല." തിന്മകൾ വ്യാപിച്ചുകൊണ്ടിരിക്കുമ്പോൾ അല്ലാഹുവിന്റെ ധാർമികമായ രോഷവും ഉലൂഹിയ്യത്തിന്റെ തേട്ടവും ആ മൈതാനത്തെ വീണ്ടും ദീനിനെ ദുൻയാവിനെക്കാൾ മുന്തിക്കുന്നവരേയും ദീനിനെ നടപ്പിൽ വരുത്തുന്നവരേയും ദീനിനെ പ്രചരിപ്പിക്കുന്നവരേയും ദീൻ അനുസരിച്ച് കർമങ്ങൾ ചെയ്യുന്നവരേയുംകൊണ്ട് നിറയ്ക്കുക എന്നതായിരുന്നു. അവിടന്ന് പറയുന്നു:"ഈ മൈതാനം കാലിയായി കിടക്കുന്നതും ആളുകൾ അകന്നു കിടക്കുന്നതും അല്ലാഹു ഒരിക്കലും ഇഷ്ടപ്പെട്ടില്ല. അതുകൊണ്ട് ഇപ്പോൾ അവയ്ക്കെതിരിൽ ജീവനുള്ള ഒരു ജനതയെ സൃഷ്ടിക്കാൻ അല്ലാഹു ആഗ്രഹിക്കുന്നു. അതുകൊണ്ടാണ് ഹൃദയഭക്തിയോടെയുള്ള ജീവിതം കരസ്ഥമാക്കാൻ നാം പ്രബോധിക്കുന്നത്."(മൽഫൂദാത്ത് വാല്യം 4 പേജ് 395-396, 1985 ലണ്ടൻ പതിപ്പ്)

ശരിയായ ബയ്അത്താണ് അഹ്മദി ചെയ്തിട്ടുള്ളതെങ്കിൽ ജീവിച്ചിരിക്കുന്നവരിൽ ചേരേണ്ടിവരും, ആത്മീയമായി ജീവിച്ചിരിക്കുന്നവരിൽ ചേരേണ്ടിവരും. ഇല്ലെങ്കിൽ ഒരു ഫലവുമില്ല. ഈ പുതിയ ജനത വായകൊണ്ട് പറഞ്ഞാൽ മാത്രം നമ്മൾ പുതിയ ജനതയായി മാറുമോ? ഇല്ല. അതിനും കർമപരമായ അവസ്ഥകളുടെ പരിവർത്തനവും സത്യമായ തവ്ബയും ഉണ്ടാകേണ്ട ആവശ്യമുണ്ട്. അപ്പോഴാണ് ഇസ്ലാമിന്റെ യാഥാർഥ്യം മനസ്സിലാക്കുന്ന പുതിയ ജനതയായി നമ്മൾ മാറുന്നത്. അപ്പോഴാണ് അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുന്ന ആളുകളായി തീരുന്നത്. അപ്പോഴായിരിക്കും നമ്മൾ ബയ്അത്തിന്റെ പ്രതിജ്ഞ നിറവേറ്റുന്നവരാകുന്നതും.

ഇസ്ലാമിന്റെ യാഥാർഥ്യമെന്താണ്? അത് നമുക്കെങ്ങനെ കരസ്ഥമാക്കാൻ കഴിയും. ഇതു സംബന്ധമായി ഹദ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു: "ഇസ്ലാം അല്ലാഹുവിന്റെ എല്ലാ നിയന്ത്രണങ്ങളുടേയും താഴെ വരുന്നതിന്റെ പേരാണ്. അതിന്റെ ചുരുക്കം അല്ലാഹുവിനെ സത്യസന്ധവും സമ്പൂർണവുമായ നിലയിൽ അനുസരിക്കുക എന്നാണ്. പ്രതീക്ഷ ഒന്നും കൂടാതെ മുഴുവനായി, തന്നെ അല്ലാഹുവിന്റെ തിരുസന്നിധിയിൽ വെക്കുന്നവനാണ് മുസ്ലിം." (ഒരു പ്രതീക്ഷയും കൂടാതെ, ഒരു അനുഗ്രഹവും മോഹിക്കാതെ അല്ലാഹുവിന്റെ സമ്പ്രീതി കരസ്ഥമാക്കാൻ ആഗ്രഹിക്കുന്നു). *മൻഅസ്ലമ വജ്ഹഹൂ ലില്ലാഹി വഹുവ മുഹ്സിനുൻ.*(2:113) അതായത് തന്നെ മുഴുവനായി അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുന്നതിനുവേണ്ടി വഖ്ഫ് ചെയ്യുകയും വിശ്വാസപരവും കർമപരവുമായ നിലയിൽ അവന്റെ ലക്ഷ്യവും ഉദ്ദേശ്യവും അല്ലാഹുവിന്റെതന്നെ തൃപ്തിയും സന്തോഷവും ആയിരിക്കുകയും ചെയ്യുന്നവനാണ് മുസ്ലിം. അവനിൽനിന്നുണ്ടാകുന്ന എല്ലാ നന്മകളും സൽകർമങ്ങളും, അത് ബുദ്ധിമുട്ടോടും പ്രയാസപ്പെട്ടും ചെയ്യുന്നതായിരിക്കാതെ അവയിൽ ഒരു ആസ്വാദനത്തിന്റേയും മധുരിമയുടേയും ആകർഷണം ഉണ്ടായിരിക്കണം." എന്തെങ്കിലും നന്മകൾ ചെയ്യുകയാണെങ്കിൽ, അല്ലാഹുവിന്റെ കല്പനയനുസരിച്ച് പ്രവൃത്തിക്കുകയാണെങ്കിൽ വലിയ ഭാരമാണ് വന്നുവീണിരിക്കുന്നതെന്നു കരുതി ചെയ്യുകയില്ല. പ്രത്യുത എല്ലാ ഓരോ നന്മയും ചെയ്യുമ്പോഴും മനുഷ്യന് ഒരു ആനന്ദവും ഒരു നിർവൃതിയും ഉണ്ടാകേണ്ടതാണ്. സന്തോഷത്തോടെ ചെയ്യേണ്ടതാണ്. അവിടന്ന് പറയുന്നു: "അവൻ എല്ലാതരത്തിലുള്ള ബുദ്ധിമുട്ടുകളും സൗഖ്യത്തിലാക്കിമാറ്റുന്നു." അദ്ദേഹം പറയുന്നു: "യഥാർഥ മുസൽമാൻ അല്ലാഹു തന്റെ പ്രേമഭാജനവും തന്റെ സ്രഷ്ടാവും ഉപകാരിയുമാണെന്ന് വിശ്വസിച്ച് അവനെ സ്നേഹിക്കുന്നു. അതുകൊണ്ട് അവന്റെ തിരുസന്നിധിയിൽ ശിരസ് വെച്ചുകൊടുക്കുന്നു. സത്യവാനായ മുസ്ലിമിനോടു, അവന്റെ കർമങ്ങൾക്കുപകരം ഒന്നുംതന്നെ കിട്ടുകയില്ലെന്ന്, സ്വർഗവുമില്ല, നരകവുമില്ല, സൗഖ്യവുമില്ല, ആനന്ദവുമില്ലെന്ന് പറഞ്ഞാലും അവൻ സൽകർമത്തേയും ദൈവസ്നേഹത്തേയും ഒരിക്കലുമൊരിക്കലും ഉപേക്ഷിക്കുകയില്ല." അല്ലാഹുവിനോടുള്ള ഈ നിസ്വാർഥസ്നേഹമാണ് അവിടന്ന് ഉണ്ടാക്കാനാഗ്രഹിക്കുന്നത്. എന്തിന്റെ എങ്കിലും പകരത്തിനല്ല, നരകത്തെ ഭയന്നിട്ടുമല്ല, സ്വർഗം കരസ്ഥമാക്കാനുമല്ല പ്രത്യുത അല്ലാഹുവിനോടു പ്ര

**"ദുൻയാവ് സമ്പാദനത്തിന്റെ യഥാർഥ ഉദ്ദേശ്യം ദീൻ ആയിരിക്കേണ്ടതാണ്. ദീനിന്റെ സേവകൻ എന്ന നിലയിൽ ദുൻയാവിനെ കരസ്ഥമാക്കുക."**
**(ഖുത്ബ ജുമുഅ, 2017 മെയ് 5)**

**അമീറുൽ മുഅ്മിനീന്റെ ഉപദേശം:-**

**ത്വാലിബെ ദുആ:**
**മുഹമ്മദ് സ്വഫ്‌വാനും കുടുംബവും, എറണാകുളം ജില്ലാ ഖായിദ് (കേരള)**

**"ദുഷ്കരമായ അവസ്ഥകളിൽനിന്ന് പുറത്തു കടക്കാനുള്ള മാർഗം അല്ലാഹുവിന്റെ മുമ്പിൽ കുനിയുക മാത്രമാണ്."**
**(ഖുത്ബ ജുമുഅ, 2017 മാർച്ച് 10.)**

**അമീറുൽ മുഅ്മിനീന്റെ ഉപദേശം:-**

**ത്വാലിബെ ദുആ:**
**ഖാഇദ് മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ ആലപ്പുഴ(കേരള)**

ത്യേകസ്നേഹമുണ്ടാകേണ്ടതാണ്. ഒന്നും കിട്ടിയില്ലെങ്കിൽത്തന്നെയും അല്ലാഹുവിനോടു സ്നേഹമുണ്ടാകുക. “കാരണം അവനോടുള്ള ബന്ധവും അവനോടുള്ള അനുസരണവും അനുസരണത്തിൽ വിലയനവും ഏതെങ്കിലും പകരത്തിന്റേയോ പ്രതിഫലത്തിന്റേയോ അടിസ്ഥാനത്തിലോ പ്രതീക്ഷയിലോ അല്ല. പ്രത്യുത അവൻ തന്റെ അസ്തിത്വത്തെ, യഥാർഥത്തിൽ അല്ലാഹുവിനെ തിരിച്ചറിയുന്നതിനും അവനെ സ്നേഹിക്കുന്നതിനും അനുസരിക്കുന്നതിനുമാണ് സൃഷ്ടിച്ചിട്ടുള്ളതെന്ന കാര്യം മനസ്സിലാക്കുന്നു. മറ്റൊരു ഉദ്ദേശ്യവും അവന് ഇല്ലതന്നെ. അതുകൊണ്ട് അവൻ തന്റെ ദൈവദത്തമായ കഴിവുകളെ, ആ ഉദ്ദേശ്യങ്ങളിലും ലക്ഷ്യങ്ങളിലും ചെലവഴിക്കുമ്പോൾ, അവൻ തന്റെ യഥാർഥ പ്രേമഭാജനത്തിന്റെ മുഖം കാണുന്നു. പിന്നീട് ശരിയായ ബന്ധമുണ്ടാകുന്നു.” നിസ്വാർഥനായിക്കൊണ്ട് അല്ലാഹുവിനോടു ബന്ധമുണ്ടാക്കിയാൽ അല്ലാഹുവിന്റെ മുഖം കാണുന്നതാണ്. ശരിയായ ബന്ധമുണ്ടാകുന്നതാണ്. “സ്വർഗത്തിലോ നരകത്തിലോ അവന്റെ യഥാർഥ ദൃഷ്ടി ഉണ്ടാകുകയില്ല. മറിച്ച് അല്ലാഹുവിന്റെ തൃപ്തിയിലായിരിക്കും അവന്റെ ദൃഷ്ടി ഉണ്ടാകുക.

അല്ലാഹുവിനോടുള്ള സ്നേഹത്തിൽ തന്റെ അവസ്ഥ വിവരിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു:“അല്ലാഹുവിനെ സ്നേഹിക്കുന്നതുകൊണ്ടും അവനെ അനുസരിക്കുന്നതുകൊണ്ടും കഠിനമായ ശിക്ഷ നല്കുമെന്ന് എന്നോടു ആരെങ്കിലും പറഞ്ഞാൽ ആ ബുദ്ധിമുട്ടുകളും ബലാകളും ഒരു ആനന്ദത്തോടും സ്നേഹാവേശത്തോടും അഭിനിവേശത്തോടും കൂടി ഞാൻ സഹിക്കാൻ തയ്യാറായിരിക്കുമെന്ന് ഞാൻ സത്യം ചെയ്തു പറയുന്നു; എന്റെ പ്രകൃതി ആ രീതിയിലാണുള്ളത്. ശിക്ഷയും പീഢനവും സഹിക്കേണ്ടിവരുമെന്ന് എത്ര ശക്തമായി ഉറപ്പിച്ചുപറഞ്ഞാലും ഒരിക്കലും അല്ലാഹുവിനെ അനുസരിക്കുന്നതിൽനിന്നും അനുധാവനം ചെയ്യുന്നതിൽനിന്നും ഒരു ചുവടു വെളിയിൽവെക്കുകയില്ല; ആയിരക്കണക്കിന് എന്നല്ല അതിരറ്റ മരണത്തെക്കാളേറെ ദുഃഖങ്ങളുടേയും വിപത്തുകളുടേയും കൂമ്പാരംതന്നെ കൊണ്ടുവന്നാലും ശരി!” ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: “ഒരു സത്യവാനായ മുസ്‌ലിം ദൈവകല്പനയിൽനിന്ന് പുറത്തു പോകുന്നത് തന്റെ നാശത്തിന് നിമിത്തമായി മനസ്സിലാക്കുന്നു. ആ അനുസരണക്കേട് കാണിക്കാൻ അവന് എത്രമാത്രം സുഖൈശ്വര്യങ്ങൾ നല്കാമെന്ന് വാഗ്ദാനം ചെയ്താലും!” അവിടന്ന് പറയുന്നു: “യഥാർഥ മുസ്‌ലിം ആകുന്നതിന് ഇത്തരം പ്രകൃതി കരസ്ഥമാക്കുക എന്നത് നിർബന്ധമാണ്; അല്ലാഹുവിനോടുള്ള സ്നേഹവും അനുസരണവും ഏതെങ്കിലും രക്ഷാശിക്ഷയുടെ ഭയത്തിന്റേയും പ്രതീക്ഷയുടേയും അടിസ്ഥാനത്തിലാകരുത്. മറിച്ച് പ്രകൃതിയുടെ സ്വാഭാവികമായ പ്രത്യേകതയും ഭാഗവുമായിരിക്കണം. പിന്നീട് ആ സ്നേഹം അവനു ഒരു സ്വർഗമുണ്ടാക്കുന്നതാണ്. യഥാർഥ സ്വർഗം ഇതുതന്നെയാണ്. ഈ മാർഗം സ്വീകരിക്കാത്തിടത്തോളം ഒരു മനുഷ്യനും സ്വർഗത്തിൽ പ്രവേശിക്കുകയില്ല. അതിനാൽ ഞാനുമായി ബന്ധം വെക്കുന്ന നിങ്ങൾക്ക് ഈ വഴിയിലൂടെ പ്രവേശിക്കാനുള്ള പാഠം നല്കുകയാണ്. കാരണം സ്വർഗത്തിലേക്കുള്ള യഥാർഥ വഴി ഇതുതന്നെയാണ്.”(മൽഫൂദാത്ത് വാല്യം 3 പേജ് 181 –183, 1985 ലണ്ടൻ പതിപ്പ്)

അല്ലാഹുവുമായിട്ടുള്ള നമ്മുടെ ബന്ധത്തേയും സ്നേഹത്തേയും കുറിച്ച് ഈ പ്രതീക്ഷയാണ് ഹദ്റത്ത് മസീഹ് മൗഊദ്(അ)നുള്ളത്. ഹദ്റത്ത് മസീഹ് മൗഊദ്(അ), അല്ലാഹുവിന്റെ കല്പനകളെ സമ്പൂർണമായി അനുസരിക്കലും അവന്റെ തൃപ്തി കരസ്ഥമാക്കലും എളുപ്പമുള്ള കാര്യമല്ലെന്നും വ്യക്തമാക്കിയിട്ടുണ്ട്. ഇത് പരിപൂർണമായ ശ്രമം ആവശ്യമുള്ള കാര്യമാണ്; അപ്പോൾ അഹ്മദിയായതിന്റെ ഉദ്ദേശ്യവും കരസ്ഥമാകും. അനസുരണം എളുപ്പമുള്ളതും സുഗമമായതുമായ കാര്യമാണോ? എന്ന് അവിടന്ന് സ്വയം ഒരു ചോദ്യം ഉന്നയച്ചിരിക്കുന്നു. എന്നിട്ട് പറയുന്നു: “സമ്പൂർണമായ നിലയിൽ അനുസരിക്കാത്തവൻ ഈ ജമാഅത്തിന് ദുഷ്പ്പേരുണ്ടാക്കുന്നു. കല്പന ഒരെണ്ണം മാത്രം ആകുകയില്ല. മറിച്ച് കല്പന ധാരാളമുണ്ട്; സ്വർഗത്തിന് ധാരാളം വാതിലുകൾ ഉള്ളതുപോലെ. ചിലർ ചില വാതിലിലൂടെ പ്രവേശിക്കുന്നു. ചിലർ ചില വാതിലിലൂടെ പ്രവേശിക്കുന്നു. ഇതുപോലെതന്നെ നരകത്തിനും പല വാതിലുകളുണ്ട്. ഒരു വാതിൽ അടയ്ക്കുകയും ഒരു വാതിൽ തുറന്നുവെക്കുകയും ചെയ്യുന്നവരാകരുത് നിങ്ങൾ.”(മൽഫൂദാത്ത് വാല്യം 4 പേജ് 74, 1985 ലണ്ടൻ പതിപ്പ്)

വീണ്ടും അവിടന്ന് പറഞ്ഞു: “ഓർമിച്ചുകൊള്ളുക. യാഥാർഥ്യത്തെ തന്റെ ഉള്ളിൽ ഉണ്ടാക്കാത്തിടത്തോളം വെറും പേരുകൾ എഴുതിക്കുന്നതുകൊണ്ട് ആരും ജമാഅത്തിൽ പ്രവേശിക്കുന്നവരാകുകയില്ല. പരസ്പരം സ്നേഹിക്കുക. അവകാശങ്ങൾ നശിപ്പിക്കാതിരിക്കുക.” അവകാശങ്ങൾ തട്ടിപ്പറിച്ചെടുക്കാതിരിക്കുക. “അല്ലാഹു നിങ്ങളിൽ കൃപ ചൊരിയുന്നതിന് അവന്റെ വഴിയിൽ ഉന്മത്തനെപോലെയാകുക. അവനിൽനിന്ന് ഒന്നും വെളിയിലല്ല.” (മൽഫൂദാത്ത് വാല്യം 4 പേജ് 75, 1985 ലണ്ടൻ പതിപ്പ്)

അല്ലാഹുവിന്റെ കൃപ കരസ്ഥമാക്കുന്നതിന് പൂർണമായും വിശ്വസിക്കേണ്ടതും അതനുസരിച്ച് കർമം ചെയ്യേണ്ടതും അനിവാര്യമാണെന്ന് അവിടന്ന് വ്യക്തമായും പറഞ്ഞു. അവിടന്ന് പറയുന്നു: “അതിന്റെ കർമപരമായ ഉദാഹരണം എങ്ങനെയാണെന്നാൽ മധുരം തിന്നാത്തിടത്തോളം നാവുകൊണ്ട് വെറും മധുരമെന്നോ ചീരണിയെന്നോ പറയുന്നതുകൊണ്ട് വായ മധുരമുള്ളതാകുകയില്ല. ഇപ്രകാരം കർമപരമായ ഭാഗം കൂടാതെ അല്ലാഹുവിനോടു സ്നേഹമുണ്ടെന്നും തൗഹീദിൽ വിശ്വസിക്കുന്നുവെന്നും പറയുന്നതുകൊണ്ട് ഫലമൊന്നുമുണ്ടാകുകയില്ല. കർമപരമായ ഭാഗം സ്ഥാപിതമാകുന്നത് ദുൻയാവിനെ മുന്തിക്കുന്ന ഭാരം ഇറക്കിവച്ച് ദീനിനെ മുന്തിക്കുമ്പോഴാണ്.”അവിടന്ന് പറയുന്നു: “നമ്മുടെ ജമാഅത്ത് അല്ലാഹുവിനെ സന്തോഷിപ്പിക്കാൻ ആഗ്രഹിക്കുന്നെങ്കിൽ ദീനിനെ മുന്തിക്കുക.”അല്ലാഹുവിനെ സന്തോഷിപ്പിക്കണമെങ്കിൽ ദീനിനെ മുന്തിക്കേണ്ടതാണ്. ദീനിന് എല്ലായിടത്തും മുൻഗണന നല്കേണ്ടതാണ്. അവിടന്ന് മുന്നറിയിപ്പ് നല്കിക്കൊണ്ടു പറഞ്ഞു: “നിങ്ങളിൽ കൂറും ആത്മാർഥതയുമില്ലെങ്കിൽ നിങ്ങൾ വ്യാജരാണ്. അത്തരം അവസ്ഥയിൽ ആത്മാർഥത ഇല്ലാത്തവൻ ശത്രുവിനെക്കാൾ മുമ്പേ നശിപ്പിക്കപ്പെടുന്നതായിരിക്കും. പറഞ്ഞു: “അല്ലാഹു വഞ്ചിതനാകുകയില്ല. അവനെ വഞ്ചിക്കാനും സാധിക്കുകയില്ല. അതുകൊണ്ട് നിങ്ങൾ സത്യസന്ധമായ ആത്മാർഥതയും സത്യസന്ധതയും ഉണ്ടാക്കുക.”(മൽഫൂദാത്ത് വാല്യം 4 പേജ് 75, 1985 ലണ്ടൻ പതിപ്പ്)

ദീനിനെ ദുൻയാവിനെക്കാൾ മുന്തിക്കുന്നത് കൂടുതൽ വ്യക്തമാക്കിക്കൊണ്ട്, എങ്ങനെ നിങ്ങൾക്കിത് കരസ്ഥമാക്കാൻ സാധിക്കും, സ്വഹാബാക്കൾ എങ്ങനെയാണ് അതിനെ മുന്തിച്ചത്, നിങ്ങൾ അതിന് എങ്ങനെ ശ്രമിക്കണം തുടങ്ങിയവയെ കുറിച്ച് പറയുന്നു:“നോക്കൂ രണ്ടുതരത്തിലുള്ള ആളുകളുണ്ട്. ഒന്ന് ഇസ്‌ലാം സ്വീകരിച്ചതിനുശേഷം ഭൗതികജോലികളിലും വ്യാപാരങ്ങളിലും മുഴുകുന്നവർ. ശയ്ത്വാൻ അവരുടെ തലയിലൂടെ സഞ്ചരിക്കാൻ തുടങ്ങുന്നു.” അവിടന്ന് പറഞ്ഞു:“കച്ചവടം ചെയ്യാൻ പാടില്ല എന്നല്ല ഞാൻ പറഞ്ഞതിന്റെ ഉദ്ദേശ്യം.”(അല്ലെങ്കിൽ ഭൗതിക ജോലികൾ ചെയ്യുന്നത് വിരോധമാണെന്നല്ല).“അങ്ങനെയല്ല. സ്വഹാബത്ത് വ്യാപാരങ്ങളും ചെയ്യാറുണ്ടായിരുന്നു. എന്നാൽ, അവർ ദീനിനെ ദുൻയാവിനെക്കാൾ മുന്തിച്ചിരുന്നു. അവർ ഇസ്‌ലാം സ്വീകരിച്ചപ്പോൾ അവരുടെ ഹൃദയങ്ങളെ ദൃഢവിശ്വാസത്താൽ നിറഞ്ഞുകവിഞ്ഞതാക്കുന്ന സത്യമായ ജ്ഞാനം അവർ കരസ്ഥമാക്കി. ഇക്കാരണത്താലാണ് അവർ ഒരു രംഗത്തും ശയ്ത്വാന്റെ ആക്രമണത്താൽ ഇളകാതിരുന്നത്.” ശയ്ത്വാന് അവരെ ആക്രമിക്കാൻ കഴിഞ്ഞില്ല. ശയ്ത്വാന് അവരുടെമേൽ ആധിപത്യം നേടാൻ കഴിഞ്ഞില്ല. ഭൗതികജോലികളും അവർ ചെയ്തിരുന്നു. പക്ഷേ, അല്ലാഹുവിനെ അവർക്ക് എപ്പോഴും ഓർമയുണ്ടായിരുന്നു. “ഒരു കാര്യവും അവരെ സത്യം പ്രകടിപ്പിക്കുന്നതിൽനിന്ന് തടഞ്ഞില്ല.” അവിടന്ന് പറഞ്ഞു:“തികച്ചും ഭൗതികതയുടെ ദാസരും അടിമകളുമായിത്തീർന്നവരുടേയും ഭൗതികതയെ പൂജിക്കുന്നവരുടേയും മേലാണ് ശയ്ത്വാൻ തന്റെ വിജയം വരിക്കുന്നതെന്നും നിയന്ത്രണം പ്രാപിക്കുന്നതെന്നും മാത്രമാണ് ഞാൻ പറഞ്ഞതിന്റെ ഉദ്ദേശ്യം. രണ്ടാമത്തെ കൂട്ടർ ദീനിന്റെ അഭിവൃദ്ധിക്കുവേണ്ടി ചിന്തയിൽ മുഴുകുന്നവരാണ്. ഇക്കൂട്ടരാണ് അല്ലാഹുവിന്റെ കക്ഷിക്കാർ എന്നു പറയപ്പെടുന്നത്. അവർ ശയ്ത്വാന്റേയും അവന്റെ സൈന്യത്തിന്റേയുംമേൽ വിജയം വരിക്കുന്നു. ധനം കച്ചവടത്തിലൂടെ വർധിക്കുന്നു. അതുകൊണ്ടു അല്ലാഹുവും ദീനിന്റെ അന്വേഷണത്തേയും ദീനിന്റെ ആഗ്രഹത്തേയും ഒരു കച്ചവടമെന്ന് പറഞ്ഞിരിക്കുന്നു.അവൻ പറഞ്ഞു: *ഹൽ അദുല്ലുക്കും അലാ തിജാറത്തിൻ തുൻജ്ജീക്കും മിൻ അദാബിൻ അലീം.*” പറഞ്ഞു: “ദീനീപരമായ അഭിവൃദ്ധിയും അഭിനിവേശവും കുറയ്ക്കാത്തവരിലാണ് ഞാൻ അധികവും പ്രതീക്ഷ അർപിക്കുന്നത്. ഈ അഭിനിവേശം കുറയ്ക്കുന്നവരിൽ ശയ്ത്വാൻ ആധിപത്യം സ്ഥാപിക്കുമോ എന്ന ആശങ്കയുണ്ട്.”അതായത് പതിവായി ചെയ്യുന്ന ശീലമില്ലെങ്കിൽ ദീൻ


**അമീറുൽ മുഅ്മിനീന്റെ ഉപദേശം:–**

**“താൽക്കാലികവും ഭൗതികവുമായ ആഗ്രഹങ്ങളും ആനന്ദാനുഭൂതികളും നമ്മുടെ ലക്ഷ്യമാക്കാതിരിക്കുമ്പോഴാണ് നാം യഥാർഥ അഹ്മദിയായിത്തീരുന്നത്.”**
**(ഖുത്‌ബ ജുമുഅ,2017 മെയ് 5.)**

**ത്വാലിബെ ദുആ:**
**സുനിൽ അഹ്മദ്,അഹ്മദിയ്യാ ജമാഅത്ത്, മാത്ര. (കേരള)**

**അമീറുൽ മുഅ്മിനീന്റെ ഉപദേശം:–**

**“ഏറ്റവും കൂടുതൽ ‘വാഖ്ഫിനെ നൗ’യിനെ ജാമിഅ അഹ്മദിയ്യായിൽ വിദ്യാഭ്യാസത്തിനായി അയക്കേണ്ടതാണ്.”**
**(ഖുത്‌ബ ജുമുഅ, 2017 മാർച്ച് 10.)**

**ത്വാലിബെ ദുആ:**
**അഹ്മദിയ്യാ ജമാഅത്തംഗങ്ങൾ, പള്ളൂരുത്തി (കേരള)**

ദുൻയാവിന്റെമേൽ മുന്തി നില്ക്കുകയില്ല. പിന്നീട് അലസതകളുമുണ്ടാകുന്നു. തുടർന്ന് മെല്ലെ മെല്ലെ മനുഷ്യൻ ശയ്ത്വാന്റെ നിയന്ത്രണത്തിൽ പോകുന്നു. അവിടന്ന് പറഞ്ഞു: "അതുകൊണ്ട് ഒരിക്കലും മടിയുണ്ടാകരുത്. മഅ്രിഫത്ത് അഥവാ ദൈവജ്ഞാനം കൂടുതലാകാൻ മനസ്സിലാകാത്ത എല്ലാ ഓരോ കാര്യവും ചോദിക്കേണ്ടതാണ്. ചോദിക്കുക എന്നത് നിഷിദ്ധമല്ല. നിഷേധിക്കുകയാണെങ്കിൽത്തന്നെയും ചോദിക്കേണ്ടതാണ്." അന്യരായ ആരെങ്കിലും ഏതെങ്കിലും കാര്യം അംഗീകരിക്കുന്നില്ലെങ്കിൽത്തന്നെയും അവരെ തബ്‌ലീഗ് ചെയ്യേണ്ടതാണ്. അവരും ചോദിക്കണമെന്നതാണ് നീതി; "കർമപരമായ അഭിവൃദ്ധിക്കുവേണ്ടിയും." ഒരു മുഅ്മിന് കർമപരമായി അഭിവൃദ്ധിപ്പെടണമെങ്കിൽ അറിവ് കരസ്ഥമാക്കേണ്ടതാണ്. ചോദ്യങ്ങൾ ചോദിക്കേണ്ടതാണ്. അവിടന്ന് പറഞ്ഞു: "ജ്ഞാനപരമായി അഭിവൃദ്ധി ആഗ്രഹിക്കുന്നവൻ വിശുദ്ധ ഖുർആൻ ശ്രദ്ധയോടെ പാരായണം ചെയ്യേണ്ടതാണ്. മനസ്സിലാകാത്ത ഭാഗം അന്വേഷിക്കുക. ചില ഈശ്വരീയജ്ഞാനങ്ങൾ മനസ്സിലായില്ലെങ്കിൽ മറ്റുള്ളവരോടു അന്വേഷിച്ച് ഫലമെത്തിക്കുക." അവിടന്ന് പറഞ്ഞു: "വിശുദ്ധ ഖുർആൻ മതവിജ്ഞാനങ്ങളുടെ ഒരു സമുദ്രമാണ്. അതിന്റെ അടിത്തട്ടിൽ വലിയ വലിയ അമൂല്യവും വിലമതിക്കാനാവാത്തതുമായ മുത്തുകളുണ്ട്."(മൽഫൂദാത്ത് വാള്യം 3 പേജ് 193-194, 1985 ലണ്ടൻ പതിപ്പ്)

ഒരു അവസരത്തിൽ തഖ്‌വയുടെ പ്രാധാന്യം ജമാഅത്തിന് വിവരിച്ചുകൊണ്ടു പറഞ്ഞു: "അല്ലാഹു എന്നെ ഏതൊരു കാര്യത്തിനു വേണ്ടി നിയോഗിച്ചിരിക്കുന്നുവോ അതിതാണ്." അതായത് ഹദ്റത്ത് മസീഹ മൗഊദ്(അ)നെ ഏതൊരു കാര്യത്തിനുവേണ്ടിയാണോ അയച്ചിട്ടുള്ളത് അത് ഇതാണ്:"തഖ്‌വയുടെ മൈതാനം കാലിയായി കിടക്കുന്നു. അതുണ്ടാകേണ്ടതാണ്; വാളെടുക്കുക എന്നതല്ല. വാളെടുക്കരുത്, ആളുകളുടെ തല കൊയ്യരുത്. ഇക്കാലത്ത് ചില സംഘടനകൾ അല്ലെങ്കിൽ ഭീകരവാദികൾ ഇസ്‌ലാമിന്റെ പേരിൽ ചെയ്തുകൊണ്ടിരിക്കുന്നതുപോലെ! മറിച്ച് ദീൻ പ്രചരിപ്പിക്കണം. ദീൻ പ്രബോധനം ചെയ്യണം. ശിക്ഷണം നല്കണം. അതിനാൽ ആദ്യം സ്വന്തം ഉള്ളിൽ തഖ്‌വ ഉണ്ടാക്കുക. തഖ്‌വയുണ്ടെങ്കിൽ എല്ലാ ജോലിയും മെല്ലെമെല്ലെ ആരംഭിക്കുന്നതാണ്. പറഞ്ഞു: വാളെടുക്കരുത്. "ഇതു നിഷിദ്ധമാണ്. നിങ്ങൾ തഖ്‌വാ കൈക്കൊള്ളുന്നവരാകുകയാണെങ്കിൽ മുഴുലോകവും നിങ്ങളോടൊപ്പമുണ്ടായിരിക്കും. അതുകൊണ്ട് തഖ്‌വ ഉണ്ടാക്കുക. മദ്യപിക്കുന്നവർ അല്ലെങ്കിൽ ആരുടെ മതത്തിന്റെ ചിഹ്നത്തിലാണോ മദ്യം വലിയ പങ്കുവഹിക്കുന്നത് അവർക്ക് തഖ്‌വയുമായി ഒരു ബന്ധവും ഉണ്ടാകുകയില്ല. അവർ നമ്മയോടു യുദ്ധം ചെയ്തുകൊണ്ടിരിക്കുന്നവരാണ്. അല്ലാഹു നമ്മുടെ ജമാഅത്തിനെ തിന്മയോടു യുദ്ധം ചെയ്യുന്നവരും തഖ്‌വയുടേയും പരിശുദ്ധിയുടേയും രംഗത്ത് അഭിവൃദ്ധി നല്കുന്നവരുമാകാൻ ഭാഗ്യവും തൗഫീഖും നല്കുകയാണെങ്കിൽ അതുതന്നെയാണ് വലിയ വിജയം. അതിനെക്കാളുപരി മറ്റൊരു കാര്യവും സ്വാധീനം ചെലുത്തുന്നതാകുകയില്ല. വാളുകൊണ്ട് യുദ്ധം ചെയ്യരുത്. ആദ്യം തഖ്‌വാ ഉണ്ടാക്കുന്നതിനുവേണ്ടി സ്വന്തം ആത്മാവിനോടു യുദ്ധം ചെയ്യേണ്ടതാണ്. പിന്നീട് മറ്റുള്ളവർക്കും സന്ദേശം എത്തിക്കാൻ കഴിയും. അതുകൊണ്ട് ജനങ്ങൾ വെറുക്കുകയുമില്ല. അവിടന്ന് പറയുന്നു: ഇക്കാലത്ത് മുഴുലോകത്തുമുള്ള മതങ്ങളെ നോക്കുക. മതത്തിന്റെ യഥാർഥ ഉദ്ദേശ്യമായ തഖ്‌വ അഥവാ ദൈവഭയം ഇല്ലാതായിപോയിരിക്കുന്നു. ഭൗതികാഗ്രഹങ്ങളെ ദൈവമാക്കി വെച്ചിരിക്കുന്നു. യഥാർഥ ദൈവം മറഞ്ഞുപോയിരിക്കുന്നു. സത്യവാനായ ദൈവത്തെ നിന്ദിക്കുന്നു. എന്നാൽ, താൻ അംഗീകരിക്കപ്പെടണമെന്ന് ദൈവം സ്വയം ആഗ്രഹിക്കുന്നു; ലോകത്തിന് അവനെക്കുറിച്ച് തിരിച്ചറിവുണ്ടാകണം. ആരാണോ ഭൗതികാഡംബരങ്ങളെ ദൈവമായി മനസ്സിലാക്കുന്നത് അവൻ ദൈവത്തിൽ സർവ്വവും ഭരമേല്പിക്കുന്നവനാകുകയില്ല."(മൽഫൂദാത്ത് വാള്യം 4 പേജ് 357-358, 1985 ലണ്ടൻ പതിപ്പ്)

അതുകൊണ്ട് ദൈവത്തിനോടുള്ള കടമ നിറവേറ്റുന്നതിന് പകരം നമ്മൾ ഭൗതികോദ്ദേശ്യങ്ങൾ കരസ്ഥമാക്കുന്നതിനുള്ള ശ്രമമാണോ നടത്തിക്കൊണ്ടിരിക്കുന്നതെന്ന് ഓരോരുത്തരും ആത്മപരിശോധന നടത്തേണ്ട ആവശ്യമുണ്ട്. അല്ലാഹുവിനോടുള്ള കടമ നിറവേറ്റണമെങ്കിൽ ദീനിനെ മുന്തിക്കേണ്ടതായിവരും. ഭൗതികോദ്ദേശ്യങ്ങൾ പിന്നിലേക്ക് വലിച്ചെറിയേണ്ടിവരും. അതിനാൽ നമ്മൾ നോക്കേണ്ടത് ദീനിനെ മുന്തിച്ചുകൊണ്ടിരിക്കുന്നുണ്ടോ എന്നാണ്. അതല്ല ദുൻയാവ് നമ്മുടെ ദീനിനുമേൽ വിജയിച്ചുകൊണ്ടിരിക്കുന്നുണ്ടോ എന്നാണ്. തഖ്‌വയിൽ വർധന ഉണ്ടായിക്കൊണ്ടിരിക്കുകയാണോ ഇടിവ് ഉണ്ടായിക്കൊണ്ടിരിക്കുകയാണോ എന്നാണ്.

ആത്മീയത വർധിപ്പിക്കുന്നതിനും അല്ലാഹുവിനോടു ബന്ധം ഉണ്ടാക്കുന്നതിനോടുമൊപ്പം സ്വന്തം ദീനിപരമായ അറിവ് വർധിപ്പിക്കുന്നതിലേക്ക് കൂടുതൽ ശ്രദ്ധ ക്ഷണിച്ചുകൊണ്ട് ഒരു അവസരത്തിൽ നമ്മെ ഹദ്റത്ത് മസീഹ് മൗഊദ്(അ) ഉപദേശിക്കുന്നു: "മുർശിദും മുരീദും തമ്മിലുള്ള ബന്ധങ്ങൾ, അധ്യാപകനും ശിഷ്യനും എന്ന ഉദാഹരണത്തിൽനിന്ന് മനസ്സിലാക്കേണ്ടതാണ്. ശിഷ്യൻ അധ്യാപകനിൽനിന്ന് ഫലമെടുക്കുന്നതുപോലെ മുരീദ് മുർശിദിൽനിന്ന് ഫലമെടുക്കുന്നു. ശിഷ്യൻ അധ്യാപകനോടു ബന്ധം വെക്കുകയും എന്നാൽ, തന്റെ പഠിത്തത്തിൽ ചുവടു മുന്നോട്ടു വെക്കാതിരിക്കുകയുമാണെങ്കിൽ ഫലമെടുക്കാൻ സാധിക്കുകയില്ല. ഇതേ അവസ്ഥയാണ് മുരീദിന്റേതും." ഉസ്താദിനോടു അല്ലെങ്കിൽ തന്റെ ടീച്ചറോടു ഒരു വിദ്യാർഥി വെറും ബന്ധം വെക്കുന്നു, അദ്ദേഹത്തെ അറിയാം എന്നാൽ, പഠിക്കുന്നില്ല അല്ലെങ്കിൽ അധ്യാപകൻ പറയുന്നതനുസരിച്ച് കർമം ചെയ്യുന്നില്ലെങ്കിൽ ഫലമുണ്ടാകുകയില്ല. ഇപ്രകാരംതന്നെ അവിടന്ന് പറഞ്ഞു:"മുരീദും മുർശിദും തമ്മിലുള്ള ബന്ധത്തിൽ അദ്ദേഹം പറയുന്ന കാര്യങ്ങൾ അനുസരിച്ച് പ്രവർത്തിക്കുന്നില്ലെങ്കിൽ കേവലം തനിക്ക് ബന്ധമുണ്ട് എന്നു പറയുന്നതുകൊണ്ട് മുരീദിന് ഫലമുണ്ടാകുകയില്ല. അവിടന്ന് പറഞ്ഞു:"ഈ ശൃംഖലയിൽ ബന്ധം സ്ഥാപിച്ച് സ്വന്തം മഅ്രിഫത്തും ഇൽമും വർധിപ്പിക്കേണ്ടതാണ്. സത്യാന്വേഷി ഒരു സ്ഥാനത്തെത്തി ഒരിക്കലും നിന്നുകളയാൻ പാടില്ല. അങ്ങനെ നിന്നാൽ ശപിക്കപ്പെട്ട ശയ്ത്വാൻ മറ്റു ഭാഗത്ത് കൊണ്ടുപോയി വിടും;കെട്ടിക്കിടക്കുന്ന വെള്ളത്തിൽ ദുർഗന്ധമുണ്ടാകുന്നതുപോലെ!" (ജലം കെട്ടി കിടക്കുകയാണെങ്കിൽ അതിൽനിന്ന് നാറ്റമുണ്ടാകുന്നു). "ഇപ്രകാരം സത്യവിശ്വാസി തന്റെ അഭിവൃദ്ധിക്കുവേണ്ടി ശ്രമിക്കുന്നില്ലെങ്കിൽ വീണുപോകുന്നു." ശരിയായ സത്യവിശ്വാസിയാണെങ്കിൽ അഭിവൃദ്ധിയിലേക്ക് ചുവടു ഉയരേണ്ടതാണ്. ഒരു സ്ഥലത്ത് നില്ക്കുകയാണെങ്കിൽ അവിടെ നില്ക്കാൻപറ്റാതെ താഴെ വീഴുന്നതാണ്. അഗാധ ഗർത്തത്തിൽചെന്നു വീഴുന്നതാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: സൗഭാഗ്യവാന്റെ നിർബന്ധകടമയാണ് ദീനിന്റെ അന്വേഷണത്തിൽ മുഴുകിയിരിക്കുക എന്നത്. നമ്മുടെ നബി(സ) തിരുമേനിയേക്കാൾ സമ്പൂർണ മനുഷ്യരാരും ലോകത്ത് കടന്നുകഴിഞ്ഞിട്ടില്ല. പക്ഷേ, ആ മഹാത്മാവിനോടു റബ്ബി സിദ്നീ ഇൽമാ എന്ന് ദുആ ചെയ്യാൻ പറഞ്ഞു. അപ്പോൾ തന്റെ ദൈവജ്ഞാനത്തിലും അറിവിലും പൂർണമായി വിശ്വസിച്ചുകൊണ്ട് ഒരിടത്ത് നില്ക്കുന്നവനും തുടർന്ന് അഭിവൃദ്ധി ആവശ്യമില്ലെന്ന് കരുതുന്നവനുമാരാണ്? മനുഷ്യൻ പടിപടിയായി അറിവിലും ഈശ്വരജ്ഞാനത്തിലും അഭിവൃദ്ധിപ്പെടുമ്പോൾ, ഇനിയും ഒരുപാട് കാര്യങ്ങൾ പരിഹരിക്കപ്പെടേണ്ടതുണ്ടെന്ന് അവന് മനസ്സിലായിക്കൊണ്ടിരിക്കും. ചില കാര്യങ്ങൾ അവർ പ്രഥമദൃഷ്ടിയിൽ ജ്യോമട്രിയിലെ വരകളെ നിർർഥമായി മനസ്സിലാക്കുന്ന കുട്ടികളെ പോലെ തികച്ചും വ്യർഥമായി മനസ്സിലാക്കുന്നു. അവസാനം അതേ കാര്യങ്ങൾ സത്യസാക്ഷ്യത്തിന്റെ രൂപത്തിൽ അവർക്ക് കാണാൻ കഴിയുന്നു. അതുകൊണ്ട് സ്വന്തം നില മാറ്റുന്നതിനോടൊപ്പം ജ്ഞാനം വർധിപ്പിക്കുന്നതിന് എല്ലാകാര്യങ്ങളും പൂർത്തിയാക്കേണ്ടത് എത്രമാത്രം നിർബന്ധമാണ്. നിങ്ങൾ ഒരുപാട് നിരർഥമായ കാര്യങ്ങൾ ഉപേക്ഷിച്ചുകൊണ്ടാണ് ഈ ജമാഅത്ത് സ്വീകരിച്ചത്. അപ്പോൾ നിങ്ങൾ ഇതിനെക്കുറിച്ച് പൂർണമായും അറിവും ഉൾക്കാഴ്ചയും കരസ്ഥമാക്കുന്നില്ലെങ്കിൽ നിങ്ങൾക്കെന്ത് ഫലമുണ്ടാകാനാണ്?" തങ്ങൾ ബയ്അത്തു ചെയ്തു, അഹ്മദിയായി, അല്ലെങ്കിൽ തങ്ങൾ ജന്മനാ അഹ്മദിയാണ് എന്നതിലൊന്നും ഒരു കാര്യവുമില്ല. അറിവ് കരസ്ഥമാക്കാത്തിടത്തോളം, സ്വന്തം അറിവ് വർധിപ്പിക്കാത്തിടത്തോളം, ദീനീപരമായ ജ്ഞാനം വർധിപ്പിക്കാത്തിടത്തോളം ജന്മനാ അഹ്മദിയാണെന്നത് ഒരു ഫലവും ചെയ്യുകയില്ല. സ്വയം ബയ്അത്തു ചെയ്യുന്നതും ഒരു ഗുണവും ചെയ്യുകയില്ല. അറിവ് വർധിപ്പിക്കുന്നില്ലെങ്കിൽ നിങ്ങളുടെ ദൃഢവിശ്വാസത്തിലും ഈശ്വരീയ ജ്ഞാനത്തിലും ശക്തി എങ്ങനെ ഉണ്ടാകാനാണ്? നിസാരകാര്യങ്ങളിൽ സംശയവും സന്ദേഹവും ഉണ്ടാകുകയാണെങ്കിൽ അവസാനം കാലിടറിപ്പോകുമോ എന്ന ആശങ്കയുണ്ടാകുന്നു." (മൽഫൂദാത്ത് വാള്യം 3 പേജ് 193 1985 ലണ്ടൻ പതിപ്പ്).

പിന്മാറിക്കളയുന്ന ധാരാളമാളുകളുണ്ട്. അല്ലെങ്കിൽ ആക്ഷേപമുണ്ടാകാൻ തുടങ്ങുന്നു. അല്ലെങ്കിൽ തങ്ങളുടെ ബന്ധുക്കൾ അഹ്മദികളായതുകൊണ്ട് അഹ്മദികളാകുന്നവരുമുണ്ട്. അവർക്ക് ഒരുപ്രയോജനവുമില്ല. അവർ അറിവ് കരസ്ഥമാക്കുകയാണെങ്കിൽ എത്രമാത്രം സംശയങ്ങളും സന്ദേഹങ്ങളുമുണ്ടെങ്കിലും അകലുന്നതായിരിക്കും. പിന്നീട് ചുവടുകൾ ഇളകുകയില്ല. ശേഷം ശയ്ത്വാൻ ആക്രമണം നടത്തുകയുമില്ല.

വിശുദ്ധഖുർആനിൽ ആലോചിക്കാനും ചിന്തിക്കാനും ഹദ്റത്ത് മസീഹ് മൗഊദ്(അ) ആദ്യം ഉപദേശിച്ചിരുന്നതുപോലെ അവിടത്തെ ഗ്രന്ഥങ്ങൾ വായിക്കാനും ദീനീപരമായ അറിവ് വർധിപ്പിക്കാനും നമ്മൾ ശ്രദ്ധിക്കേണ്ടതാണ്. ഖിലാഫത്തുമായി ബന്ധപ്പെട്ടിരിക്കാനും ശ്രമിക്കേണ്ടതാണ്. അല്ലാഹു അതിനുവേണ്ടി എം.ടി.എയുടെ അനുഗ്രഹം നല്കിയിരിക്കുന്നു. അതുമുഖേന ബന്ധം നിലനിറുത്തേണ്ടതാണ്. ഖലീഫത്തുൽ മസീഹിന്റെ എല്ലാ പരിപാടികളും പ്രയോജനപ്പെടുത്തേണ്ടതാണ്. ഈ ബന്ധത്തെ പ്രത്യേക ശ്രദ്ധയോടുകൂടി നിലനിറുത്തിയിട്ടുള്ളവർ ധാരാളം പേരുണ്ട്. അവർ എം.ടി.എ കേൾക്കുന്നു. എം.ടി.ഏ യുമായി അവർക്ക് ബന്ധമുണ്ട്. അവരുടെ വിശ്വാസത്തിൽ അഭിവൃദ്ധിയുണ്ടായിട്ടുണ്ടെന്ന് പറഞ്ഞ് അവരുടെ കത്തുകളും എനിക്കു ലഭിക്കാറുണ്ട്. ഇത് വളരെ വലിയൊരു മാർഗമാണ്. ഇതിൽനിന്ന് എല്ലാ അഹ്മദിയും ഫലമെടുക്കേണ്ടതാണ്.

പരസ്പരം സ്നേഹിക്കേണ്ടതിനേയും പര

സ്പരമുള്ള ബുദ്ധിമുട്ടുകൾ മനസ്സിലാക്കേണ്ട തിനേയും പരസ്പരമുള്ള കടമകൾ നിർവഹി ക്കേണ്ടതിനേയും കുറിച്ച് ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു: "ആഭ്യന്തരമായ നില യിൽ ജമാഅത്തിലുള്ള എല്ലാവരും ഒരു പദവി യിലുള്ളവർ ആകുകയില്ലെന്നതാണ് യഥാർഥ കാര്യം." എല്ലാവരും സമാനരാകുക എന്നത് ഒരിക്കലും നടക്കുകയില്ല. "ഗോതമ്പ് വിയ്ക്കു മ്പോൾ എല്ലാം ഒരുപോലെയാണോ കിളിർക്കു ന്നത്?" നമ്മൾ ഭൂമിയിൽ ഗോതമ്പിന്റെ വിത്ത് വിതയ്ക്കുന്നു. അത് മുഴുനും മുളയ്ക്കുകയല്ല. "ഒരുപാട് വിത്തുകൾ പാഴായിപ്പോകാറുണ്ട്. ചിലത് പക്ഷികൾ തിന്നുന്നു. ചിലത് മറ്റേതെ ങ്കിലും വിധേന വിളവു തരികയില്ല." അവയിൽ ഫലംപിടിക്കുകയില്ല. "ചുരുക്കത്തിൽ അവയിൽ സമർഥമായിട്ടുള്ളത്"(നല്ലതായിട്ടുള്ളത്, മുള യ്ക്കാനുള്ള ശക്തിയുള്ളത്)"അവയെ ആർക്കും നഷ്ടപ്പെടുത്തിക്കളയാൻ പറ്റുകയില്ല. അല്ലാഹു വിനുവേണ്ടി തയ്യാറാക്കപ്പെടുന്ന ജമാഅത്തും 'കസർഇൻ' ആണ്."(കൃഷിയിടംപോലെയാണ്). "അതിനാൽ ഇതിന്റെ അടിസ്ഥാനത്തിൽ അതി ന്റെ അഭിവൃദ്ധി നിർബന്ധമാണ്." ചിലർ ദീനി ന്റെ അറിവ് കൂടുതലുള്ളവരായിരിക്കും. ചിലർ അറിവ് കുറഞ്ഞവരായിരിക്കം. ചിലർക്ക് ചില തിൽ കഴിവുണ്ടായിരിക്കും. ചിലരിൽ എന്തെങ്കി ലും നന്മയുണ്ടാകും. അവരവരുടെ കഴിവുകള നുസരിച്ച് അവർ തഴച്ചു വളരുന്നു. അതിനാൽ കഴിവുള്ളവരുടെ ജോലിയാണ് ദുർബലരായവ രെ ഒപ്പം നടത്തുക എന്നത്. അതുകൊണ്ട് ദുർ ബലരായ സഹോദരങ്ങളെ സഹായിക്കുകയും അവർക്കു ശക്തി പകരുകയും ചെയ്യുക എന്നത് പതിവാക്കേണ്ടതാണ്. ഇത് എത്രമാത്രം ഉചിത മല്ലാത്ത കാര്യമാണ്; രണ്ടു സഹോദരങ്ങളുണ്ട്. ഒരാൾക്ക് നീന്താനറിയാം, മറ്റവന് അറിയില്ല. അപ്പോൾ ആദ്യത്തവൻ മറ്റവനെ രക്ഷിക്കുക യാണോ വേണ്ടത്? അതല്ല മുങ്ങിച്ചാകാൻ വിടു കയാണോ വേണ്ടത്? രണ്ടാമത്തവനെ മുങ്ങുന്ന തിൽനിന്ന് രക്ഷിക്കുക എന്നത് ആദ്യത്തവന്റെ നി ർബന്ധ കടമയാണ്. അതുകൊണ്ടാണ് വ തആ വനൂ അലൽ ബിർറി വത്തഖ്‌വാ എന്ന് വിശുദ്ധ ഖുർആനിൽ വന്നിരിക്കുന്നത്. നന്മയിലും ഈ ശ്വരഭക്തിയിലും ഒരാൾ മറ്റൊരാളെ സഹായി ക്കുക. അവിടന്ന് പറഞ്ഞു: ദുർബലനായ സഹോ ദരന്റെ ഭാരം വഹിക്കുക. കർമപരവും വിശ്വാ സപരവും സാമ്പത്തികപരവുമായ ബലഹീനത കളിലും പങ്കാളിയാകുക." കർമപരമായ ബല ഹീനത ഉണ്ടെങ്കിൽ അതിലും പങ്കാളിയാകുക. അവരുടെ കർമപരമായ ബലഹീനത സ്വീകരിച്ചു കൊണ്ട് പങ്കാളിയാകുകയാണോ? ഒരിക്കലുമല്ല. അവ അകറ്റുന്നതിനുവേണ്ടി ശ്രമിക്കുക. സാമ്പ ത്തികമായ ബലഹീനതയാണെങ്കിൽ, അത കറ്റാൻ സഹായിക്കാൻ കഴിയുമെങ്കിൽ സഹായി ക്കുക. ഇല്ലെങ്കിൽ ജമാഅത്ത് വ്യവസ്ഥിതിയോ ടു പറയുക. സാധിക്കുന്നിടത്തോളം ജമാഅത്തു വ്യവസ്ഥിതി സഹായിക്കുക. അവിടന്ന് പറഞ്ഞു: "ശാരീരികമായ ബലഹീനതകളും ചികിത്സിക്കു ക." ആരോഗ്യാവസ്ഥയിലല്ലെങ്കിൽ, രോഗിയാ ണെങ്കിൽ ചികിത്സിപ്പിക്കുക. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു: "ദുർബലർക്ക് ബലവാ ന്മാർ ശക്തി പകരാത്തിടത്തോളം ഒരു ജമാഅ ത്തും, ജമാഅത്താകുകയില്ല. അതിന്റെ രൂപം അവരുടെ ബലഹീനതകൾ മറച്ചുവെക്കുക എ ന്നതാണ്." പരസ്പരം കുറ്റവും കുറവും പ റയുന്നതിനുപകരം ദൗർബല്യങ്ങൾ മറച്ചുവെ ക്കുക."പുതിയ മുസ്‌ലിംകളുടെ ബലഹീനത കൾ കണ്ട് ദ്വേഷം പിടിക്കരുതെന്നായിരുന്നു സ്വഹാബാക്കൾക്ക് നല്കിയ പാഠം. കാരണം നി ങ്ങളും അത്തരം ബലഹീനരായിരുന്നു. ഇപ്രകാ രം വലിയവർ ചെറിയവരെ സേവിക്കേണ്ടതും അനിവാര്യമാണ്. സ്നേഹത്തോടും മൃദുലഭാവ ത്തോടുംകൂടി പെരുമാറുക."

"പരസ്പരം കടിച്ചുകീറി തിന്നുന്ന ജമാ അത്ത് ഒരിക്കലും യഥാർഥ ജമാഅത്താകുക യില്ല. നാലുപേർ കൂടിയിരുന്നാൽ തങ്ങളുടെ പാ വപ്പെട്ട സഹോദരനെ കുറിച്ച് പരദൂഷണം പ റയുന്ന ജമാഅത്തും യഥാർഥ ജമാഅത്താകുക യില്ല." പരസ്പരം ആർക്കും ആരേയും തിന്നാൻ കഴിയുകയില്ലല്ലോ? ഇവിടെ തിന്നുക എന്നതു കൊണ്ടുള്ള പരദൂഷണം പറയുകയാണെന്ന് അല്ലാഹു വ്യക്തമാക്കിയിരിക്കുന്നു. പരനിന്ദ ചെയ്യുന്നതും പരദൂഷണം പറയുന്നതും സ്വന്തം സഹോദരന്റെ ശവശരീരം തിന്നുന്നതുപോലെ യാണ്. അതുകൊണ്ട് തിന്മകൾ നോക്കരുത്. എല്ലാ ഓരോരുത്തരുടേയും നന്മകൾ നോക്കു ക. അവിടന്ന് പറഞ്ഞു:"പരസ്പരം കടിച്ചുകീ റിതിന്നാൻ നടക്കുന്ന, നാലുപേർ കൂടിയാൽ സാധുസഹോദരനെ കുറിച്ച് ദൂഷണ പറയുന്ന ജമാഅത്ത് യഥാർഥ ജമാഅത്താകുകയില്ല." (അവന്റെ ദോഷങ്ങൾ പറയാൻ തുടങ്ങുക)." കുറ്റവും കുറവും പറഞ്ഞുകൊണ്ടിരിക്കുകയും ദുർബലരേയും സാധുക്കളേയും നിന്ദിക്കുകയും അവരെ നിന്ദാദൃഷ്ടിയോടെ നോക്കുകയും ചെ യ്യുക. അങ്ങനെ ഒരിക്കലും പാടില്ല. പ്രത്യുത കൂടിച്ചേരുമ്പോഴും ശക്തി ഉണ്ടാകുകയും ഐ ക്യം ഉണ്ടാകുകയും വേണം. അതുമുഖേന സ്നേഹമുണ്ടാകുന്നു. അനുഗ്രഹങ്ങൾ ഉണ്ടാ കുന്നു. നിസാരകാര്യങ്ങളിൽ ഭിന്നിപ്പുകളുണ്ടാ കുന്നത് ഞാൻ കാണുന്നു. ഇതിന്റെ ഫലമായി എതിരാളികൾ നമ്മുടെ നിസാര കാര്യങ്ങളിൽ ദൃഷ്ടി ഊന്നുകയും പത്രങ്ങളിൽ വലുതാക്കി പ്രസിദ്ധീകരിക്കുകയും ചെയ്യുന്നു." അവിടന്നു പറഞ്ഞു:"സൃഷ്ടികളെ (ഇക്കാരണത്താൽ) പി ന്നീട് വഴിതെറ്റിക്കുന്നു." ജനങ്ങളോടു പറയു ന്നു, ഇവരിൽ ഇന്ന ഇന്ന ദോഷങ്ങളുണ്ടെന്ന്. സാധാരണക്കാർ കാര്യം അന്വേഷിക്കുന്നില്ല. അങ്ങനെ വഴിതെറ്റിപ്പോകുന്നു." അവിടന്ന് പ റഞ്ഞു: 'ആഭ്യന്തരമായ ദൗർബല്യങ്ങൾ ഇല്ലെ ങ്കിൽ ഇത്തരം ലേഖനങ്ങൾ പ്രസിദ്ധീകരിക്കാ നും അത്തരം വാർത്തകൾ കൊടുത്ത് ജന ങ്ങളെ വഞ്ചിക്കാനും ആർക്കാണ് ധൈര്യമുണ്ടാ കുക. ധാർമികമായ ശക്തികളെ വിശാലമാക്കാ ത്തതെന്തുകൊണ്ടാണ്. അതിനു കഴിയുന്നത് സഹതാപവും സ്നേഹവും മാപ്പും കരുണയും സാധാരണമാക്കുമ്പോഴാണ്. എല്ലാ ശീലങ്ങ ളിലും കരുണയും സഹതാപവും തെറ്റുകൾ മറച്ചുവെക്കുന്നതും മുന്തിക്കുമ്പോഴാണ്." ഒരാ ളുടെ തെറ്റുകുറ്റങ്ങൾ കണ്ടാൽ അതു മറച്ചുവെ ക്കേണ്ടതാണ്. അയാളുടെ കുറവുകൾ പരസ്യ പ്പെടുത്താൻ പാടില്ല. അയാളുടെ ബലഹീനത കൾ വെളിയിൽ കൊണ്ടുവരാൻ പാടില്ല. ഈ യിടെയായി വിസ്മയകരമായ സമ്പ്രദായമാ ണുണ്ടായിട്ടുള്ളത്. ഇപ്പോൾ ഭാര്യയും ഭർത്താ വും പോലും തങ്ങളുടെ ദൗർബല്യങ്ങൾ പര സ്യപ്പെടുത്താൻ തുടങ്ങിയിരിക്കുന്നു! അതു റെ ക്കോർഡിംഗ് ചെയ്യാൻ തുടങ്ങിയിരിക്കുന്നു. അവി ടന്ന് പറഞ്ഞു: "മനസ്സിനെ വ്രണപ്പെടുത്തുന്നതും വേദനയ്ക്കു നിമിത്തമാകുന്നതുമായ ചെറിയ ചെറിയ കാര്യങ്ങളിൽ അത്തരം കഠിനമായ പി ടിത്തം പാടില്ലാത്താതാണ്." (മൽഫൂദാത്ത് വാ ള്യം 3 പേജ് 347–348, 1985 ലണ്ടൻ പതിപ്പ്)

പിന്നീട് സാഹോദര്യവും സഹതാപവും ഉപ ദേശിച്ചുകൊണ്ട് അവിടന്ന് പറയുന്നു: "പരസ്പ രം സത്യസന്ധമായ സഹതാപം കാണിക്കാ ത്തിടത്തോളം നമ്മുടെ ജമാഅത്തിന് പച്ചനിറ മുണ്ടാകുകയില്ല." പുഷ്പിക്കണമെങ്കിൽ, കായ് ക്കണമെങ്കിൽ പരസ്പരം സത്യസന്ധമായ സഹ താപമുണ്ടാകേണ്ടതാണ്. "പൂർണമായും ശക്തി നല്കപ്പെട്ടിട്ടുള്ളവർ അശക്തരായവരെ സ്നേ ഹിക്കുക." ആർക്കാണോ കഴിവ് നല്കപ്പെട്ടിട്ടു ള്ളത് അവർ കഴിവില്ലാത്തവരെ സ്നേഹിക്കുക

അവിടന്ന് പറയുന്നു: "ആരുടെയെങ്കിലും പി ഴവ് കണ്ടാൽ അവനോട് നല്ല രീതിയിൽ പെ രുമാറുന്നില്ലെന്ന് ഞാൻ കേൾക്കുന്നു. മറിച്ച്, അവനോടു വെറുപ്പോടും വിദ്വേഷത്തോടുംകൂടി പെരുമാറുന്നു. വാസ്തവത്തിൽ അവനുവേണ്ടി ദുആ ചെയ്യുകയും അവനെ സ്നേഹിക്കുക യും മൃദുലതയോടും സൽസ്വഭാവത്തോടും കൂടി മനസ്സിലാക്കിക്കൊടുക്കുകയുമാണ് വേണ്ടി യിരുന്നത്. എന്നാൽ, അതിനുപകരം പകയാ ണ് കൂടുതൽ ഉണ്ടാകുന്നത്. മാപ്പുകൊടുക്കു ന്നില്ലെങ്കിൽ, സഹതാപം കാണിക്കുന്നില്ലെ ങ്കിൽ അങ്ങനെ മെല്ലെ മെല്ലെ തെറ്റിപ്പോയി അന്ത്യം മോശമായിത്തീരുന്നു." അവിടന്ന് പ റയുന്നു:"അല്ലാഹുവിന് ഈ പ്രവർത്തനങ്ങൾ ഇഷ്ടമല്ല. പരസ്പരം അനുകമ്പയോടെ വർത്തി ക്കുകയും, തെറ്റുകുറ്റങ്ങൾ മറച്ചുവെക്കുകയും ചെയ്യുമ്പോഴാണ് ജമാഅത്ത്, ജമാഅത്തായി തീരുന്നത്. ഈ അവസ്ഥ ഉണ്ടാകുമ്പോൾ ഒരു ശരീരമായിക്കൊണ്ട് ഒരാൾ മറ്റൊരാളുടെ അവയവമായിത്തീരുന്നു. തന്നത്താൻ സ്വന്തം സഹോദരനെക്കാളുപരി മറ്റുള്ളവരെ മനസ്സിലാ ക്കുന്നു. ഒരാളുടെ മകനിൽ നിന്ന് എന്തെങ്കിലും തെറ്റുണ്ടായാൽ അത് മറച്ചുവെക്കുകയാണ് ചെയ്യാറ്. അവനെ പ്രത്യേകം വിളിച്ച് മനസ്സിലാ ക്കിക്കൊടുക്കുന്നു. അത് പരസ്യമാക്കാൻ ഒരി ക്കലും ആഗ്രഹിക്കുകയില്ല." സ്വന്തം മകന്റെ എന്തെങ്കിലും തെറ്റു കണ്ടാൽ അവന്റെ ദോഷം ലോകത്ത് പ്രചരിപ്പിക്കാറില്ല. അടുത്ത ബന്ധു വാണെങ്കിൽ അവന്റെ ദോഷങ്ങൾ മറച്ചുവെ ക്കുന്നു. അത് പ്രചരിപ്പിക്കുകയില്ല."അവിടന്ന് പറയുന്നു:"അപ്പോൾ അല്ലാഹു സഹോദരന്മാ രാക്കുമ്പോൾ സഹോദരങ്ങളോടുള്ള കടമാനി ർവഹണം ഇതാണോ? ഇവിടെ സഹോദരൻ എന്നതുകൊണ്ടുള്ള ഉദ്ദേശ്യം എല്ലാ അടുത്ത ബന്ധുക്കളുമാണ്. "ഭൗതികസഹോദരൻ സാ ഹോദര്യത്തിന്റെ മാർഗം ഉപേക്ഷിക്കുകയില്ല." തന്റെ ബന്ധുക്കളുടെ ഉദാഹരണം നല്കി." ഞാൻ മിർസാ നിളാമുദ്ദീൻ തുടങ്ങിയവരെ കാണുന്നു." ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ ബന്ധുക്കളായിരുന്നു മിർസാ നിളാമുദ്ദീൻ

## കലാമുൽ ഇമാം:–

**"വിശുദ്ധഖുർആൻ മനസ്സിലാക്കുന്നതിനും അതനുസരിച്ച് സന്മാർഗം പ്രാപിക്കുന്നതിനും തഖ്‌വ അത്യാവശ്യമായ മൂലധനമാണ്." (മൽഫൂദാത്ത്, വാല്യം 5, പേജ് 121)**

**ത്വാലിബെ ദുആ:**
കെ. മുഹമ്മദ് ശരീഫും കുടുംബവും അഹ്മദിയ്യാ ജമാഅത്ത്, വാണിയമ്പലം (കേരള)

## കലാമുൽ ഇമാം:–

**"ഇസ്‌ലാം യഥാർഥമായ ഈശ്വരജ്ഞാനം പ്രദാനം ചെയ്യുന്നു. അതുമുഖേന മനുഷ്യന്റെ പാപപങ്കിലമായ ജീവിതത്തിനുമേൽ മരണം സംഭവിക്കുന്നു."(മൽഫൂദാത്ത്, വാല്യം 4, പേജ് 344).**

**ത്വാലിബെ ദുആ:**
അഹ്മദിയ്യാ ജമാഅത്തംഗങ്ങൾ മുറിയക്കണ്ണി (കേരള)

തുടങ്ങിയവർ. അവർ അദ്ദേഹത്തിന്റെ എതിരാളികളുമായിരുന്നു. ദീനിനിൽനിന്ന് അകന്നവരുമായിരുന്നു. "അവരുടേത് വേർപെട്ടുള്ള ജീവിതമായിരുന്നു. പക്ഷേ, എന്തെങ്കിലും കാര്യമുണ്ടായാൽ മൂന്നുപേരും ഒത്തുചേരുമായിരുന്നു. ദാരിദ്ര്യമൊന്നുപ്രശ്നമാകുമായിരുന്നില്ല."അവിടന്ന് പറഞ്ഞു: "ചിലപ്പോൾ മനുഷ്യൻ മൃഗങ്ങളിൽനിന്ന് കുരങ്ങുകൾ, നായ്ക്കൾ എന്നിവയിൽനിന്ന് പഠിക്കാറുണ്ട്. ആഭ്യന്തരമായ ഭിന്നിപ്പുണ്ടാകുക എന്നത് അനുഗ്രഹമില്ലാത്ത വഴിയാണ്. അല്ലാഹു സ്വഹാബത്തിനേയും നിഅ്മത്തിന്റേയും സാഹോദര്യത്തിന്റേയും ഇതേ മാർഗമാണ് ഓർമിപ്പിച്ചത്. അവർ മലയോളം സ്വർണം ചെലവഴിച്ചാലും നബി(സ)തിരുമേനി മുഖേന അവർക്കു ലഭിച്ച ആ സാഹോദര്യം അവർക്കു ലഭിക്കുമായിരുന്നില്ല. ഇതേ രീതിയിലാണ് അല്ലാഹു ഈ ജമാഅത്ത് രൂപീകരിച്ചിട്ടുള്ളത്. അതേ രീതിയിലുള്ള സാഹോദര്യം അവൻ ഇവിടെ സ്ഥാപിക്കുന്നതാണ്." അവിടന്ന് പറഞ്ഞു:"അല്ലാഹുവിൽ എനിക്ക് വലിയ പ്രതീക്ഷകളാണുള്ളത്. *ജാഇലുല്ലദീനത്തബഊക്ക ഫൗഖല്ലദീന കഫറൂ ഇലാ യൗമിൽ ഖിയാമത്തി* എന്ന് അവൻ വാഗ്ദാനം ചെയ്തിരിക്കുന്നു.(3:56) നിന്നെ പിൻപറ്റിയവരെ നിഷേധിച്ചവരുടെമേൽ ഖിയാമത്തുന്നാൾവരെ ഉയർത്തിവെക്കുന്നതാണ്. എന്നാൽ, ഈ ദിനങ്ങൾ പരീക്ഷണത്തിന്റേതാണ്. അശക്തിയുടെ ദിനങ്ങളാണ്." അക്കാലം അശക്തിയുടേതായിരുന്നു.

അശക്തിയുടെഅവസ്ഥകളിലൂടെനീങ്ങിക്കൊണ്ടിരിക്കുന്ന പാക്കിസ്താനിലെ അഹ്മദികൾ ഇക്കാര്യത്തിൽ ദൃഷ്ടിവെക്കേണ്ടതാണ്; ഈയിടെയായി അവിടത്തെ ഭരണകൂടവും നിയമസ്ഥാപനങ്ങളുംസംഘാടകരുംഅഹ്മദികൾക്കെതിരെ മുമ്പത്തെക്കാളധികം പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ്. ഈ ദിനങ്ങളിൽ പ്രത്യേകിച്ചും സ്വന്തം അവസ്ഥകളിൽ പരിവർത്തനമുണ്ടാക്കാൻ ശ്രമിക്കേണ്ടതാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു: "അശക്തിയുടെ ദിനങ്ങളാണ്. സ്വന്തം പരിഷ്കരണത്തിനും സ്വന്തം അവസ്ഥയിൽ മാറ്റമുണ്ടാക്കുന്നതിനും എല്ലാ ഓരോരുത്തർക്കും അവസരം നല്കപ്പെടുന്നു. നോക്കൂ! ഒരാൾ മറ്റൊരാളെ കുറിച്ച് പരാതിപ്പെടുന്നതും, ഹൃദയം വ്രണപ്പെടുത്തുന്നതും കഠിനമായ ഭാഷ ഉപയോഗിച്ച് മറ്റുള്ളവരുടെ മനസ്സ് വേദനപ്പെടുത്തുന്നതും ദുർബലരേയും സാധുക്കളേയും നിന്ദ്യരായി മനസ്സിലാക്കുന്നതും കഠിനമായ പാപമാണ്. ഇപ്പോൾ നിങ്ങളിൽ ഒരു പുതിയ സാഹോദര്യവും ഭ്രാതൃത്വവും സ്ഥാപിതമായിരിക്കുകയാണ്. കഴിഞ്ഞ പരമ്പര മുറിഞ്ഞുപോയിരിക്കുന്നു. അല്ലാഹു ഈ പുതിയ സമൂഹത്തെ ഉണ്ടാക്കിയിരിക്കുന്നു. ഇതിൽ സമ്പന്നരും ദരിദ്രരും കുട്ടികളും യുവാക്കളും വൃദ്ധരും തുടങ്ങി എല്ലാതരത്തിലുള്ള ആളുകളുമുണ്ട്. അതിനാൽ ദരിദ്രരുടെ നിർബന്ധകടമയാണ് തങ്ങളുടെ ആദരണീയരായ സഹോദരങ്ങളെ ബഹുമാനിക്കുക എന്നത്, അവരെ ആദരിക്കുക. സമ്പന്നന്മാരുടെ നിർബന്ധകടമയാണ് സാധുക്കളെ സഹായിക്കുക എന്നത്. അവരെ അഗതികളും നിന്ദ്യരുമായി മനസ്സിലാക്കരുത്. കാരണം പിതാക്കൾ വേറെ വേറെയാണെങ്കിലും അവരും സഹോദരങ്ങളാണ്. നിങ്ങളുടെ എല്ലാവരുടേയും ആത്മീയപിതാവും ഒരാൾ തന്നെയാണല്ലോ. അവർ ഒരേയൊരു മരത്തിന്റെ ശാഖകളാണ്." (മൽഫൂദാത്ത് വാല്യം 3 പേജ് 348–349, 1985 ലണ്ടൻ പതിപ്പ്).

അവിടന്ന് നമ്മുടെ പരിഷ്കരണത്തിന് തന്റെ ഗ്രന്ഥമായ കശ്തിയെ നൂഹ് ആവർത്തിച്ച് വായിക്കാൻ ഉപദേശിച്ചു. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: "ഈ ബയ്അത്തു ചെയ്തു മാത്രം വിശ്വസിച്ചിരിക്കരുതെന്ന് ഞാൻ പല പ്രാവശ്യവും എന്റെ ജമാഅത്തിനോടു പറഞ്ഞിട്ടുള്ളതാണ്. അതിന്റെ യാഥാർഥ്യംവരെ എത്താത്തിടത്തോളം മോക്ഷമില്ല. പുറന്തോടിൽ ആശ്വാസം കൊള്ളുന്നവൻ കാമ്പിൽനിന്ന് പിന്തള്ളപ്പെടുന്നു." ഉള്ളിലുള്ള വസ്തു കരസ്ഥമാക്കാൻ ശ്രമിക്കാതെ ബാഹ്യമായ **Shell** (പുറംതോടു) മാത്രം നോക്കിയാൽ പോര. അവിടന്ന് പറഞ്ഞു: "ശിഷ്യൻ സ്വയം പ്രവർത്തിക്കുന്നില്ലെങ്കിൽ ഗുരുവിന്റെ മഹത്ത്വം അവന് ഒരു ഗുണവും ചെയ്യുകയില്ല. ഒരു വൈദ്യൻ ആർക്കെങ്കിലും മരുന്നെഴുതി കൊടുക്കുകയും ആ കുറിപ്പടി കൊണ്ടുപോയി ഉപയോഗിക്കാതെ അയാൾ വെക്കുകയും ചെയ്താൽ ഒരു ഗുണവുമുണ്ടാകുകയില്ല." ഡോക്ടറിൽനിന്ന് മരുന്നെഴുതിവാങ്ങി ഉപയോഗിക്കാതെ രോഗം സുഖമായില്ല എന്ന് പറയുന്നതുപോലെയാണത്. ഇതേ അവസ്ഥതന്നെയാണ് ആത്മീയ രോഗികളുടേതും. കാര്യങ്ങൾകേട്ട് കർമങ്ങൾ ചെയ്യുന്നില്ലെങ്കിൽ ഒരു ഫലവമുണ്ടാകുകയില്ല. അവിടന്ന് പറഞ്ഞു:"ഒരിക്കലും ഗുണമുണ്ടാകുകയില്ല. കാരണം ഗുണമുണ്ടാകേണ്ടത് അതിലെഴുതിയിരിക്കുന്നതനുസരിച്ചുള്ള കർമത്തിന്റെ ഫലമായാണ്. അതിൽനിന്ന് അയാൾ സ്വയം പിന്തള്ളപ്പെട്ടുപോയി." അവിടന്ന് പറഞ്ഞു: "കശ്തിയെനൂഹ് ആവർത്തിച്ച് വായിക്കുക. അതനുസരിച്ച് നിങ്ങളെ ആക്കിത്തീർക്കുക. *ഖദ് അഫ്ലഹ മൻസക്കാഹാ.*(91:10) സ്വന്തം ആത്മാവിനെ ശുദ്ധീകരിച്ചവൻ തീർച്ചയായും വിജയം പ്രാപിച്ചു." അവിടന്ന് പറഞ്ഞു: "ആയിരക്കണക്കിന് കള്ളന്മാരും വ്യഭിചാരികളും ദുഷ്ടന്മാരും മദ്യപാനികളും തെമ്മാടികളും നബി(സ)തിരുമേനിയുടെ ഉമ്മത്തിൽപ്പെട്ടവരാണെന്ന് വാദിക്കുന്നവരായിട്ടുണ്ട്. എന്നാൽ, അവർ വാസ്തവത്തിൽ അങ്ങനെയാണോ? ഒരിക്കലുമല്ല. അവിടത്തെ അധ്യാപനമനുസരിച്ച് പൂർണമായും പ്രവൃത്തിക്കുന്നവനാണ് ഉമ്മത്തി."(മൽഫൂദാത്ത് വാല്യം 4 പേജ് 232–233, 1985 ലണ്ടൻ പതിപ്പ്)

പിന്നീട് കശ്തിയെ നൂഹ് എന്ന ഗ്രന്ഥം ജമാഅത്തുകളിൽ വായിച്ചു കേൾപ്പിക്കാനും വായിക്കുന്നതിലേക്ക് ശ്രദ്ധ ക്ഷണിക്കാനും അതു പതിവാക്കാനും പറഞ്ഞുകൊണ്ട് അവിടന്ന് പറയുന്നു: "കശ്തിയെനൂഹിൽ ഞാൻ എന്റെ അധ്യാപനം എഴുതിയിട്ടുണ്ട്. അത് എല്ലാവരും അറിഞ്ഞിരിക്കേണ്ടത് നിർബന്ധമാണ്. ഓരോ നഗരത്തിലേയും ജമാഅത്ത് യോഗം വിളിച്ച് എല്ലാവരേയും അതു കേൾപ്പിക്കുക. സന്നദ്ധനും വിവരമുള്ളവനുമായ ഒരു വ്യക്തിയെ വായിച്ചു കേൾപ്പിക്കാൻ അയക്കുക. വെറുതെയങ്ങ് വിതരണം ചെയ്യുകയാണെങ്കിൽ അമ്പതിനായിരം കോപ്പി ഉണ്ടെങ്കിലും എങ്ങുമെത്തുകയില്ല. ഈ ഉപായത്തിലൂടെ അതിന്റെ പ്രചാരണവും നടക്കുന്നതാണ്. നാം ആഗ്രഹിക്കുന്ന ഐക്യവും ജമാഅത്തിൽ ഉണ്ടാകാൻ തുടങ്ങുന്നതായിരിക്കും." (മൽഫൂദാത്ത് വാല്യം 3 പേജ് 408, 1985 ലണ്ടൻ പതിപ്പ്)

അതിനാൽ ജമാഅത്തുകളിൽ അതു വായിക്കുന്നതിനും കേൾപ്പിക്കുന്നതിനും ഏർപ്പാടുണ്ടായിരിക്കേണ്ടതാണ്. എം.ടി.എയിലും വായിക്കുന്നതിനുള്ള ഏർപ്പാടു ചെയ്യേണ്ടതാണ്. ഓരോരുത്തരും അത് തങ്ങളുടെ ജീവിതത്തിന്റെ ഭാഗമാക്കേണ്ടതാണ്. സ്വയം വായിക്കുകയും വേണം. അതനുസരിച്ച് പ്രവർത്തിക്കാൻ ശ്രമിക്കുകയും വേണം.

തിന്മയിൽനിന്ന് രക്ഷപ്പെടുന്നതിന് ഉപദേശിച്ചും യഥാർഥ അഹ്മദിയുടെ അടയാളം വിവരിച്ചുകൊണ്ടും അവിടന്ന് പറയുന്നു: "നിങ്ങളുടെ ജോലി ഇപ്പോൾ, ദുആകളിലും ഇസ്തിഗ്ഫാറിലും ദൈവാരാധനയിലും ആത്മാവിനെ ശുദ്ധീകരിക്കുന്നതിലും മുഴുകുക എന്നതാണ്. അവൻ വാഗ്ദാനം ചെയ്ത ദാനങ്ങൾക്കും ദയാദൃഷ്ടിയ്ക്കും നിങ്ങളെ അർഹരാക്കിത്തീർക്കുക. അല്ലാഹുവിന്റെ വലിയ വലിയ വാഗ്ദാനങ്ങൾ എന്നോടൊപ്പമുണ്ട്; പ്രവചനങ്ങളുണ്ട്. അതു പുലരുമെന്ന് ദൃഢവിശ്വാസമുണ്ട്. എന്നാൽ, നിങ്ങൾ അതിൽ അഹങ്കാരികളാകരുത്. എല്ലാത്തരം അസൂയ, പക, വെറുപ്പ്, പരദൂഷണം, അഹന്ത, പൊങ്ങച്ചം, ആജ്ഞാലംഘനങ്ങളുടേയും കുറ്റകൃത്യങ്ങളുടേയും ബാഹ്യവും ആന്തരികവുമായ വഴികളിൽനിന്നും മടിയിൽനിന്നും അലസതയിൽനിന്നും രക്ഷപ്പെടുക. ശുഭപര്യവസാനം എപ്പോഴും മുത്തഖികൾക്ക് ആയിരിക്കുമെന്നത് നല്ലവണ്ണം ഓർത്തുകൊള്ളുക. വൽആഖിബത്തു ലിൽ മുത്തഖീൻ എന്നു പറഞ്ഞതുപോലെ. അതുകൊണ്ട് മുത്തഖിയാകാൻ ചിന്തിക്കുക. ശുഭപര്യവസാനം മുത്തഖികൾക്കാണ്. അതുകൊണ്ട് മുത്തഖിയാകുന്നതിനെ കുറിച്ച് ചിന്തിക്കുക."(മൽഫൂദാത്ത് വാല്യം 3 പേജ് 283, 1985 ലണ്ടൻ പതിപ്പ്)

അല്ലാഹു നമുക്ക് യഥാർഥ അഹ്മദിയാകാനും അവിടത്തെ അധ്യാപനങ്ങളനുസരിച്ച് നടക്കാനും തൗഫീഖ് നല്കുമാറാകട്ടെ. അല്ലാഹുവിനോടുള്ള കടമ നിറവേറ്റുന്നവരാകട്ടെ. അവന്റെ തൃപ്തി കരസ്ഥമാക്കുന്നവരാകട്ടെ. കർമപരമായ പരിഷ്കരണം നടത്തുന്നവരാകട്ടെ. നമ്മുടെ അറിവ് വർധിപ്പിക്കുന്നതിലേക്ക് ശ്രദ്ധ ചെലുത്തുന്നവരാകട്ടെ. അല്ലാഹുവിന്റെ ദാസരോടുള്ള കടമ നിറവേറ്റുന്നവരാകട്ടെ.

ഈ ദിനങ്ങളിൽ പ്രത്യേകമായ നിലയിൽ–മുമ്പേയും ഞാൻ സൂചനനല്കിയിട്ടുള്ളതാണ് പാക്കിസ്താനിലെ അവസ്ഥകളെ സംബന്ധിച്ചും ദുആ ചെയ്യുക. പാക്കിസ്താനികളും സ്വയം തങ്ങൾക്കുവേണ്ടി ഒരുപാട് ദുആ ചെയ്യേണ്ടതാണ്. അല്ലാഹു അവരേയും എല്ലാ ഉപദ്രവങ്ങളിൽനിന്നും സംരക്ഷിക്കുമാറാകട്ടെ. പൊതുവെ രാജ്യത്തിന്റെ ഉള്ളിലുണ്ടായിട്ടുള്ള കലഹങ്ങളുടെ ഉപദ്രവങ്ങളിൽനിന്ന് രാജ്യത്തേയും രക്ഷിക്കുമാറാകട്ടെ. ലോകത്തിനുവേണ്ടിയും ദുആ ചെയ്യുക. വളരെ വേഗം ഇവരിപ്പോൾ യുദ്ധത്തിലേക്ക് നീങ്ങുകയാണ്. റഷ്യയും അമേരിക്കയും തയ്യാറെടുപ്പുകളിൽ മുഴുകിയിരിക്കുന്നു. യഥാർഥത്തിൽ ഇവർ തങ്ങളുടെ ഔന്നത്യം സ്ഥാപിക്കാൻ ആഗ്രഹിക്കുകയാണ്; മർദ്ദിതരുടെ അവകാശം കൊടുപ്പിക്കാൻ ആഗ്രഹിക്കുന്നുവെന്നാണ് വാദം. യഥാർഥത്തിൽ ഇവർ മർദിതർക്ക് അവകാശം കൊടുപ്പിക്കുന്നതിന്റേ പേരിൽ മുസ്‌ലിം രാഷ്ട്രങ്ങളെ തകർക്കാനാണ് ആഗ്രഹിക്കുന്നത്. അല്ലാഹു മുസ്‌ലീംകൾക്കും ബുദ്ധികൊടുക്കുമാറാകട്ടെ. ഇവർ അവരിൽനിന്ന് സഹായം തേടുന്നതിനു പകരം സ്വയം തങ്ങളുടെ തീരുമാനമെടുക്കുന്നവരാകട്ടെ. പൊതുജനങ്ങളോടുള്ള തങ്ങളുടെ കടമകൾ നിറവേറ്റുന്നവരാകട്ടെ. പൊതുജനം തങ്ങളുടെ ഭരണത്തോടുള്ള കടമ നിറവേറ്റുന്നവരാകട്ടെ. ഇസ്ലാമിന്റെ നാമത്തിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന തീവ്രവാദസംഘടനകളേയും പിടിക്കുമാറാകട്ടെ. ഇരുകക്ഷികൾക്കും ബുദ്ധിയും ബോധവും നല്കുമാറാകട്ടെ. എല്ലാത്തിനെക്കാളുമുപരി ഇവർ കാലത്തിന്റെ ഇമാമിനെ വിശ്വസിക്കുന്നവരാകട്ടെ. കാരണം അതുകൂടാതെ ഇവർക്ക് ഒരു രക്ഷയുമില്ല. അല്ലെങ്കിൽ ഒരു രീതിയിലും നിലനില്പില്ല. അല്ലാഹു അവർക്ക് ബുദ്ധിനല്കുമാറാകട്ടെ. മുസ്‌ലീംകൾ ഈ അക്രമങ്ങളുടെ ഭാഗമാകുന്നതിനുപകരം ഇസ്ലാമിന്റെ യഥാർഥ അധ്യാപനമനുസരിച്ച് സ്നേഹത്തിന്റേയും പ്രീതിയുടേയും സാഹോദര്യത്തിന്റേയും അധ്യാപനം പ്രചരിപ്പിക്കുന്നവരും അല്ലാഹുവിനോടുള്ള കടമ നിറവേറ്റുന്നവരുമാകട്ടെ.

( പേജ് 2ൽനിന്ന്)

ങ്കിലും ബ്രിട്ടൻ ജൽസസാലാനയുടെ ബാഡ്ജ് ധരിച്ചുകൊണ്ടാണ് പോകുന്നത്; ഇതെന്താണെന്ന് ആളുകൾ ചോദിക്കുന്നതിനും പിന്നീട് ജമാഅത്തിനെ കുറിച്ച് പറഞ്ഞുകൊടുക്കുന്നതിനും തബ്‌ലീഗ് ചെയ്യുന്നതിനും വേണ്ടിയായിരുന്നു അങ്ങനെ ചെയ്തിരുന്നത്. അൽഹംദുലില്ലാഹ്.

● കിരിബാറ്റിയുടെ ജമാഅത്ത് സ്വദ്ർ Ang-abeia Tataua സാഹിബ് തന്റെ അഭിപ്രായം പ്രകടിപ്പിച്ചതിങ്ങനെയാണ്: എന്നെ സംബന്ധിച്ചിടത്തോളം ഏറ്റവുമധികം അത്ഭുതപ്പെടുത്തിയത് ആഗോളബയ്അത്തായിരുന്നു. അതിൽ നമ്മുടെ പ്രിയപ്പെട്ട ഹുദൂർ ഹാളിൽ വന്നപ്പോൾ അദ്ദേഹവും നിലത്ത് ഞങ്ങളോടൊപ്പമിരുന്നു. നമ്മുടെ ഖലീഫ എത്രമാത്രം ഉയർന്ന സ്ഥാനത്തിരിക്കുന്ന ആളായിരുന്നിട്ടും നമ്മുടെ കൂടെ വന്ന് നിലത്തിരുന്നത് എനിക്ക് വിശ്വസിക്കാൻ കഴിഞ്ഞില്ല. സർക്കാർ പ്രതിനിധികളും എന്നല്ല മതപ്രതിനിധികൾപോലും ഒരിക്കലും നിലത്തിരിക്കുന്നത് ഞാൻ കണ്ടിട്ടില്ല. പക്ഷേ, നമ്മുടെ ഖലീഫ എത്രമാത്രം വിനയനാണെന്നാൽ അദ്ദേഹം നമ്മോടൊപ്പം നിലത്തിരുന്നു. ഇതിൽനിന്ന് എന്റെ വിശ്വാസം വീണ്ടും വർധിച്ചു.

● മാർഷൽ ഐലൻഡ്സി(Marshall Islands)ൽ നിന്നുവന്ന അതിഥി John Nena സാഹിബ് –അദ്ദേഹം മാർഷൽ ഐലന്റ് ജമാഅത്തിന്റെ സെക്രട്ടറി മാലാണ്–തന്റെ അഭിപ്രായം ഇങ്ങനെ പ്രകടിപ്പിച്ചു: ഞാനെന്റെ കണ്ണുകൊണ്ട് കണ്ട കാര്യങ്ങൾ വാക്കുകളിലൂടെ പറയുക എന്നത് സാധ്യമല്ല. മുസ്‌ലിംകൾ കൊല്ലുന്നവരാണെന്ന ചിന്താഗതിയാണ് പൊതുവെ ജനങ്ങളിലുള്ളത്. എന്നാൽ, അത്തരം ഒരു കാര്യവുമില്ല. എല്ലാവരും വളരെയേറെ സ്നേഹം പ്രകടിപ്പിക്കുകയായിരുന്നു. ഇത്രമാത്രം ആളുകൾ വിവിധ രാജ്യങ്ങളിൽനിന്നുവന്നു. ഞാനവരെ ആദ്യമായാണ് കണ്ടത്. പക്ഷേ, ആദ്യമായാണ് അവരെ കാണുന്നതെന്ന വിചാരം തന്നെയുണ്ടായില്ല. എന്റെ താമസം ജാമിഅ അഹ്മദിയ്യായിലായിരുന്നു. അവിടെ എനിക്കാവശ്യമുള്ള നിസാര കാര്യങ്ങൾപോലും ലഭിച്ചുകൊണ്ടിരുന്നു. ജൽസയിൽ പങ്കെടുത്ത ഞങ്ങളെല്ലാവരും ഒരുമിച്ചിരുന്നാണ് ഭക്ഷണം കഴിച്ചിരുന്നത്. ആ ഒന്നിച്ചിരുന്നുള്ള ഭക്ഷണം കഴിക്കൽ വളരെ നന്നായിതോന്നി. നമസ്കാരവും ഞങ്ങൾ ഒരുമിച്ചാണ് നിർവഹിച്ചിരുന്നത്. ഞാൻ എല്ലാവരേയും കണ്ടു; ജാമിആയിലും ജൽസാഗാഹിലുമെല്ലാം. എത്രമാത്രം സൗഖ്യമായും ശ്രദ്ധയോടുംകൂടിയാണ് ആളുകൾ നമസ്കരിച്ചിരുന്നത്. ഇതെത്രമാത്രം നന്നായിരുന്നുവെന്നാൽ, എന്റെ നമസ്കാരവും നല്ലരീതിയിൽ നിർവഹിക്കണമെന്ന് എനിക്കും തോന്നി. അല്ലാഹുവുമായുള്ള ബന്ധം വർധിപ്പിക്കാനുള്ള ശ്രമത്തിനും അത് പ്രേരണയായി. എനിക്ക് ഹുദൂറുമായി കൂടിക്കാഴ്ച നടത്താനും അവസരം കിട്ടി. കൂടിക്കാഴ്ച നടക്കുമ്പോൾ ഞാൻ ഇന്നയിന്ന കാര്യങ്ങളാണ് ഹുദൂറിനോടു പറയാനാഗ്രഹിക്കുന്നതെന്ന് മുറബ്ബിസാഹിബിനോടു പറഞ്ഞിരുന്നു. പക്ഷേ, ഞാൻ മുറിയിൽ പ്രവേശിച്ചപ്പോൾ എനിക്കൊന്നും പറയാൻ കഴിഞ്ഞില്ല. ഇതെത്രമാത്രം പ്രത്യേകമായ കാര്യമായിരുന്നുവെന്നാൽ, എന്റെ ജീവിതത്തിൽ ഇങ്ങനെയൊരു അവസരം കിട്ടിയ ഞാൻ എത്രമാത്രം ഭാഗ്യവാനാണ്. എന്റെ പിതാവ് Sam Nena സാഹിബിനും ഒരുപാടുവർഷം മുമ്പേ ഹുദൂറിനെ കാണാൻ അവസരം കിട്ടിയിരുന്നു. അപ്പോൾ എനിക്കും കാണണമെന്ന ആഗ്രഹമുണ്ടായിരുന്നു. അല്ലാഹു ഈ വർഷം എനിക്കതിന് അവസരം നല്കി. മുഴുലോകത്തുനിന്നും അഹ്മദികളും അതിഥികളും പങ്കെടുത്തിരുന്നു. എല്ലാവരും സമാധാനത്തോടെ കഴിഞ്ഞിരുന്നു. മഴയുമുണ്ടായി. പക്ഷേ, എല്ലാ ജോലിയും വളരെ നല്ല രീതിയിൽ നടന്നു. ഞങ്ങൾക്ക് ലണ്ടൻ കാണാനുള്ള അവസരവും കിട്ടി. ഈ ജൽസാവേളയിൽ അതിഥികളിൽ ധാരാളമാളുകൾ എന്റെ സുഹൃത്തുക്കളായി. അവരെ ഞാൻ എപ്പോഴും ഓർക്കുന്നതാണ്. ഞങ്ങൾ മാർഷൽ ഐലൻഡ്സിൽനിന്നുള്ളവരാണെന്ന് അവരോട് പറയുകയും പിന്നീട് മാർഷൽ ഐലൻഡ്സിന്റെ ദ്വീപ് എവിടെയാണെന്ന് ഭൂപടം കാണിച്ച് മനസ്സിലാക്കിക്കൊടുക്കുകയും ചെയ്തു. ഇത്ര ദൂരത്തുനിന്നാണ് ഞങ്ങൾ വരുന്നതെന്ന് കാണുമ്പോൾ അവിടെയും മുസ്‌ലിംകളുണ്ടെന്ന് കണ്ട് അവർ അത്ഭുതപ്പെടുമായിരുന്നു. ഹുദൂറുമായി കൂടിക്കാഴ്ച നടത്തിയപ്പോൾ, ഇത്ര പരിശുദ്ധനായ വ്യക്തിയെ കാണുമെന്ന് ഞാനൊരിക്കലും വിചാരിച്ചിട്ടില്ല. ഹുദൂറിന്റെ കൈപിടിച്ചപ്പോൾ ഒരു ആത്മാവ് എന്റെ ഉള്ളിൽ വന്നതായും എന്നെ ഉണർത്തിയതായും എനിക്ക് അനുഭവപ്പെട്ടു. ഈ അവസരം എനിക്ക് കിട്ടിയതിന് ഞാൻ അല്ലാഹുവിനോടു നന്ദി പറയുകയാണ്. ഈ ജൽസയിൽ പങ്കെടുക്കാൻ എനിക്ക് അവസരം തന്നതിന് ഞാൻ ജമാഅത്തിനോടും നന്ദി പറയുന്നു. നമ്മൾ മുസ്‌ലിമാണെന്നതിൽ അഭിമാനിക്കേണ്ടതാണെന്ന് അദ്ദേഹം പറഞ്ഞു. നമുക്ക് നമ്മുടെ നമസ്കാരം ഉത്തമമാക്കേണ്ടതാണ്. ആളുകൾ എങ്ങനെയാണ് നമസ്കാരത്തെ കാണുന്നതെന്ന് ജൽസയിൽ പങ്കെടുത്ത് ഞാൻ കണ്ടു. ലോകത്തിന്റെ ഓർമതന്നെ ഇല്ലാത്തതുപോലെയാണ് നമസ്കരിച്ചിരുന്നത്. നമുക്ക് നമ്മുടെ നമസ്കാരങ്ങൾ ശ്രദ്ധിക്കേണ്ടതാണ്. നമ്മൾ പരസ്പരം ഒരാൾ മറ്റൊരാളെ ആവർത്തിച്ച് ഓർമിപ്പിക്കേണ്ടതാണ്.

ഈ മൂന്നു രാജ്യങ്ങളിൽനിന്നുള്ള സംഘങ്ങളുടെ ഹുദൂറുമൊത്തുള്ള കൂടിക്കാഴ്ച 11.30 വരെ തുടർന്നു. അവസാനം സംഘാംഗങ്ങൾ ഹുദൂറുമായിനിന്ന് ഫോട്ടോ എടുത്തു.

### മൊറോക്കോ(Morocco) സംഘവുമായി കൂടിക്കാഴ്ച:

അതിനുശേഷം മൊറോക്കോയിൽനിന്നുവന്ന സംഘം ഹുദൂറുമായി കൂടിക്കാഴ്ച നടത്തി. 7 പേരടങ്ങുന്ന സംഘമായിരുന്നു മൊറോക്കോയിൽനിന്ന് വന്നിരുന്നത്.

● സംഘാംഗങ്ങൾ പറഞ്ഞു: ജൽസ ഞങ്ങൾക്ക് ആത്മീയമായ നിലയിൽ മാറ്റത്തിനു കാരണമായി. ഹുദൂറിന്റെ പ്രഭാഷണങ്ങളിൽ ഞങ്ങളെല്ലാവരും ആകർഷിതരായി. ജൽസയുടെ എല്ലാ ഒരുക്കങ്ങളും വളരെ നന്നായിരുന്നു. ഞങ്ങളുടെ താമസവും മറ്റ് ആവശ്യങ്ങളും നല്ലവണ്ണം ശ്രദ്ധിച്ചിരുന്നു.

● അവിടെത്തെ ഏതോ സെക്യൂരിറ്റി കമ്പനിയിൽ ജോലി ചെയ്യുന്ന ഒരു യുവാവ് ഹുദൂറിനോടു തന്റെ ഭാര്യ അഹ്മദിയാകുന്നതിന് ദുആ ചെയ്യാൻ അപേക്ഷിച്ചു; അവൾ ഇതുവരെ ബയ്അത്ത് ചെയ്തിട്ടില്ലെന്ന് പറഞ്ഞു. അപ്പോൾ ഹുദൂർ പറഞ്ഞു: അല്ലാഹു അനുഗ്രഹിക്കുമാറാകട്ടെ.

● മൊറോക്കോയുമായി ബന്ധമുള്ള ഒരു സുഹൃത്ത് ഈ വർഷം യു.കെ ജൽസയുടെ അവസരത്തിൽ ബയ്അത്ത് ചെയ്തിരുന്നു. അദ്ദേഹം പറഞ്ഞു: ഞാൻ വളരെ മുമ്പേമുതൽ അഹ്മദിയാണ്. എന്നാൽ, ബയ്അത്ത് ഇപ്പോഴാണ് ചെയ്തത്. അപ്പോൾ ഹുദൂർ പറഞ്ഞു: 'താങ്കൾ രണ്ടുദിവസം മുമ്പേ ബയ്അത്ത് ചെയ്തപ്പോഴാണ് അഹ്മദിയായത്. അതിനുമുമ്പേ താങ്കൾ ജമാഅത്തിന്റെ അധ്യാപനങ്ങളോടു യോജിച്ചിരുന്നയാളാണ്'

● മൊറോക്കോ ജമാഅത്തിന്റെ സ്വദ്ർ ജമാഅത്തംഗങ്ങളുടെ സലാം ഹുദൂറിനോടു പറഞ്ഞു. ദുആയ്ക്ക് അപേക്ഷിക്കുകയും ചെയ്തു. അപ്പോൾ ഹുദൂർ പറഞ്ഞു: 'വ അലയ്ക്കുമുസ്സലാം.' പറഞ്ഞു: 'അല്ലാഹു തന്റെ സംരക്ഷണത്തിൽ വെക്കുമാറാകട്ടെ.'

മൊറോക്കോ സംഘവുമായുള്ള ഹുദൂറിന്റെ കൂടിക്കാഴ്ച 11.40 വരെ തുടർന്നു. അവസാനം സംഘാംഗങ്ങൾ ഹുദൂറുമൊത്ത് ഫോട്ടോ എടുത്തു.

### ഗ്വാട്ടിമാല (Guatemala) സംഘവുമായുള്ള കൂടിക്കാഴ്ച

ഇതിനുശേഷം പരിപാടിയനുസരിച്ച് ഗ്വാട്ടിമാലയിൽനിന്നു വന്ന ജമാഅത്ത് സംഘം ഹുദൂറുമായി കൂടിക്കാഴ്ച നടത്തി.

●ഗ്വാട്ടിമാലയിൽനിന്ന് ഈ വർഷം പങ്കെടുത്ത അതിഥികളിൽ ഗ്വാട്ടിമാല ജമാഅത്തിന്റെ ജനറൽ സെക്രട്ടറി David Gonzales സാഹിബുമുണ്ടായിരുന്നു. ദൈവകൃപയാൽ അദ്ദേഹം മുഖേന പല സൽപ്രകൃതർക്കും ജമാഅത്ത് സ്വീകരിക്കാൻ ഭാഗ്യം കിട്ടിയിട്ടുണ്ട്. കഴിഞ്ഞ കുറേ വർഷങ്ങളായി യു.കെ. ജൽസയിൽ അദ്ദേഹം പതിവായി പങ്കെടുത്തുവരുന്നു.

● ഒരു അതിഥി സുലയ്മാൻ Rodrigues സാഹിബായിരുന്നു. ഇദ്ദേഹം അഹ്മദിയുവാവാണ്. ഇദ്ദേഹം 15 വർഷം മുമ്പേ അഹ്മദിയ്യത്ത് സ്വീകരിച്ചതാണ്. പിന്നീട് ജനറൽ സെക്രട്ടറി ഡേവിഡ് സാഹിബിന്റെ തബ്‌ലീഗ്കൊണ്ട് അഹ്മദിയ്യാ ജമാഅത്തിൽ പ്രവേശിച്ചു. ഇപ്പോൾ ഇദ്ദേഹം ഊർജ്ജസ്വലനായ ദാഈ ഇലല്ലായാണ്. ഹുദൂർ കൂടിക്കാഴ്ചയ്ക്കിടയിൽ, മുഅല്ലിം എന്ന നിലയിൽ സേവനം ചെയ്യാൻ മുബല്ലിഗ് ഇൻചാർജ് സാഹിബിൽനിന്ന് മതപരമായ അറിവ് കരസ്ഥമാക്കാൻഅദ്ദേഹത്തോടു പറഞ്ഞു.

● ഗ്വാട്ടിമാലയിലെ സ്വദ്ർ ലജ്ന Marta Maria സാഹിബയും ജൽസസാലാനയിൽ പങ്കെടുത്തിരുന്നു. ഇവർ രണ്ടാമത്തെ പ്രാവശ്യമാണ് വരുന്നത്.

● ഗ്വാട്ടിമാലാ സംഘത്തിൽപെട്ട അഹ്മദികളിൽ ഒരു നവഅഹ്മദി Domingo Tul സാഹിബും ഉണ്ടായിരുന്നു. കഴിഞ്ഞവർഷം അദ്ദേഹത്തോടൊപ്പം ഗ്വാട്ടിമാലയിൽനിന്ന് നൂറില

**കലാമുൽ ഇമാം:–**

**"ദുഃഖമുണ്ടാകുമ്പോഴും വിപത്ത് വരുമ്പോഴും ക്ഷണത്തിൽ നമസ്കാരത്തിന് നിൽക്കുക എന്ന കുറിപ്പടി എപ്പോഴും ഓർത്തു കൊള്ളുകയും അതിൽനിന്ന് ഫലമെടുക്കുകയും ചെയ്തുകൊള്ളുക."**
**(മൽഫൂദാത്ത്, വാല്യം 5, പേജ് 96).**

**ത്വാലിബെ ദുആ:**
**റഹ്മാൻ ശക്കീറും കുടുബവും അഹ്മദിയ്യാ ജമാഅത്ത്, കരുളായി (കേരള)**

**കലാമുൽ ഇമാം:–**

**"ആരെയണോ ഏതെങ്കിലും കച്ചവടമോ ക്രയവിക്രയമോ അല്ലാഹുവിനെ സ്മരരിക്കുന്നതിൽനിന്ന് തടയാത്തത് അവരായിരിക്കണം നിങ്ങളുടെ മാതൃകയായിട്ടുള്ളവർ എന്ന് അല്ലാഹു പറയുന്നു."**
**(മൽഫൂദാത്ത്, വാല്യം 5, പേജ് 104)**

**ത്വാലിബെ ദുആ:**
**പരേതനായ അബ്ദുർറഹ്മാൻ തങ്ങൾ സാഹിബിന്റെ കുടുംബം അഹ്മദിയ്യാ ജമാഅത്ത് ചാവക്കാട് (കേരള)**

ധികമാളുകൾക്ക് ബയ്അത്ത് ചെയ്ത് ജമാഅത്തിൽ പ്രവേശിക്കാൻ ഭാഗ്യം ലഭിച്ചിരുന്നു. അദ്ദേഹം ഗ്വാട്ടിമാല സുപ്രീംകോടതിയിൽനിന്ന് തന്റെ ഗ്രാമപ്രദേശത്ത് നിയമിതനായ ജഡ്ജിയാണ്.

● ഒരു അഹ്മദി സുഹൃത്ത് German Abuchery സാഹിബും സംഘത്തിലുണ്ടായിരുന്നു. അദ്ദേഹത്തിന്റെ ബന്ധം ഇന്തൊനേഷ്യയുമായിട്ടാണ്. 20 വർഷമായി ഗ്വാട്ടിമാലയിൽ താമസിക്കുന്നു. അദ്ദേഹത്തിന് ഗ്വാട്ടിമാലയിൽനിന്നാണ് അഹ്മദിയ്യത്ത് സ്വീകരിക്കാൻ ഭാഗ്യം കിട്ടിയത്. അദ്ദേഹത്തിന്റെ ഭാര്യ ഗ്വാട്ടിമാലക്കാരിയാണ്. അദ്ദേഹത്തിന് മൂന്ന് മക്കളുണ്ട്. എല്ലാവരും ദൈവകൃപയാൽ അഹ്മദിയാണ്. ഇദ്ദേഹം ആദ്യമായാണ് യുകെ ജൽസയിൽ പങ്കെടുക്കുന്നത്. ജൽസസാലാനയുടെ ഒരുക്കങ്ങളും പരസ്പര സാഹോദര്യവും സ്നേഹവും സന്നദ്ധസേവകരുടെ സേവനങ്ങളും വൈജ്ഞാനികമായ പ്രസംഗങ്ങളും പ്രത്യേകിച്ച് ഹുദൂറിന്റെ പ്രഭാഷണങ്ങളും അദ്ദേഹത്തെ വല്ലാതെ സ്വാധീനിച്ചു. ഇന്തൊനേഷ്യയിൽ അദ്ദേഹത്തിന്റെ മുഴുവൻ കുടുംബവും കട്ടർസുന്നികളാണെന്ന് അദ്ദേഹം പറഞ്ഞു. അങ്ങേയറ്റം വഴിപിഴച്ച വഴിയിലാണുള്ളത്. അനാചാരങ്ങളിൽ അകപ്പെട്ടു കഴിയുന്നു. അല്ലാഹു അദ്ദേഹത്തെ അഹ്മദിയ്യത്തിന്റെ പ്രകാശത്താൽ പ്രകാശിതമാക്കി. യു.കെ ജൽസയിൽ പങ്കെടുത്ത് ഒരു പുതിയ ആത്മീയജീവിതം അദ്ദേഹത്തിന് കൈവന്നു. വിശുദ്ധഖുർആനിലും ഹദീഥുകളിലും ഇമാം മഹ്ദി(അ)യുടെ ജമാഅത്തിനെ കുറിച്ച് പറഞ്ഞിട്ടുള്ള അടയാളങ്ങളുടേയും ലക്ഷണങ്ങളുടേയും കർമപരമായ മനോഹര ചിത്രം ഈ ജൽസയിൽ അദ്ദേഹം കണ്ടെണ്ടു; അത് അദ്ദേഹത്തിന്റെ ഈമാന് ശക്തി പകരാൻ കാരണമായി. അടുത്തവർഷം കുട്ടികളേയും ജൽസയിൽ കൊണ്ടുവരാൻ ആഗ്രഹിക്കുന്നുവെന്ന് അദ്ദേഹം പറഞ്ഞു.

● ഒരു അതിഥി Neddy Garrido സാഹിബ് ജൽസയിൽ പങ്കെടുത്തു. അദ്ദേഹം അമുസ്ലിമാണ്. ഗ്വാട്ടിമാല ജമാഅത്തിന്റെ ജനറൽ സെക്രട്ടറി David Gonzales സാഹിബ് തബ്ലീഗ് ചെയ്തുകൊണ്ടിരിക്കുന്ന വ്യക്തിയാണ്. ജൽസസാലാനയിൽ പങ്കെടുത്തതുകൊണ്ട് ഇസ്ലാമികാധ്യാപനങ്ങളിൽ കൂടുതൽ ആകർഷിതനായെന്ന് അദ്ദേഹം പറഞ്ഞു. ദൈവകൃപയാൽ എത്രയും വേഗം ബയ്അത്ത് ചെയ്യാൻ ഭാഗ്യം കിട്ടുമെന്ന് പ്രതീക്ഷിക്കുന്നു.

● ഗ്വാട്ടിമാലയുടെ അയൽരാജ്യമായ മെക്സിക്കോയിലെ ഒരു സംസ്ഥാനമായ Chiapa യിൽ ഗ്വാട്ടിമാല ജമാഅത്ത് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. ഈ സ്റ്റേറ്റിൽനിന്ന് ഒരു നവഅഹ്മദി Ismael Gomez Lopez സാഹിബുമുണ്ടായിരുന്നു. അദ്ദേഹത്തിന്റെ പിതാവാണ് ഇമാം ഇബ്റാഹിം സാഹിബ്. അദ്ദേഹം തന്റെ 70 ശിഷ്യന്മാരോടൊപ്പം മൂന്നു വർഷം മുമ്പേ അഹ്മദിയ്യത്ത് സ്വീകരിച്ചു. ഇദ്ദേഹം വിദ്യാർഥിയാണ്. ജാമിഅ അഹ്മദിയ്യായിൽ പഠിക്കാനാഗ്രഹിക്കുന്നു; ജീവിതം വഖ്ഫ് ചെയ്യാനാണ് തീരുമാനം.

● മെക്സിക്കോ സ്റ്റേറ്റിൽനിന്ന് ഒരു ജേർണലിസ്റ്റ് Raul Vera സാഹിബും ഗ്വാട്ടിമാല സംഘത്തിലുണ്ടായിരുന്നു. അദ്ദേഹവും മെക്സിക്കോ മാധ്യമങ്ങളിൽ വാർത്തകൾ അയക്കുകയും അത് അവർ പ്രസിദ്ധീകരിക്കുകയും ചെയ്തു.

● ഗ്വാട്ടിമാല സംഘത്തിലെ അംഗങ്ങൾ പറഞ്ഞു: ജൽസ സാലാനയുടെ ഒരുക്കങ്ങളെല്ലാം വളരെ നന്നായിരുന്നു. ഇത്രയും നല്ല സംവിധാനം ഇതിനു മുമ്പേ ഞങ്ങളൊരിക്കലും എവിടേയും കണ്ടിട്ടില്ല. മാധ്യമങ്ങളിൽ ഇസ്ലാമിനെ കുറിച്ച് നടക്കുന്ന പ്രചാരണങ്ങൾ തികച്ചും തെറ്റാണ്. ഇസ്ലാമിന്റെ യഥാർഥ അധ്യാപനം ഞങ്ങൾക്കിവിടെ കാണാൻ കഴിഞ്ഞു; അത് വളരെ ശാന്തിനിർഭരവും സമാധാനപരവുമായ അധ്യാപനമാണ്. ഹുദൂർ പറഞ്ഞു: താങ്കൾ ജമാഅത്തിന്റെ ജനറൽ സെക്രട്ടറിയായ David Gonzales സാഹിബിനെ നോക്കുക. അഹ്മദിയ്യത്ത് സ്വീകരിച്ചതിനുശേഷം അദ്ദേഹത്തിൽ വമ്പിച്ച മാറ്റമാണുണ്ടായിട്ടുള്ളത്. അദ്ദേഹം ശരിയായ മതം സ്വീകരിച്ചിരിക്കുന്നു.

● ഒരു അതിഥി പറഞ്ഞു: ജൽസാ വേളയിൽ എന്നെ കണ്ട ഓരോരുത്തരും എന്റെ സുഹൃത്തെന്നപോലെയായിരുന്നു. ഓരോരുത്തരും വലിയ സ്നേഹത്തോടും സന്തോഷത്തോടും കൂടിയാണ് കണ്ടത്. ഹുദൂർ പറഞ്ഞു: നമ്മളെല്ലാവരും മനുഷ്യരാണ്. ജനങ്ങൾ വിവിധ മതങ്ങളുമായി ബന്ധപ്പെട്ടവരായിരിക്കും. നിങ്ങളുടെ മതം ഏതെന്ന് നോക്കാതെ മനുഷ്യത്വത്തിന്റെ മൂല്യങ്ങൾ നിലനിറുത്തുക എന്നതാണ് യഥാർഥ കാര്യം. അല്ലാഹുവിനോടു സ്നേഹമുണ്ടെങ്കിൽ അവന്റെ സൃഷ്ടികളോടും സ്നേഹമുണ്ടാകേണ്ടതാണ്.

● ഒരു അതിഥി പറഞ്ഞു. ജമാഅത്തുമായി ബന്ധപ്പെടാൻ തുടങ്ങിയതുമുതൽ ഇസ്ലാമിന്റെ യഥാർഥവും വസ്തുതാപരവുമായ അധ്യാപനങ്ങളെ കുറിച്ച് അറിയാൻ കഴിഞ്ഞു. ഇവിടെ ജൽസയിൽ പങ്കെടുത്ത്, ഇസ്ലാമിന്റെ യഥാർഥ അധ്യാപനത്തെ കുറിച്ച് വിശദമായ അറിവുണ്ടായി.

● ഗ്വാട്ടിമാല (Guatemala) അമീർസാഹിബ് പറഞ്ഞു: സുലയ്മാൻ Rodrigues സാഹിബ് അഹ്മദി സേവകനാണ്. കുറച്ചുനാൾ മുമ്പേയാണ് അഹ്മദിയായത്. അപ്പോൾ ഹുദൂർ പറഞ്ഞു: മുഅല്ലിം എന്ന നിലയിൽ സേവനം ചെയ്യാൻ സുലയ്മാൻ സാഹിബിനെ നിങ്ങളുടെ കൂടെ നിറുത്തി മതപരമായ അധ്യാപനവും ശിക്ഷണവും നല്കുക. അദ്ദേഹത്തിന് എന്തെങ്കിലും ചെറിയ കോഴ്സ് കനഡ ജാമിഅയിൽനിന്നോ ഘാന ജാമിഅയിൽനിന്നോ ഉണ്ടാക്കാൻ കഴിയും. ഇദ്ദേഹത്തിന് അവിടെ സ്പെഷ്യൽ കോഴ്സ് ചെയ്യാവുന്നതാണ്. താങ്കൾ ഇദ്ദേഹത്തിനുവേണ്ടി എന്തെങ്കിലും ചെറിയ കോഴ്സുണ്ടാക്കുക.

● ഹുദൂർ പറഞ്ഞു:Domingo സാഹിബ് സുപ്രീം കോടതിയിൽനിന്നുള്ള തന്റെ പ്രദേശത്തെ ജഡ്ജിയാണ്. വിധി പറയുമ്പോൾ പൂർണമായും നീതി പാലിക്കേണ്ടതാണ്. തന്റെ വിധികളിൽ നീതിയുടെ നിലവാരം നിലനിറുത്തുക. അവിടെത്തെ ജനങ്ങളിലും ഈ നിലവാരം സ്ഥാപിക്കാൻ ശ്രമിക്കുക.

ഗ്വാട്ടിമാല (Guatemala)സംഘത്തിന്റെ ഹുദൂറുമായുള്ള ഈ കൂടിക്കാഴ്ച 12.20 വരെ തുടർന്നു. അവസാനം സംഘാംഗങ്ങൾ ഹുദൂറുമൊത്ത് ഫോട്ടോയുമെടുത്തു.

## ഗിനികൊണാക്രി(Guinea Conakry) സംഘവുമായുള്ള കൂടിക്കാഴ്ച:

നഗിനികൊണാക്രി രാഷ്ട്രത്തിൽ നിന്ന് 4 പേരടങ്ങുന്ന സംഘമാണ് ജൽസയിൽ പങ്കെടുത്തത്. നാഷണൽ അസംബ്ലി വൈസ് പ്രസിഡന്റ് ആദരണീയനായ അൽ ഹാജ് മാമാ ദോ സലീം ബാഹ് സാഹിബ്, ഡയറക്ടർ ജനറൽ ആഫ് റിലീജ്യസ് അഫയേഴ്സ് ആദരണീയനായ നൂറുദ്ദീൻ ഫാദീഗാ സാഹിബ്, നാഷണൽ ഡയറക്ടർ ആഫ് പോലീസ് ഹസൻ കുദ്യാ സാഹിബ് എന്നിവരാണ് ഹുദൂറുമായി കൂടിക്കാഴ്ച നടത്തിയത്.

● ജൽസയെപ്പറ്റി ഹുദൂർ അന്വേഷിച്ചപ്പോൾ ജൽസ സംവിധാനങ്ങളെല്ലാം വളരെ മികച്ചതായിരുന്നുവെന്നും വളരെ നല്ല അച്ചടക്കമായിരുന്നുവെന്നും മൂവരും പറഞ്ഞു. ഒരു മാലയിൽ കോർത്തിണക്കപ്പെട്ടതു പോലെയായിരുന്നു. സുരക്ഷിതത്വ സംവിധാനങ്ങളും അസാധാരണമായിരുന്നു. വളരെയധികം പേർ പങ്കെടുത്തുവെങ്കിലും ഒരു കലഹവും ഉണ്ടായിരുന്നില്ല.

● നാഷണൽ അസംബ്ലി വൈസ് പ്രസിഡന്റ് ആദരണീയനായ അൽ ഹാജ് മാമാ ദോ സലീം ബാഹ് സാഹിബ് തന്റെ ജൽസാ അനുഭവങ്ങൾ ഇങ്ങനെ വിവരിച്ചു: ജൽസയുടെ ഏർപാടുകളും അച്ചടക്കവും കണ്ട് ഞങ്ങൾ ആകർഷിതരായി. പരതി നോക്കിയിട്ടും ഒരു വിഭാഗത്തിലും ന്യൂനതയൊന്നും കാണാൻ പറ്റിയില്ല. വൻ ഒരുക്കങ്ങളും വൻ ജനാവലിയുമുണ്ടായിട്ടും ഒരു തരത്തിലുള്ള വ്യവസ്ഥാ ലംഘനവും തർക്കവിതർക്കങ്ങളും കുഴപ്പങ്ങളും കാണാൻ സാധിച്ചില്ല.

അദ്ദേഹം പറഞ്ഞു: എനിക്ക് ഹജ്ജ് ചെയ്യാൻ അവസരം കിട്ടിയിട്ടുണ്ട്. ഇസ്ലാമിക രാജ്യങ്ങളിൽ നടന്ന മതപരമായ പരിപാടികളിലും വളരെയധികം ഞാൻ പങ്കെടുത്തിട്ടുണ്ട്. എന്നാൽ, ഇത്രയധികം മികവുറ്റതും സ്തുത്യർഹവുമായ സംവിധാനങ്ങൾ ഞാൻ എവിടേയും കണ്ടിട്ടില്ല. നമുക്ക് ഇവിടെ ദർശിക്കാൻ കഴിഞ്ഞ ഇക്കാര്യം തന്നെയാണ് യഥാർഥ ഇസ്ലാമികാത്മാവ്. ചെറിയ ചെറിയ കുട്ടികളുടെ ശിക്ഷണവും അസാധാരണമാണ്. എന്തെങ്കിലും ആവശ്യമുണ്ടോ എന്ന് കുട്ടികൾ അന്വേഷിക്കുകയും പിന്നീടത് നമുക്ക് എത്തിച്ചുതരികയും ചെയ്യുന്നു. മന്ദഹസിക്കുന്ന മുഖവുമായി അവർ കാണാൻ വരുന്നു. ഒരു പ്രാവശ്യമല്ല. പലതവണ അന്വേഷിച്ചു കൊണ്ടേയിരിക്കുന്നു. ഇവിടെ വിവിധ രാജ്യങ്ങളിൽ നിന്നുമുള്ളവർ വന്നിട്ടുണ്ടായിരുന്നു. ഓരോരുത്തരും പരസ്പരം സഹോദരങ്ങളെ പോലെയും പ്രിയപ്പെട്ടവരെപോലെയും ഇടപെട്ടുകൊണ്ടിരുന്നു. നിങ്ങളുടെ പ്രവർത്തനത്തിൽ നിങ്ങൾ മറ്റെല്ലാവരേക്കാളും മുന്നിലാണ്. നിങ്ങൾ തന്നെയാണ് യഥാർഥ പാതയിലുള്ളത്. നിങ്ങളുടെ പിന്നിൽ അല്ലാഹുവിന്റെ കരങ്ങളുണ്ടെന്ന് എനിക്കുറപ്പുണ്ട്. ഞങ്ങൾ ഇവിടെനിന്ന് മടങ്ങിപ്പോയി ഭരണകൂടത്തിന്റെ ശ്രദ്ധയിലും ഇക്കാര്യം കൊണ്ടുവരുന്നതാണ്. യഥാർഥ ഇസ്ലാമികാധ്യാപനങ്ങളിലേക്ക് ഞങ്ങൾക്കും വഴികാണിക്കാൻ സഹായിക്കുംവിധം എല്ലാ കാര്യങ്ങളിലും ജമാഅത്തിനെ സഹായിക്കാൻ

### ഹദീസുന്നബ്‌വി(സ)

**നബി(സ)തിരുമേനി പറഞ്ഞു: "ആരുടെയെങ്കിലും ദൗർബല്യം കാണുകയും അത് മറച്ചുവെക്കുകയും ചെയ്യുന്നത് ഏതെങ്കിലും പെൺകുട്ടിയെ ജീവനോടെ കുഴിച്ചുമൂടുന്നതിൽനിന്ന് പുറത്തെടുക്കുകയും അവൾക്ക് ജീവിതം നൽകുകയും ചെയ്തതുപോലെയാണ്. (സുനൻ അബീദാവൂദ്)**

**ത്വാലിബെ ദുആ:**
**പരേതയായ ടി.കെ. റാബിയ സാഹിബയുടെ കുടുംബം**
**അഹ്മദിയ്യാ ജമാഅത്ത് കരുളായി(കേരള)**

### ഹദീസുന്നബ്‌വി(സ)

**നബി(സ) പറഞ്ഞു: "നിങ്ങളുടെയടുക്കൽ ഏതെങ്കിലും ജനതയുടെ ആദരണീയവ്യക്തി വന്നാൽ അദ്ദേഹത്തെ ആദരിക്കുക." (സുനൻ ഇബ്നു മാജ)**

**ത്വാലിബെ ദുആ:**
**അംഗങ്ങൾ, അഹ്മദിയ്യാ ജമാഅത്ത് ഐരാപുരം (കേരള)**

ശ്രദ്ധയിൽപ്പെടുത്തുന്നതാണ്. അദ്ദേഹം തുടർന്ന് പറഞ്ഞു: ഞങ്ങളുടെ പ്രദേശത്ത് 90 ശതമാനവും മുസ്‌ലീംകളാണ് താമസിക്കുന്നത്. ഞങ്ങളെല്ലാവരും സഹകരണ മനോഭാവത്തോടുകൂടിയാണ് താമസിച്ചു വരുന്നത്. സമാധാനത്തോടെ ജീവിക്കണമെന്നും അഹ്മദിയ്യാ ജമാഅത്ത് ഞങ്ങളുടെ ജീവിതത്തിന്റെ ഭാഗമാകണമെന്നുമാണ് ഞങ്ങൾ ആഗ്രഹിക്കുന്നത്. അഹ്മദിയ്യാ ജമാഅത്ത് തികച്ചും ഒരു സമാധാനപ്രിയ ജമാഅത്താണ്. നീതിയുടെ സംസ്ഥാപനം കൂടാതെ സമാധാനം ഉണ്ടാകുക സാധ്യമല്ല. ഐക്യം വരാതെ പുരോഗതിയും നേടാൻ കഴിയില്ല. ഞാനിവിടെ കണ്ടത് നിങ്ങളുടെ നിലവാരവും മാതൃകാപരവുമായ പ്രവർത്തനങ്ങളും ലോകത്തെ മറ്റേത് ജമാഅത്തുകളേയും സംവിധാനങ്ങളേയും വെല്ലുന്നതാണ്. സിയറ ലിയോ(Sierra Leone)ണിൽ 10 വർഷം ഞാൻ താമസിച്ചിട്ടുണ്ട്. ഈ വർഷത്തെ ജൽസയിൽ ഞാനും അവിടെ പോയിരുന്നു. വളരെയധികം വ്യക്തികളെ കാണാനും സാധിച്ചു. രാഷ്ട്രപതിയും മന്ത്രിമാരും പാർലമെന്റംഗങ്ങളും ഇതര ഉന്നതോദ്യോഗസ്ഥരും അതിൽ പങ്കെടുത്തിരുന്നു. ശരിയായ പാതയിലുള്ളവർ നിങ്ങൾ തന്നെയാണ്. ഉന്നതനായ ദൈവം നിങ്ങളോടൊപ്പമുണ്ടെന്ന് എനിക്കുറപ്പുണ്ട്. അപ്പോൾ ഹുദൂർ ഇങ്ങനെ പ്രതിവചിച്ചു: ഇസ്‌ലാമിന്റെ അധ്യാപനം അനുസരിച്ച് മാത്രമാണ് ഞങ്ങൾ പ്രവർത്തിക്കുന്നത്. ഇസ്‌ലാമിന്റെ ഈ അധ്യാപനമനുസരിച്ച് മുസ്‌ലീംകൾ എല്ലായിടങ്ങളിലും പ്രവർത്തിച്ചിരുന്നെങ്കിൽ കുഴപ്പങ്ങൾ പൂർണമായും അവസാനിക്കുമായിരുന്നു. ഇൻശാ അല്ലാഹ് ഞങ്ങളുടെ പ്രവർത്തനം തുടർന്നു കൊണ്ടേയിരിക്കും. ഇസ്‌ലാമിന്റെ സമാധാന നിർഭരമായ അധ്യാപനം സമർപിച്ചുകൊണ്ട് മനുഷ്യത്വപരമായ മൂല്യങ്ങൾ ലോകരെ പഠിപ്പിക്കുകയാണ് വേണ്ടത്. കാരണം മനുഷ്യത്വപരമായ മൂല്യങ്ങൾ മുഖേനയാണ് തുടർന്ന് ലോകത്ത് സമാധാനം സ്ഥാപിക്കാൻ കഴിയുക. ഹുദൂർ തുടർന്നു: ജനങ്ങൾ യഥാർഥ ഇസ്‌ലാമികാധ്യാപനങ്ങൾ അനുസരിച്ച് പ്രവർത്തിച്ചിരുന്നെങ്കിൽ പാശ്ചാത്യ ജനതകൾ ഒരിക്കലും ഇസ്‌ലാമികാധ്യപനങ്ങളുടെമേൽ വിമർശനം നടത്തുമായിരുന്നില്ല. മുസ്‌ലീംകളെ വിമർശനത്തിന് കുറിമാനമാക്കുകയും ചെയ്യുമായിരുന്നില്ല. അതുകൊണ്ട് നാമെല്ലാം ഒന്നു ചേർന്നുകൊണ്ട് മാനുഷിക മൂല്യങ്ങളെ നിലനിറുത്തേണ്ടതാണ്.

● ഗിനികൊണാക്രി റിലീജ്യസ് അഫയേഴ് സ് ഡയറക്ടർ ജനറൽ നൂറുദ്ദീൻ ഫാദീഗാ സാഹിബ് തന്റെ പ്രതികരണങ്ങൾ ഇങ്ങനെ വെളിപ്പെടുത്തി: റിലീജ്യസ് അഫയേഴ്സ് ഡയറക്ടർ ജനറൽ എന്ന നിലയിൽ ധാരാളം മതപരമായ പരിപാടികളിൽ എനിക്ക് അവസരം കിട്ടിയിട്ടുണ്ട്. എന്നാൽ, ഇത്രയും ഉത്തമമായ സംവിധാനങ്ങളും അച്ചടക്കവും മറ്റെവിടേയും കാണാൻ സാധിച്ചിട്ടില്ല. അഹ്മദിയ്യാ ജമാഅത്തിന്റെ ഇമാമിന്റെ പ്രഭാഷണങ്ങൾ പ്രത്യേകിച്ചും സമാപന പ്രഭാഷണം അസാധാരാണ പ്രാധാന്യം അർഹിക്കുന്നതായിരുന്നു. ഇതു മുസ്‌ലിം സമൂഹം ആബാല വൃന്ദം കേൾക്കേണ്ടതാണ്. ഈ ഉപദേശങ്ങൾ നമുക്ക് യഥാർഥ ഇസ്‌ലാമിന്റെ വഴി കാണിച്ചു തരാൻ ഉതകുന്നവയാണ്. ജിഹാദിനെ സംബന്ധിച്ച് ഖലീഫത്തുൽ മസീഹ് നല്കിയ സുന്ദരമായ വ്യാഖ്യാനം ഇതിനു മുമ്പേയൊരിക്കലും ഞാൻ കേട്ടിട്ടില്ല. ഇസ്‌ലാമിന്റെ യഥാർഥ നിറത്തിലുള്ള ഒരു ജമാഅത്ത് ഇന്നു നിലനിൽക്കുന്നുവെന്നതിൽ എനിക്കു വളരെ സന്തോഷമുണ്ട്.

●നാഷണൽ ഡയറക്ടർ ഓഫ് പോലീസിനെ സംബോധന ചെയ്തുകൊണ്ട് ഹുദൂർ പറഞ്ഞു: നിങ്ങൾ കണ്ടതാണ്. ഇവിടെ ഞങ്ങളുടെ പരിപാടിയിൽ പോലീസിന്റെ ആവശ്യംതന്നെ വരുന്നില്ല. ഇവിടത്തെ മുൻ പോലീസ് ഓഫീസർ, ജൽസയിൽ വന്നപ്പോഴും ഇക്കാര്യം സൂചിപ്പിക്കുകയുണ്ടായി. ജമാഅത്തിലെ സേവകർ പോലീസിന്റെ സേവനം ആവശ്യം വരാത്ത വിധമാണ് ജൽസ സംഘടിപ്പിച്ചിരിക്കുന്നതെന്ന് അദ്ദേഹം പറയുകയുണ്ടായി. ഇപ്പോൾ ചാർജെടുത്ത പുതിയ ഓഫീസറും ഇതു തന്നെയാണ് പറഞ്ഞത്. ഹുദൂർ തുടർന്നു പറഞ്ഞു:കാലാവസ്ഥ അനുകൂലമല്ലാതിരുന്നിട്ടും എല്ലാ പരിപാടികളും ഭംഗിയായി നടന്നു. ജൽസയുടെ എല്ലാ സംവിധാനങ്ങളും ശരിയായ നിലയിൽ തന്നെയായിരുന്നു.

● ഹസൻ കുട്യാ സാഹിബ് തന്റെ അനുഭവങ്ങൾ ഇങ്ങനെ വിവരിച്ചു: പോലീസുവിഭാഗവുമായിട്ടാണ് എന്റെ ബന്ധം. അതിനാൽത്തന്നെ സെക്യൂരിറ്റിയെ സംബന്ധിച്ച് ഞാൻ പ്രത്യേകമായി വിലയിരുത്തി. സെക്യൂരിറ്റിയുടെ ശക്തമായ സംവിധാനമായിരുന്നു. ഇതിൽ ഒരു പഴുതും കണ്ടെത്താൻ എനിക്ക് സാധിച്ചില്ല. ഹുദൂറിന്റെ പ്രഭാഷണങ്ങൾ അസാധാരണമായിരുന്നു. ഇതു മുഖേന കേവലം ഈമാനിക വർധന മാത്രമല്ല ഉണ്ടായത്, മറിച്ച് ഖലീഫയുടെ പ്രഭാഷണങ്ങൾ ശ്രവിച്ചതിനുശേഷം ഒരു മുസ്‌ലിം ആയിരിക്കുന്നതിൽ എനിക്ക് അഭിമാനം തോന്നി. ഹുദൂർ അൻവർ പറഞ്ഞിട്ടുള്ള കാര്യങ്ങളിലൂടെ സഞ്ചരിച്ചുകൊണ്ട് ലോകത്ത് സമാധാനം സ്ഥാപിക്കാൻ നമുക്ക് സാധിക്കുന്നതാണ്. ഞങ്ങൾ ഇവിടെ നിന്ന് ധാരാളം കാര്യങ്ങൾ പഠിച്ചു. ഹൃദയാത്മനാ ഞങ്ങൾ നിങ്ങളോടൊപ്പമാണ്.

ഗിനികൊണാക്രി സംഘത്തിന്റെ ഹുദൂറുമായുള്ള ഈ അഭിമുഖം 12.40 വരെ നീണ്ടു നിന്നു. ഹുദൂറുമൊത്ത് ഫോട്ടോ എടുക്കാനും അവർക്ക് സൗഭാഗ്യം ലഭിച്ചു.

**ബഹുരാഷ്ട്ര ഇലക്ട്രോണിക്, പ്രിന്റ് മീഡിയ പ്രതിനിധികളുമായി പ്രസ് കോൺഫറൻസ്:**

ലണ്ടനിലെ മഹ്മൂദ് ഹാളിൽ നടന്ന പ്രസ് കോൺഫ്രൻസിൽ ബഹു രാഷ്ട്ര ഇലക്ട്രോണിക്, പ്രിന്റ് മീഡിയ പ്രതിനിധികൾ പങ്കെടുത്തു.

● മെക്സിക്കോ നാഷണൽ പത്രമായ Excelsior ന്റെ പ്രതിനിധി Flordel Rosario എന്ന ജേർണലിസ്റ്റ് ചോദിച്ചു:

മെക്സിക്കോയുടെ വടക്കൻ അതിർത്തി രാജ്യമാണ് യു.എസ്.എ. ഇത് മെക്സിക്കോയുടെ സാമ്പത്തിക ജീവിതത്തിന് നല്ലതാണ്. എന്നാൽ, ഇതോടൊപ്പം തന്നെ വളരെയധികം ദോഷങ്ങളുമുണ്ട്. ജനങ്ങൾ വന്നും പോയും കൊണ്ടിരിക്കുന്നു. മയക്കുമരുന്ന് കടത്തും ആയുധകച്ചവടവും നടന്നു കൊണ്ടിരിക്കുന്നു. ഇപ്പോൾ ഡൊണാൾഡ് ട്രംപിന്റെ ഭരണകൂടം വന്നിരിക്കുന്നു. ഈ പ്രശ്നത്തെ താങ്കൾ എങ്ങനെ കാണുന്നു?

**ഹുദൂർ പറഞ്ഞു:** ഇപ്പോൾ ട്രംപിന്റെ ഭരണകൂടം വന്നതിനുശേഷം ഉണ്ടായിരിക്കുന്ന തീരുമാനം ഈ ബോർഡറിൽ പൂർണമായും വേലി കെട്ടാനാണ്. വിപരീതവും അനുകൂലവുമായ വശങ്ങളിതിലുണ്ട്.നിങ്ങൾ പറഞ്ഞതു പോലെ ഇതുവഴി കച്ചവടപ്രക്രിയ നടന്നു കൊണ്ടിരിക്കുന്നു. കൂടെ സ്മഗ്ളിംഗും മറ്റും നടക്കുന്നുണ്ട്. എന്റെ അഭിപ്രായത്തിൽ അതിർത്തിയിൽ വേലികെട്ടുന്നതിനു പകരം സമ്പൂർണ്ണ നിരീക്ഷണം ശക്തിപ്പെടുത്തുക എന്നതാണ്. എല്ലാ പ്രവൃത്തിയും വ്യവസ്ഥാപിതമാക്കുക. ആർക്കെങ്കിലും അതിർത്തി കടക്കണമെങ്കിൽ നിയമപരമായ മാർഗേണ ചെയ്യുക. കച്ചവടവും നിയമം പാലിച്ചു കൊണ്ടു ചെയ്യുക. ഇപ്രകാരം ഇരു രാഷ്ട്രങ്ങൾക്കും ഇത് പരസ്പരം ഉപകാരപ്രദമായി മാറുന്നതാണ്.

●ഗയാന(Guyana) എം.ടീ.വി ചാനൽ 14 ന്റെ ഒരു ജേർണലിസ്റ്റ് ബീ.ബി.ശഹ്നാസ് ഖാൻ സാഹിബ ചോദിച്ചു:

അങ്ങയുടെ അഭിപ്രായത്തിൽ മുസ്‌ലിം സമുദായത്തിന്റെ ഐക്യത്തിനുള്ള പരിഹാരം എനിക്ക് പറഞ്ഞുതരാമോ?

**ഹുദൂർ പറഞ്ഞു:** പരിഹാരം നമുക്ക് ശ്രേഷ്ഠനായ ഏക ദൈവത്തിൽ നിന്ന് ലഭിച്ചു കഴിഞ്ഞിട്ടുണ്ട്. ഈ പ്രശ്നത്തിന്റെ പരിഹാരത്തെ കുറിച്ച് തിരുനബി(സ) വെളിപ്പെടുത്തിയിട്ടുമുണ്ട്. അവസാന കാലത്ത് മുസ്‌ലീംകൾ വിവിധ വിഭാഗങ്ങളായി പിരിയുകയും ഓരോ വിഭാഗവും താന്താങ്ങളുടെ രീതി അവലംബിക്കുകയും ചെയ്യും. അവർ അവർക്കൊത്ത് വിശുദ്ധ ഖുർആന് വ്യാഖ്യാനം നൽകും. ആ അവസരത്തിൽ വാഗ്ദത്ത മസീഹും മഹ്ദിയുമായ ഒരു പരിഷ്കർത്താവ് ആഗതരാകും. തിരുനബി (സ) പറഞ്ഞു, ആ പരിഷ്കർത്താവ് വരുമ്പോൾ എന്റെ സലാം അദ്ദേഹത്തിന് എത്തിക്കുക. ഇതിന്റെ അർഥം മുസ്‌ലിം സമുദായത്തിന്റെ ബാഹ്യമായ സമാധാനവും ഐക്യവും സ്നേഹവും അദ്ദേഹവുമായി ചേരുമ്പോഴാണ് ഉണ്ടാകുന്നതെന്ന് വരുന്നു. പ്രസ്തുതവ്യക്തി വന്നിരിക്കുന്നു എന്ന കാര്യത്തിൽ ഞങ്ങൾക്ക് ദൃഢവിശ്വാസമുണ്ട്.

ഹുസൂർ തുടർന്നു പറഞ്ഞു: മസീഹും മഹ്ദിയുമായി ആരെങ്കിലും വാദിക്കലോ അതിനെ അംഗീകരിക്കലോ അല്ല കാര്യം. തിരുനബി (സ) മുൻകൂട്ടി പറഞ്ഞതുപോലെ ദിവ്യാടയാളങ്ങളുമുണ്ട്. പ്രസ്തുത അടയാളങ്ങളിൽ ഒരടയാളം സൂര്യ ചന്ദ്ര ഗ്രഹണത്തെപ്പറ്റിയുള്ളതാണ്. ചില പ്രത്യേക ദിനങ്ങളിൽ സൂര്യനും ചന്ദ്രനും ഗ്രഹണം സംഭവിക്കും. റമളാൻ മാസത്തിൽ ചന്ദ്രന് ഗ്രഹണം ബാധിക്കുന്ന നാളുകളിൽ ആദ്യ ദിനത്തിൽ ചന്ദ്ര ഗ്രഹണം ഉണ്ടാകും. സൂര്യഗ്രഹണം ബാധിക്കുന്ന നിശ്ചിതദിനങ്ങളിൽ രണ്ടാമത്തെ ദിവസം സൂര്യനും ഗ്രഹണം ബാധിക്കും. ഈ രണ്ട് അടയാളങ്ങളും ഭൂമിയുടെ കിഴക്കൻ അർധഗോളത്തിൽ ആദ്യം സംഭവിക്കുകയും പിന്നീട് പടിഞ്ഞാറൻ അർധഗോളത്തിൽ വീണ്ടും ആവർത്തിക്കുകയുമുണ്ടായി. ഇതൊരു അടയാളമാണ്. മറ്റനേകം അടയാളങ്ങളുണ്ട്. അദ്ദേഹം സ്വയവും താൻ വാഗ്ദാനം ചെയ്യപ്പെട്ട വ്യക്തിയാണെന്ന് വാദിച്ചു. ഇപ്പോൾ തന്റെ സത്യതയ്ക്ക് ദൈവവും അടയാളം വെളിപ്പെടുത്തിയിരിക്കുന്നുവെന്നും അദ്ദേഹം പ്രഖ്യാപിക്കുകയുണ്ടായി. അതിനാൽ മുസ്‌ലിം സമുദായം തന്നോടൊപ്പം ചേരുവാനും ഐക്യപ്പെടുവാനും അദ്ദേഹം ആഹ്വാനം ചെയ്തു.

**ഹുദൂർ പറഞ്ഞു:** ഞങ്ങൾ ഒരു പ്രചാരണ ജമാഅത്താണ്. ഹദ്റത്ത് വാഗ്ദത്ത മസീഹിന്റെ ദേഹവിയോഗത്തിനു ശേഷവും തുടർച്ചയായി ഈ സന്ദേശം പ്രചരിപ്പിച്ചു കൊണ്ടേയിരിക്കുന്നു. ഓരോ വർഷവും മുസ്‌ലീംകൾ ഉൾപ്പെടെയുള്ള ലക്ഷക്കണക്കിന് ആളുകളും ഇസ്‌ലാം-അഹ്മദിയ്യത്തിൽ പ്രവേശിച്ചു കൊണ്ടിരിക്കുന്നു. ഇതാണ് അല്ലാഹു നൽകിയ പരിഹാരം. ഇതനുസരിച്ചു പ്രവേശിച്ചാൽ വിജയശ്രീലാളിതരാകാം. ഇപ്രകാരം ചെയ്യാൻ തയ്യാറല്ലെങ്കിൽ നിങ്ങൾ മുസ്‌ലിം സമുദായത്തിൽ കാണുന്ന കുഴപ്പങ്ങൾ ഇനിയും കണ്ടു കൊണ്ടേയിരിക്കും.

● ഗാംബിയ(Gambia)റേഡിയോ ആന്റ് ടെലിവിഷൻ പ്രതിനിധി ഇബ്റാഹീം ജാട്ടാചോദിച്ചു: ഞങ്ങൾ ഇസ്‌ലാമിക ഐക്യത്തിന്റെ ഒരു അതിമഹത്തായ മാതൃക ജൽസ സാലാനയുടെ മൂന്ന് ദിവസങ്ങളിൽ ദർശിച്ചു. ഖലീഫത്തുൽ മസീഹിനോടുള്ള എന്റെ ചോദ്യമിതാണ്: ബയ്അത്ത് ചെയ്യുന്നവരുടെ സുപ്രധാന ഉത്തരവാദിത്വം എന്താണ്.?

EDITOR
H.Shamsuddin

Sub Editor : Mohammad Ismaeel
Mobile : 91 9446656123
e-mail : badarkerla@gmail.com

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി ഖാദിയാൻ The Weekly **BADAR** Qadian

Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP- 44/2017-2019 Vol-3 Thursday 17 May 2018 Issue-20

MANAGER
NAWAB AHMAD
Tel : 91 1872224757
Mobile: 91 9417020616
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION** : Rs. 500/- (Per Issue : Rs. 9/-) (**WEIGHT** - 20-50 gms/issue)

**ഹുദൂർ അൻവർ പറഞ്ഞു:** ഖിലാഫത്തിന്റെ കൈയിൽ അനുസരണ പ്രതിജ്ഞ ചെയ്യൽ യഥാർഥത്തിൽ ഇക്കാലഘട്ടത്തിലെ പരിഷ്കർത്താവിന്റെ കൈയിൽ അനുസരണ പ്രതിജ്ഞ ചെയ്യലാണ്. ഞാൻ സൂചിപ്പിച്ചതുപോലെ തിരുനബി(സ)യുടെ സുവാർത്ത അനുസരിച്ചാണ് അല്ലാഹു അദ്ദേഹത്തെ അയച്ചിട്ടുള്ളത്. രണ്ട് ലക്ഷ്യങ്ങളുമായാണ് താൻ നിയോഗിക്കപ്പെട്ടിരിക്കുന്നതെന്നാണ് അഹ്മദിയ്യാ ജമാഅത്തിന്റെ സ്ഥാപകർ പ്രസ്താവിച്ചിട്ടുള്ളത്. ഒന്ന്, മനുഷ്യകുലം അവരുടെ സ്രഷ്ടാവിനെ തിരിച്ചറിയുകയും അവ നെ സ്നേഹിക്കുകയും അവനോടുള്ള കടമകൾ നിർവ്വഹിക്കുകയും ചെയ്യുക. രണ്ടാമത്തേത്, പരസ്പരമുള്ള കടമകളെ കുറിച്ച് ബോധവാന്മാരാകുക. ചുരുക്കത്തിൽ ദൈവത്തിനോടും അവന്റെ സൃഷ്ടികളോടുമുള്ള കടമകൾ നിർവ്വഹിക്കുക എന്നതാണ് ഓരോ ബയ്അത്ത് ചെയ്ത വ്യക്തിയുടേയും ഉത്തരവാദങ്ങൾ.

● പരാഗ്വേ (Paraguay)രാജ്യത്തുനിന്നും വന്ന പത്രപ്രവർത്തക ചോദിച്ചു: ലാറ്റിനിലും സൗത്ത് അമേരിക്കയിലുമുള്ള അഹ്മദിയ്യാ ജമാഅത്തിന്റെ പദ്ധതികൾ എന്തൊക്കെയാണ്? അങ്ങ് ഞങ്ങളുടെയടുക്കൽ വരുന്നതെപ്പോഴാണ്.?

ഹുദൂർ പറഞ്ഞു: പദ്ധതികളും ലക്ഷ്യങ്ങളും ഞാൻ വിശദീകരിച്ചതുപോലെ മനുഷ്യനെ ദൈവവുമായി അടുപ്പിക്കുകയെന്നതാണ്. രണ്ടാമത്തെ കാര്യം മനുഷ്യരെ പരസ്പരം അടുപ്പിക്കുക. ഇതേ ലക്ഷ്യമാണ് ലാറ്റിൻ അമേരിക്കയായാലും വടക്ക് തെക്ക് അമേരിക്കയായാലും കിഴക്കൻ പ്രദേശങ്ങൾക്കായാലും ആഫ്രിക്ക, യൂറോപ്പ്, മധ്യേഷ്യൻ പ്രദേശങ്ങൾക്കായാലും ഏഷ്യക്കായാലുമുള്ളത്. എല്ലാ പ്രദേശത്തേക്കും ഇതേ പദ്ധതിയാണ്. ചോദ്യത്തിന്റെ രണ്ടാം ഭാഗത്തെ സംബന്ധിച്ചിടത്തോളം എത്രയും പെട്ടെന്ന് താങ്കളുടെ രാഷ്ട്രത്തിലും വരണമെന്നാണ് എന്റെ ആഗ്രഹം.

● ഒരു മസിഡോണിയ(Macedonia)ൻ പത്രപ്രവർത്തകൻ ചോദിച്ചു: ഹുദൂർ, ഞാൻ മസിഡോണിയയിലെ റീജ്യണൽ പത്രത്തിന്റെ പ്രതിനിധിയാണ്.

ഹുസൂർ: താങ്കൾ ഇതിന് മുമ്പേയും വന്നിരുന്നല്ലോ?

പത്ര പ്രതിനിധി: അതെ, ഹുദൂർ, ഇതു രണ്ടാം തവണയാണ് എനിക്ക് ജൽസയിൽ പങ്കെടുക്കാൻ അവസരം കിട്ടുന്നത്.

പത്രപ്രതിനിധി: ലണ്ടനിൽ അടുത്തുനടന്ന തീവ്രവാദ ആക്രമണത്തിനുശേഷം പൊതു ജനങ്ങളുടെ പ്രതികരണമുണ്ടായി. ഇതു സംബന്ധമായി അങ്ങയുടെ അഭിപ്രായം എന്താണ്?

ഹുദൂർ: ഈയടുത്ത ദിനങ്ങളിൽ ജനങ്ങളുടെയിടയിലേക്ക് വാൻ ഇടിച്ചുകയറ്റിയതും കത്തികൊണ്ടുള്ള ആക്രമണവുമാണോ താങ്കൾ സൂചിപ്പിക്കുന്നത്? ഒരു മുസ്‌ലിം ഈ ആക്രമണം നടത്തുന്നുവെന്ന് ആളുകൾ കാണുമ്പോൾ പൊതുജനങ്ങളിൽനിന്നും പ്രതികരണമുണ്ടാകുന്നു. മുസ്‌ലീംകൾക്കെതിരിൽ സംസാരിക്കുകയും മുസ്‌ലീംകളെ ആക്ഷേപത്തിന് പാത്രമാക്കുകയും ചെയ്യുന്ന ഇവർ തങ്ങളുടെ പ്രതികരണം നല്കുന്നതിൽ അനുയോജ്യരുമാണ്. ഈ പ്രവർത്തനങ്ങൾ ചെയ്തുകൊണ്ടിരിക്കുന്ന ആളുകൾ ഇസ്‌ലാമികാധ്യാപനങ്ങളുടെ യഥാർഥ ചിത്രമല്ല അവതരിപ്പിക്കുന്നതെന്ന് ഞാൻ എപ്പോഴും പറയുന്നതു അതുകൊണ്ടാണ്. ഇസ്‌ലാം അതെന്തായാലും പറയുന്നില്ല. ഒന്നാമത്തേത് അത്തരക്കാർ നിരാശരാണ്. രണ്ടാമത്തേത് അവരെ തീവ്രവാദ ഗ്രൂപ്പുകൾ അല്ലെങ്കിൽ തീവ്രവാദി മുല്ലാമാർ ൃമറശരമഹശലെ ചെയ്തിരിക്കുകയാണ്. ഭരണകൂടങ്ങൾ ശക്തമായി അവരെ നിയന്ത്രിക്കേണ്ടതാണ്. നിയമത്തിന്റെ മുമ്പിൽ അവരെ കൊണ്ടുവരേണ്ടതാണ്. നിയമപരമായി അവരോടു പെരുമാറേണ്ടതാണ്. ഇതിനുപുറമെ അഹ്മദികളായ ഞങ്ങൾ അതിനിരയായവരോടും രാജ്യത്തോടും ഐക്യദാർഢ്യം പ്രഖ്യാപിച്ചിട്ടുണ്ട്. ഇതാണ് ഞങ്ങളുടെ പ്രതികരണം.

● ആഫ്രിക്കൻ രാജ്യമായ റുവാണ്ട(Rwanda) യിൽനിന്ന് വന്ന ജേർണലിസ്റ്റ് Kamanzie Hussain സാഹിബ് ചോദിച്ചു: ഞാൻ ഇന്നലെ ജാമിഅ വിസിറ്റു ചെയ്തിരുന്നു. അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് വളരെ പ്രവൃത്തിയാണ് ചെയ്തുകൊണ്ടിരിക്കുന്നത്. ഇവിടെ കുട്ടികളെ മിഷണറിയാക്കിക്കൊണ്ടിരിക്കുന്നു. നിങ്ങൾ ഇങ്ങനെ കുട്ടികളുടെ കഴിവുകളെ പരിമിതപ്പെടുത്തുകയല്ലേ ചെയ്യുന്നത്? ഇവർക്കു മുബല്ലിഗിനുപുറമെ മറ്റു ജോലികളും പഠിക്കാവുന്നതും ജോലികൾ ചെയ്യാവുന്നതുമാണല്ലോ. ഹുദൂർ പറഞ്ഞു: ഇത് മിഷണറി ട്രൈനിംഗ് കോളേജാണ്. എല്ലാവർക്കും ഡോക്ടർ ആകാൻ സാധിക്കുകയില്ല. എഞ്ചിനിയർ ആകാനും സാധിക്കുകയില്ല. എല്ലാവർക്കും അധ്യാപകരാകാനും സാധിക്കുകയില്ല. ഈ കുട്ടികൾ മതപരമായ ജ്ഞാനങ്ങൾ കരസ്ഥമാക്കാൻ തീരുമാനിച്ചവരാണ്. ഇത് അവർക്ക് നിർബന്ധമല്ല. അവർ സ്വയം അറിവ് തിരഞ്ഞെടുത്തു. അത്തരം താൽപര്യമുള്ള കുട്ടികൾക്കുവേണ്ടി ഞങ്ങൾ ജാമിഅ ഉണ്ടാക്കി. സെക്യൂലറും ഭൗതികവുമായ വിദ്യാഭ്യാസത്തെ സംബന്ധിച്ചിടത്തോളം അവർ ഈ വിദ്യാഭ്യാസം സർക്കാർ സ്കൂളുകളിൽ കരസ്ഥമാക്കിക്കൊണ്ടിരിക്കുന്നു. കൂടുതൽ പറയുകയാണെങ്കിൽ ഞങ്ങൾ മൂന്നാം ലോക രാഷ്ട്രങ്ങളിൽ നൂറുക്കണക്കിന് പ്രൈമറി–സെക്കന്ററി സ്കൂളുകളും ഹൈസ്കൂളുകളും നടത്തുന്നുണ്ട്. അവിടെ ഭൗതികവിദ്യാഭ്യാസം നല്കിവരുന്നു. ഈ രാഷ്ട്രങ്ങളിലെ ധാരാളം രാഷ്ട്രീയക്കാരും ഡോക്ടർമാരും എഞ്ചിനിയർമാരും ഞങ്ങളുടെ സ്കൂളുകളിൽനിന്ന് പഠിച്ച് പുറത്തുവന്നവരാണ്. ഞങ്ങൾ മതപരമായ വിദ്യാഭ്യാസത്തിൽ മാത്രമല്ല ശ്രദ്ധ കേന്ദ്രീകരിച്ചിട്ടുള്ളത്. എല്ലാവിധ അറിവുകളും നൽകാനാണ് ആഗ്രഹിക്കുന്നത്. എല്ലാ ഓരോരുത്തരും അവരുടെ കഴിവും ഇഷ്ടവും അനുസരിച്ച് വിദ്യ കരസ്ഥമാക്കുമെന്ന് നമുക്ക് ദൃഢബോധമുണ്ട്. ഇത് തന്നെയല്ലേ താങ്കൾ ചോദിക്കാൻ ആഗ്രഹിച്ചത്?

ജേർണലിസ്റ്റ്: മതപരമായ വിദ്യാഭ്യാസം നേടുന്ന ഇവരെ ഭൗതിക വിദ്യാഭ്യാസം നേടാൻ എന്തുകൊണ്ട് അനുവദിക്കുന്നില്ല.?

ഹുദൂർ: ഞങ്ങൾ അവർക്ക് അവസരം നൽകുന്നുണ്ട്. അഹ്മദിയ്യാ ജമാഅത്തിന്റെ നാലാം ഖലീഫ ഒരു സ്കീം കൊണ്ടു വന്നിരുന്നു. മാതാപിതാക്കൾ അവരുടെ മക്കളെ ദീനിനുവേണ്ടി സമർപ്പിക്കുക. ഇതു വരെ അറുപതിനായിരം കുട്ടികളെ മാതാപിതാക്കൾ ദീനിനു വേണ്ടി സമർപിച്ചിട്ടുണ്ട്. അവരിൽ നിന്ന് 150 കുട്ടികൾ ഇവിടെ യു.കെ ജാമിഅയിൽ ദീനീ വിദ്യാഭ്യാസം നേടി വരുന്നു. ഇതേ എണ്ണം കുട്ടികൾ ജർമനി, കനഡ, ഘാന, തുടങ്ങിയ ഞങ്ങൾ നടത്തുന്ന അന്തർദേശീയ ജാമിഅകളിൽ വിദ്യ നേടി വരുന്നു. ഏതാനും ചില കുട്ടികൾ മാത്രമാണ് ദീനീ വിദ്യാഭ്യാസം നേടി വരുന്നത്. ഇതും അവർക്ക് നിർബന്ധമല്ല. അവർക്ക് മുമ്പിൽ മൈതാനം വിശാലമാണ്. ഞാൻ പറഞ്ഞതുപോലെ അവർ സ്വയം ഈ രംഗം തിരഞ്ഞെടുത്തതാണ്. മതപ്രചാരകരാകാനുള്ള ആഗ്രഹം അവർക്കുണ്ട്. ഡോക്ടർ ആകാൻ ആഗ്രഹിക്കുന്നവർ മെഡിസിൻ പഠിക്കുന്നു. എഞ്ചിനിയറാകാൻ ആഗ്രഹിക്കുന്നവർ എഞ്ചിനിയറിംഗ് ഡിഗ്രി എടുക്കുന്നു. ടീച്ചേഴ്സ്, വക്കീൽ തുടങ്ങി വേറേയും രംഗങ്ങളുണ്ട്. ഞങ്ങൾ അവരെ നിർബന്ധിക്കുന്നു എന്ന ചിന്താഗതി ശരിയല്ല. ഇതു അവരുടെ സ്വന്തം തിരെഞ്ഞെടുപ്പാണ്. താങ്കൾ ജേർണലിസത്തിന്റെ രംഗം തിരെഞ്ഞെടുത്തിരിക്കുന്നു. ആരെങ്കിലും നിർബന്ധിച്ചിട്ടാണോ? താങ്കൾ എന്തുകൊണ്ട് ഡോക്ടറായില്ല. അപ്പോൾ എല്ലാവർക്കും അവരവരുടെ ഇഷ്ടമാണ്. തനിക്കുവേണ്ടി ഏതു ഉത്തമമെന്ന് മനസ്സിലാക്കുന്നോ അതാണ് തിരെഞ്ഞെടുക്കുന്നത്.

●ബൊളീവിയാ(Bolivia)യിൽനിന്നുവന്ന ജേർണലിസ്റ്റ് Carios ചോദിച്ചു: ബൊളീവിയായിൽ വളരെ ശക്തമായ ക്രിസ്തീയ കുടുംബങ്ങളുണ്ട്. എന്നാലിന്ന് അവർ ക്രിസ്തുമത പ്രകാരം പ്രവർത്തിക്കുന്നില്ല. അത്തരം ക്രൈസ്തവർക്ക് താങ്കൾ നൽകുന്ന സന്ദേശം എന്താണ്. അവർ അവിടെത്തെ ഇമാമിന്റെ അടുക്കൽ വരികയാണെങ്കിൽ ഞാൻ expect ചെയ്യണോ?

ഹുദൂർ: ഇതേപോലെ എത്രയോ മുസ്‌ലീംകൾ അവരുടെ മതമനുസരിച്ച് പ്രവർത്തിക്കാത്തവരായുണ്ട്. അവർ അധ്യാപനം അനുസരിച്ച് പ്രവർത്തിക്കാത്ത മുസ്‌ലീംകളാണ്. ഇതേപോലെയാണ് ഇതര മതങ്ങളുടേയും അവസ്ഥ. അതുകൊണ്ട് ഞാൻ എപ്പോഴും പറയുന്നത് മതമേതോ ആകട്ടെ മതത്തിന്റെ അടിസ്ഥാന മൂല്യങ്ങളനുസരിച്ചു പ്രവർത്തിക്കേണ്ടതാണ്. കാരണം, മറ്റുള്ളവരുടെ അവകാശങ്ങൾ പിടിച്ചെടുക്കാനോ അതിക്രമം ചെയ്യാനോ പഠിപ്പിക്കുന്ന ഒരു മതവുമില്ല. നിങ്ങൾ സ്വന്തം മതപ്രകാരം ജീവിച്ചാൽത്തന്നെ സാഹോദര്യബോധവും സമാധാനവും നിറഞ്ഞ അന്തരീക്ഷം ലോകത്ത് സ്ഥാപിതമാകുന്നതാണ്. അത്തരം വ്യക്തികളോട് എനിക്കുള്ള സന്ദേശം ഇതാണ്. സ്വന്തം മതത്തിന്റെ അടിസ്ഥാന അധ്യാപനത്തിലേക്ക് മടങ്ങുക. മാനുഷിക മൂല്യങ്ങൾക്ക് കൂടുതൽ പരിഗണന കൊടുക്കുക. ഇതു തന്നെയാണ് സന്ദേശം.

**നൂറുൽ ഇസ്‌ലാംവകുപ്പിന്റെ പ്രവർത്തന സമയം:**

രാവിലെ 9 മണിമുതൽ രാത്രി 11 മണിവരെ.
വെള്ളിയാഴ്ച ദിവസം അവധിയായിരിക്കും.

**1800 3010 2131**

ഈ ടോൾഫ്രീ നമ്പറിൽ വിളിച്ച് താങ്കൾക്ക് അഹ്മദിയ്യ ജമാഅത്തിനെ ക്കുറിച്ച് കാര്യങ്ങൾ മനസ്സിലാക്കാവുന്നതാണ്.

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press.
Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin